
# NEW VISION

FOR A CHANGING WORLD

VOLUME 23 ISSUE 7 APRIL 2022 ANNUAL SUBSCRIPTION RS.250 PER COPY RS. 20



## മുഖ്യമന്ത്രിക്ക് ഒരു തുറന്ന കത്ത്

ഡോ. വി.എസ്.വിജയൻ

# NEW VISION FOR A CHANGING WORLD

'New Vision for a Changing World' is an ecumenical magazine owned by Navadarshan Trust, a public charitable trust registered in 1999. The periodical initially started in 1992 as a bimonthly entitled 'New Vision' with Prof. Dr.Mathew Koshy Punnackad as the editor and Rev.Prof.K.C.Mathew as the publisher. We got the title, New Vision for a Changing World, during the registration, and it came under Navadarshan Trust. It serves as a forum for the exchange of views and source inspiration for enlightened action. 2006, Navadarshan Trust reconstituted the editorial board with Most Rev.Dr.Philipose Mar Chrysostom Valiya Metropolitan as the Patron, Rt.Rev. Sam Mathew as the Chairman, Prof.Dr.Cyriac Thomas as the Hon. Chief Editor and Dr. Mathew Koshy Punnackadu as the Publisher. With the demise of Bishop of Rev.Sam Mathew, Rt.Rev.Dr.Thomas Mar Theethose became the Chairman.



"എല്ലാവരും അംഗീകരിക്കുന്ന ഒരു കാര്യമാണ് നിങ്ങൾ പറയുന്നതെങ്കിൽ നിങ്ങൾ ഒന്നും പറഞ്ഞിട്ടില്ല.
സൂര്യൻ കിഴക്കാണ് ഉദിക്കുന്നത്. തിങ്കളാഴ്ച കഴിഞ്ഞാൽ ചൊവ്വാഴ്ചയാണ്.
ഇത് നമ്മൾ പറയേണ്ട കാര്യമില്ല. എല്ലാവർക്കും അറിയാവുന്നതാണ്". – ക്രിസോസ്റ്റം തിരുമേനി

CHAIRMAN
Rt.Rev.Dr.Thomas Mar Theethos

CHIEF EDITOR
Prof. Dr.Cyriac Thomas

EXECUTIVE EDITOR
Prof.Dr. Jose Parakadavil 9447364487

EDITOR AND PUBLISHER
Prof. Dr.Mathew Koshy Punnackad
9847275754

ASSOCIATE EDITOR
Cherian C. John 8113038111

MANAGING EDITORS
George Mathew C.
Koshy George (USA)

MANAGERS
Prof.Dr. Sabu George 9447895931
Koshy V.George 9446115002

BOARD MEMBERS
Prof. Dr. John George, Athyal
T. Mathew (USA)
Rev.Abraham P. Varkey
Adv.Anzil Komattu
Dr.Libus Jacob Abraham

Subscription Details
One year Rs.250, Two years Rs.400
Three years Rs.600, Life 2000

ADDRESS
Manager, New Vision office,
Punnakkadu, 689652,Kozhencherry
ബാങ്ക് മുഖേന: ഫെഡറൽ ബാങ്ക് കോഴഞ്ചേരി ശാഖ
a/c No.:10260200008413 IFSC: FDRL0001026.

പരസ്യ നിരക്കുകൾ

Cover Back page Colour : 10000.00
Cover Inside Colour : 7000.00
Half page Colour : 3000.00
Full page : 5000.00
Half : 1500.00
Quarter : 500.00
Advertisement of Subscribers discounts will be given

പുസ്തകം 23 ലക്കം 7 ഏപ്രിൽ 2022

2022

## അകത്തളത്തിൽ

3 എഡിറ്റോറിയൽ
യുദ്ധം വന്ന വഴിയും സഭകളുടെ നിശബ്ദതയും

4 കിളിവാതിൽ
ആത്മീയതയല്ലാതെ മറ്റൊരു മരുന്നില്ല — ഡോ. ജോസ് പാറക്കടവിൽ

5 ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിക്ക്
ഒരു തുറന്ന കത്ത് — ഡോ. വി. എസ്. വിജയൻ

10 കുട്ടികളുടെ അഭിരുചികൾ — റ്റി. ജോർജ് ബഹന്നാൻ

12 രണ്ടാമത്തെ മാമോദീസ വേദാനുസൃതമാണോ? — ജസ്റ്റിസ് കെ. റ്റി. തോമസ്

14 ലാവണ്യവിചാരം - 26
ഐക്കണോഗ്രഫിയുടെ അർത്ഥതലങ്ങൾ — ഫാ. ഡോ. കെ. എം. ജോർജ്

17 ഇടവഴികളിലെ ലൈംഗിക ആഘോഷങ്ങളും
തകരുന്ന കുടുംബബന്ധങ്ങളും — ഫാദർ മാത്യു നിലമ്പൂർ

19 ഇടനാട്ടറയിൽ — പ്രൊഫ. പി. സാമുവൽ ഏബ്രഹാം

20 പ്രശ്നങ്ങൾ വന്നുകൊണ്ടേയിരിക്കും

21 The Ukraine tragedy –
A horrendous crime against humanity — Mathew C. Ninan

24 റഷ്യ ഉക്രൈനെ ആക്രമിച്ചതിനു പിന്നിൽ
റഷ്യൻ ഓർത്തഡോക്സ് സഭയുടെ കരങ്ങളും ഉണ്ടോ — ജോർജ്ജുകുട്ടി വി.

കവർ 3
വചനമുദ്രകൾ - 1
ക്രൂശ്: 'ഇടർച്ച'യും തുടർച്ചയും — റവ. ഡോ. മോത്തി വർക്കി

കവർ 4
ഉത്ഥാനം — സഖേർ

ലിപി വിന്യാസം : സുജ ഇവാഞ്ചൽ പ്രസ്
അച്ചടി : ഇവാഞ്ചൽ പ്രസ് തിരുവല്ല 0469 2630223

നിങ്ങളുടെ കത്തുകളും സാഹിത്യസൃഷ്ടികളും അയയ്ക്കേണ്ട വിലാസം
ഡോ. മാത്യു കോശി പുന്നയ്ക്കാട്, എഡിറ്റർ ന്യൂ വിഷൻ, പുന്നയ്ക്കാട് പി ഒ, കോഴഞ്ചേരി 689652, കേരളം
ഫോൺ/ഫാക്സ് : 0468 2214068 മൊബൈൽ : 9847275754
E-mail: newvisionmagazine@gmail.com Website : newvisionmagazine.org

# യുദ്ധം വന്ന വഴിയും സഭകളുടെ നിശബ്ദതയും

യുദ്ധം ലോകത്തിന് സമ്മാനിക്കുന്നത് തീരാദുരിതങ്ങളാണ്. പട്ടിണിയും പകർച്ചവ്യാധികളും മൂലം ലക്ഷക്കണക്കിന് ആളുകൾ മരണമടയുന്നു. നഗരങ്ങൾ ശവപ്പറമ്പുകളായി മാറുന്നു. ഫാക്ടറികളും വ്യവസായ സ്ഥാപനങ്ങളും കത്തിയമരുന്നു. കെട്ടിടങ്ങളും പാലങ്ങളും റോഡുകളുമെല്ലാം വ്യാപകമായി തകർക്കപ്പെടുന്നു. കാർഷികരംഗം തകരുന്നു. പട്ടിണിയും തൊഴിലില്ലായ്മയും രൂക്ഷമാകുന്നു. എല്ലാ രാജ്യങ്ങളിലെയും സമ്പദ്‌വ്യവസ്ഥ തകർന്നു തരിപ്പണമാകുന്നു. പ്രത്യക്ഷമായും പരോക്ഷമായും നാമെല്ലാം അതിന്റെ ഇരകളാണ്. നമ്മുടെ ആയിരക്കണക്കിന് കുട്ടികളാണ് ഉക്രൈയിനിൽ നിന്നു പലയാനം ചെയ്യുന്നത്. അവരുടെ ഭാവി അനിശ്ചിതത്വത്തിലാണ്.

ചരിത്രം പലപ്പോഴും ഓർമപ്പെടുത്തലുകൾ മാത്രമല്ല മുന്നറിയിപ്പുകൾ കൂടിയാണ്.

ഇത്രയും യുദ്ധങ്ങൾ കണ്ടിട്ടും നാം പാഠം പഠിക്കുന്നില്ലെങ്കിൽ...

റഷ്യൻ ഭാഷയും സംസ്കാരവും ആഴത്തിൽ വേരൂന്നിയിട്ടുള്ള ഒരു രാജ്യമാണ് ഉക്രൈൻ. ആ രാജ്യത്തേക്ക് ഒരർത്ഥത്തിൽ പാശ്ചാത്യശക്തികൾ യുദ്ധം ക്ഷണിച്ചു വരുത്തുകയായിരുന്നു എന്ന് വേണം പറയാൻ. നാറ്റോയും അമേരിക്കയും പിന്തുടരുന്ന നയങ്ങളാണ് ഇപ്പോഴത്തെ യുദ്ധത്തിനും അസ്ഥിരതയ്ക്കും അരക്ഷിതാവസ്ഥയ്ക്കും പ്രധാനകാരണം.

സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ ലോകത്ത് ശീതയുദ്ധം അവസാനിച്ചുവെന്നാണ് ലോകം കരുതിയത്. എന്നാൽ അവിടുന്നങ്ങോട്ട് ചോദ്യം ചെയ്യാനാവാത്ത ലോകപോലീസ് തങ്ങൾ ആയിരിക്കും എന്ന് അമേരിക്ക വിശ്വസിച്ചു. സോവിയറ്റ് പ്രതാപം അവസാനിച്ചതോടെ റഷ്യൻ നേതൃത്വത്തിലുള്ള കിഴക്കൻ യൂറോപ്പിലെ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളുടെ വാഴ്സാ സൈനികസഖ്യം പിരിച്ചുവിട്ടു. ആ നിലയിൽ നാറ്റോ സൈനികസഖ്യവും പിരിച്ചു വിടേണ്ടതായിരുന്നു.

റഷ്യൻ അതിർത്തിയിലേക്ക് നാറ്റോ എത്തുകയില്ലെന്ന് അമേരിക്ക അന്ന് ഉറപ്പു നൽകിയതുമാണ്. അന്നത്തെ റഷ്യൻ ഭരണാധികാരി മിഖായേൽ ഗോർബച്ചേവ് ഒരു അമേരിക്കൻ കളിപ്പാവയായിരുന്നു. തുടർന്ന് വന്ന ബോറിസ് എൽസിൻ ആവട്ടെ തികഞ്ഞ മദ്യപാനിയും. ഇതൊക്കെക്കൊണ്ട് തന്നെ അമേരിക്കയ്ക്ക് യാതൊരു ആശങ്കയും ഉണ്ടായിരുന്നില്ല. ഇത്തരം ഒരു സാഹചര്യത്തിൽ നാറ്റോ സഖ്യം തുടരേണ്ട ഒരാവശ്യവും ഉണ്ടായിരുന്നില്ല. എന്നാൽ അത് സംഭവിച്ചില്ലെന്ന് മാത്രമല്ല പഴയ സോവിയറ്റ് സഖ്യരാഷ്ട്രങ്ങളായിരുന്ന പോളണ്ട്, ഹങ്കറി, ചെക്ക് റിപ്പബ്ലിക് തുടങ്ങിയ രാജ്യങ്ങളെ നാറ്റോ സഖ്യത്തിൽ ചേർക്കുകയും ചെയ്തു. അവിടങ്ങളിലെല്ലാം അവർ സൈനിക താവളങ്ങൾ ഒരുക്കി. തുടർന്ന് റഷ്യയോട് ചേർന്നുകിടക്കുന്ന ഉക്രൈനിലേക്കും അവർ നാക്കുനീട്ടി. റഷ്യൻ അനുകൂല സർക്കാരിനെ അട്ടിമറിച്ച് സെലൻസ്കിയെ അധികാരത്തിലെത്തിച്ചു. ബാക്കിയെല്ലാം സമീപകാല സംഭവങ്ങൾ.

തുടർന്ന് പിന്തുണയും സഹായവാഗ്ദാനങ്ങളും നൽകി പ്രസിഡൻറ് സെലൻസ്കിയെ അമിതാവേശം കൊള്ളിക്കുകയായിരുന്നു അമേരിക്കയും യൂറോപ്പും. എന്നാൽ റഷ്യൻ സൈന്യം കടന്നു കയറിയപ്പോൾ അവർ കൈവിട്ടു. ഉക്രൈൻ നാറ്റോയിൽ അംഗമല്ലാത്തതിനാൽ സൈനിക ഇടപെടൽ സാധ്യമല്ലെന്നാണ് ന്യായവാദം. റഷ്യക്കെതിരെ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുന്നതിൽ മാത്രം അവരുടെ പിന്തുണ ഒതുങ്ങി. റഷ്യ ഇന്ന് ഒരു വൻ സൈനികശക്തിയാണ്. അതുപോലെ ഇതിനകം വൻ സാമ്പത്തികശക്തിയായി മാറിക്കഴിഞ്ഞ ചൈന റഷ്യയ്ക്കൊപ്പമുണ്ട്. ഉക്രൈൻ നഗരങ്ങൾ ഒന്നൊന്നായി റഷ്യ തകർത്തുകൊണ്ടിരിക്കുകയാണ്. ദുരന്തങ്ങളും നാശനഷ്ടങ്ങളും പറഞ്ഞറിയിക്കുക വയ്യ. വൻശക്തികളുടെ കിടമത്സരത്തിൽ ഒരു രാജ്യം ചുട്ട് ചാമ്പലാക്കപ്പെടുന്നു.

റഷ്യ അവർക്ക് അനുകൂലമായ ഒരു പാവ സർക്കാരിനെ ഉക്രൈനിൽ പുനഃസ്ഥാപിക്കാനുള്ള നീക്കം ഇപ്പോൾ നടത്തുകയാണത്രെ. ഇതെല്ലാം ഐക്യരാഷ്ട്ര പ്രമാണങ്ങളുടെയും അന്താരാഷ്ട്ര മര്യാദകളുടെയും ലംഘനമാണെന്നാണ് അമേരിക്കൻ വാദം. എന്നാൽ പ്രസിഡന്റ് പുടിന് ഇതിന് വ്യക്തമായ മറുപടിയുണ്ട്. ഇറാക്ക്, സിറിയ, ലിബിയ തുടങ്ങിയ രാജ്യങ്ങൾ എല്ലാം ആക്രമിച്ചു കീഴടക്കുമ്പോഴും സദ്ദാം ഹുസൈനെ തൂക്കിലേറ്റിയപ്പോഴും നിങ്ങൾ പറയുന്ന ഐക്യരാഷ്ട്ര പ്രമാണങ്ങളും അന്താരാഷ്ട്ര മര്യാദകളും എവിടെയായിരുന്നു? വാദങ്ങൾ ഇങ്ങനെ തുടരവേ നാലരകോടി മാത്രം ജനസംഖ്യയുള്ള ഒരു കൊച്ചുരാഷ്ട്രത്തെ ലോകത്തിലെ ഏറ്റവും വലിയ രാഷ്ട്രം നിഷ്കരുണം ആക്രമിച്ചിരിക്കുകയാണ്. രാഷ്ട്രങ്ങൾ കടന്നാക്രമണങ്ങൾ നടത്തുന്നതും തകർക്കുന്നതും പഴയകാല രാജാക്കന്മാരുടെ സാമ്രാജ്യ വിപുലീകരണക്കഥകൾ മാത്രമല്ല. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ഇതൊക്കെ തുടർക്കഥകളാണ്. മുൻ സോവിയറ്റ് യൂണിയനും ഇത്തരം കയ്യേറ്റങ്ങൾ ധാരാളം നടത്തിയിട്ടുണ്ട്.

ഉക്രെയിനിൽ നിന്ന് റഷ്യ പിൻമാറണമെന്ന ഐക്യരാഷ്ട്ര രക്ഷാസമിതി പ്രമേയത്തിൽ ഇന്ത്യ നിഷ്പക്ഷ നിലപാടെടുത്തു. അനുകൂല രാജ്യമായ ചൈനയും അമേരിക്കൻ അനുകൂല രാജ്യമായ യുഎഇയും വോട്ടെടുപ്പിൽനിന്ന് വിട്ടുനിന്നു എന്നത് മറ്റൊരു തമാശ. രാജ്യങ്ങൾക്ക് എപ്പോഴും രാഷ്ട്രീയതാല്പര്യങ്ങൾ ഉണ്ടാവാം. എന്നാൽ യുദ്ധം ആരംഭിക്കുന്നതിനു മുൻപ് റഷ്യൻ ഓർത്തഡോക്സ് സഭയുടെ പാത്രീക്കിസ് റഷ്യയുടെ ഉക്രൈൻ ആക്രമണത്തെ ന്യായീകരിച്ചുകൊണ്ട് പുടിന് പിന്തുണ അറിയിച്ചത് അക്ഷരാർത്ഥത്തിൽ ലോകത്തെ ഞെട്ടിച്ചിരിക്കുകയാണ്. 'സായുധ ക്രിസ്ത്യാനി' എന്നാ

*ശേഷം പേജ് 16-ൽ*

സഭാവേലികൾക്കതീതമായി ക്രൈസ്തവസഭയുടെ കാലിക പ്രസക്തമായ ദൗത്യങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങളും നീതിക്കും മനുഷ്യത്വത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടിയുള്ള പോരാട്ടങ്ങളിൽ വിശ്വാസികൾ സ്വീകരിക്കേണ്ട നിലപാടുകളെക്കുറിച്ചുള്ള വിചിന്തനങ്ങളും തുടർചർച്ചകളും കൂട്ടായ്മകളുടെ രൂപീകരണവുമാണ് സ്വതന്ത്രപ്രസിദ്ധീകരണമായ ന്യൂവിഷൻ മാസികയുടെ ലക്ഷ്യങ്ങൾ. ന്യൂവിഷൻ കുടുംബത്തിലെ അംഗങ്ങളായ വായനക്കാരുടെ നിർലോപമായ സാമ്പത്തിക സഹായങ്ങളാണ് ഈ മാസികയുടെ വരുമാന സ്രോതസ്.

# ആത്മീയതയല്ലാതെ മറ്റൊരു മരുന്നില്ല



മാർച്ച് മാസത്തിന്റെ തുടക്കത്തിൽ മാധ്യമങ്ങളിലെ ചർച്ചാവിഷയം മദ്ധ്യതിരുവിതാംകൂറിലെ സുറിയാനി ക്രിസ്ത്യാനികളുടെ ജീവിതത്തിലെ ഗതിമാറ്റങ്ങളായിരുന്നു. സ്വത്തിന്റെ പേരിൽ ഒരു കുടുംബത്തിലെ അംഗങ്ങൾ തമ്മിലുണ്ടായ തർക്കം എല്ലാവർക്കും തീരാനഷ്ടം മാത്രം വരുത്തിവച്ച വഴിത്തിരിവിലെത്തിയ സംഭവമാണ് ചർച്ചയ്ക്ക് വഴി തുറന്നത്. ഒരു പ്രമുഖ ദിനപത്രം ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ മുഖപ്രസംഗമെഴുതി.

പ്രബുദ്ധകേരളത്തിൽ കൊലപാതകങ്ങൾ വർദ്ധിച്ചു വരുന്നതാണ് ഇപ്പോൾ നമ്മെ അമ്പരപ്പിക്കുന്നത്. 2021–ൽ 237 കൊലപാതകങ്ങൾ. 2022 ജനുവരിയിൽ മാത്രം 29. രാഷ്ട്രീയ വൈരാഗ്യങ്ങളുടെ പേരിൽ നടക്കുന്ന ആസൂത്രിത കൊലപാതകങ്ങൾ രാഷ്ട്രീയക്കാർക്ക് നേട്ടമുണ്ടാക്കിയേക്കാമെങ്കിലും ഒരു പരിഷ്കൃത സമൂഹത്തിന് അഭിമാനകരമാണെന്നു പറയാനാവില്ല. ഓരോ മാസവും ശരാശരി 28 കൊലപാതകങ്ങൾ ഉണ്ടാകുന്ന സംസ്ഥാനം എന്ന വിശേഷണം ഏതായാലും കേരളീയ സമൂഹത്തിന് ലജ്ജാകരമാണ്. കൊലപാതകത്തിലെത്താതെ പോകുന്ന വധശ്രമ കേസുകളുടെ എണ്ണം കൂടി കണക്കാക്കിയാൽ മലയാളികൾ ലജ്ജിച്ചു തല താഴ്ത്തേണ്ട സ്ഥിതിയിലാണ്. വർധിച്ചു വരുന്ന കൊലപാതക കണക്കുകളുടെ പിന്നിലെ പ്രേരണാശക്തി പ്രധാനമായും മദ്യത്തിന്റെയും ലഹരി മരുന്നുകളുടെയും വ്യാപനമാണ്. പക്ഷേ, ഈ കാരണം ചൂണ്ടിക്കാണിക്കുന്നവർ പരിഹാസ്യരാകുന്ന സ്ഥിതിവിശേഷമാണിന്നു കേരളത്തിൽ.

സ്വാർത്ഥതയിൽ കേന്ദ്രീകൃതമായ ജീവിതവീക്ഷണവും സുഖലോലുപതയിലധിഷ്ഠിതമായ ജീവിതശൈലിയും ഒരു സമൂഹം അംഗീകരിച്ചു കഴിഞ്ഞാലുണ്ടാകുന്ന വിപത്തുകൾ ഓരോന്നായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കയാണ്. യഥാർത്ഥ ജീവിതനിലവാരം എന്തെന്നു പഠിപ്പിക്കുവാൻ വിദ്യാഭ്യാസ സമ്പ്രദായത്തിനു സാധിക്കുന്നില്ല. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പണസമ്പാദനമാണെന്നു വിശ്വസിക്കുവാൻ പ്രേരിപ്പിക്കുന്ന ഒരു വിദ്യാഭ്യാസമാണിവിടെയുള്ളത്.

ഒരു കാലത്ത് മലയാളികളെ പ്രബുദ്ധതയിലേക്കു നയിച്ച സാഹിത്യം, നാടകം, സിനിമ എന്നിവയുടെ ഇന്നത്തെ പങ്കെന്താണ്. മികച്ച സന്ദേശമുൾക്കൊള്ളുന്ന പുതുതലമുറ സിനിമകൾ ആശ്വാസം പകരുന്നെങ്കിലും നാടകം അരങ്ങൊഴിയുകയും സാഹിത്യം അവനവന്റെ വഴി തേടുകയും ചെയ്യുന്ന അവസ്ഥയാണ്.

നവോത്ഥാനം സൃഷ്ടിച്ച സഭകൾക്കു മാത്രമേ ഒരു സമഗ്രചികിത്സ നടത്താൻ കഴിയൂ. അങ്ങനെയൊരു ബോധ്യം സഭകൾക്കും ഇല്ലാത്തതാണ് ദുഃഖകരം. സഭകൾ അപ്രധാനമായ വിഷയങ്ങളെ പ്രധാനമായി കരുതുന്ന ഗുരുതരാവസ്ഥയാണിപ്പോൾ. ഓർത്തഡോക്സ്–യാക്കോബായ സഭാതർക്കം മലയാളികൾക്ക് സുപരിചിതമാണല്ലോ. അതിനൊരറുതി വരുത്തുവാൻ നീതിപീഠങ്ങൾ പരമാവധി ശ്രമിച്ചിട്ടും ഇരുവിഭാഗത്തെയും ചരടുവലിക്കുന്നവർ പുതിയ തർക്ക വിഷയങ്ങൾ കണ്ടെത്താൻ ഗവേഷണം നടത്തുകയാണ്. മീൻകാരന്റെ മകൾ പൂക്കാരന്റെ വീട്ടിൽ വിവാഹിതയായെത്തിയപ്പോൾ മീനിന്റെ മണമില്ലാതെ ഇവിടെ എനിക്കു ജീവിക്കാനാവില്ല എന്നു പറഞ്ഞതുപോലെ കേസും വഴക്കുമില്ലാതെ എന്തു സഭ? എന്നാണ് ഇരുവിഭാഗത്തുമുള്ള ചിലരുടെ ചിന്തകൾ.

കത്തോലിക്കാ സഭയിൽ പണ്ടെങ്ങുമില്ലാത്ത തരത്തിൽ പലതരം തർക്കങ്ങൾ സജീവമാണ്. ഇപ്പോൾ ആരാധനാരീതിയുടെ പേരിലാണ് സമരം. ഏതു തർക്കത്തെയും പെരുവഴിയിലിറക്കി പൊതുജനശ്രദ്ധയാകർഷിക്കാൻ ശ്രമിക്കുന്നവർ അവിടെയുമുണ്ട്.

താരതമ്യേന ശാന്തമായിരുന്ന മാർത്തോമ്മാസഭയിൽ കുറച്ചു കാലമായി പഴയ സത്യോപദേശ പഥ്യോപദേശ വിവാദത്തെ അനുസ്മരിപ്പിക്കുന്ന തരത്തിൽ തർക്കവിതർക്കങ്ങൾ നവമാധ്യമങ്ങളിലൂടെ അവതരിപ്പിക്കുന്നുണ്ട്. സഭയുടെ ഉള്ളിൽ നടക്കേണ്ട ഇത്തരം ചർച്ചകൾ പൊതുമാധ്യമങ്ങളിൽ നിരത്തി വയ്ക്കുന്നവരുടെ ലക്ഷ്യം എന്താണ്?


ഓരോ സഭയും ഓരോ തരത്തിൽ സഭയുടെ ശ്രദ്ധാകേന്ദ്രമായിരിക്കേണ്ട വിഷയങ്ങളിൽനിന്നു വ്യതിചലിച്ചാണ് സഞ്ചരിക്കുന്നതെന്ന് കേരളത്തിലെ ഏതൊരു സഭയെ നിരീക്ഷിച്ചാലും മനസ്സിലാകും. വിശ്വാസികളെ ആത്മീയമായി ശക്തിപ്പെടുത്തുവാൻ സാധിക്കാതെ വരുമ്പോൾ തികച്ചും അനാത്മീയരായി മാറുന്ന മനുഷ്യരുടെ ജീവിതദർശനവും പെരുമാറ്റങ്ങളും ക്രിസ്തുവിശ്വാസവുമായി പൊരുത്തപ്പെടുന്നതാവില്ല.

ക്രിസ്ത്യാനികളുടെ ജീവിതത്തിലുണ്ടായ മൂല്യത്തകർച്ചയെ പൊതുസമൂഹം അമ്പരപ്പോടെയും ദുഃഖത്തോടെയുമാണ് നോക്കിക്കാണുക. കാരണം, എത്രയോ കാലം കേരളത്തിന്റെ പൊതുസമൂഹത്തെ സത്യസന്ധതയും നീതിബോധവും സദാചാരബോധവും പഠിപ്പിച്ചവരാണ് ക്രിസ്ത്യാനികൾ. അവരെ മാതൃകയാക്കാനാണ് ഇതര സമുദായങ്ങളെല്ലാം അറിഞ്ഞോ അറിയാതെയോ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളീയ സമൂഹം കൈവരിച്ച പുരോഗതിയുടെ അടിസ്ഥാനം ക്രൈസ്തവസഭകൾ പഠിപ്പിച്ച ആത്മീയതയിലധിഷ്ഠിതമായ ജീവിതപുരോഗതി എന്ന തത്വമായിരുന്നു. അതാണിപ്പോൾ നഷ്ടമാകുന്നത്.

**ഡോ. ജോസ് പാറക്കടവിൽ**
9447364487
jparakadavil@gmail.com

# ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിക്ക് ഒരു തുറന്ന കത്ത്

**ഡോ. വി.എസ്.വിജയൻ**
*സലീം അലി ഫൗണ്ടേഷൻ ചെയർമാൻ*




**കേരളത്തിലെ ഇന്നത്തെ ഏറ്റവും വലിയ ചർച്ചാവിഷയം സിൽവർ ലൈൻ പദ്ധതി തന്നെയാണല്ലോ. എന്ത് തന്നെയായാലും പദ്ധതി മുന്നോട്ട് കൊണ്ടുപോകും എന്ന് തന്നെയാണ് നമ്മുടെ സർക്കാരിന്റെ തീരുമാനം. ഈ അവസരത്തിൽ സാലിം അലി ഫൗണ്ടേഷന്റെ അഭിപ്രായം കൂടി അങ്ങ് പരിഗണിച്ചാലും.**

1. കാസർഗോഡിൽ നിന്നു തിരുവനന്തപുരത്തേക്ക് നാല് മണിക്കൂർകൊണ്ട് എത്താം എന്നുള്ളത് വലിയ ആകർഷണം തന്നെയാണ്. കൃത്യമായി മുൻകൂട്ടി പ്ലാൻ ചെയ്യുകയാണെങ്കിൽ രാവിലെ ട്രെയിനിൽ തിരുവനന്തപുരത്തേക്ക് പോയി ഓഫീസ് സംബന്ധമായ കാര്യങ്ങൾ തീർത്തശേഷം വൈകിട്ട് തന്നെ കാസർഗോഡേക്ക് മടങ്ങാം എന്നുള്ളത് വളരെ ശ്ലാഘനീയമാണ്. എന്നാൽ ഇതിന് 2940 രൂപ ടിക്കറ്റിന് ചിലവാക്കണം എന്നുള്ളതുകൂടി കണക്കിലെടുത്തു കൊണ്ടാവണം എന്നു മാത്രം.

2. സിൽവർ ലൈൻ പദ്ധതി ഇത്രയ്ക്ക് വാശിയേറിയ തർക്കമായിരിക്കെ ലോകമെമ്പാടും ഇതിനെക്കുറിച്ചുള്ള കാഴ്ചപ്പാട് എന്താണെന്നുള്ളതുകൂടി നോക്കുന്നത് നന്നായിരിക്കും.

**H.S.R ഹൈ സ്പീഡ് റെയിൽ ഒരു ആഗോള പൊതു അവലോകനം**

3. ലോകത്ത് ആകെയുള്ള 195 രാജ്യങ്ങളിൽ 27 എണ്ണത്തിൽ മാത്രമാണ് വേഗത കൂടിയ ട്രെയിൻ ഉള്ളത് (H.S.R ഹൈ സ്പീഡ് റെയിൽ). മാത്രമല്ല കൂടുതലും മൂലധനം കൂടുതലുള്ള രാജ്യങ്ങളിലാണ്. എന്നിരുന്നാലും അമേരിക്കയുടെ മൂലധനം കേരളത്തിനേക്കാൾ 32 ഇരട്ടി ആയിട്ടും അവിടെ ഹൈ സ്പീഡ് റെയിൽവേ കാര്യമായി വികസിപ്പിച്ചിട്ടില്ല. അവിടെയുള്ള ഒരു പ്രധാനപ്പെട്ട H.S.R ലോസ്ഏഞ്ചൽസിൽ നിന്നു സാൻഫ്രാൻസിസ്കോ വരെയാണ്. ഇതിൽ നിന്നുണ്ടാകുന്ന ആദായവും മറ്റും നോക്കിക്കൊണ്ടിരിക്കുകയാണ് മുതൽ മുടക്കാൻ തയ്യാറുള്ള വലിയ കമ്പനികൾ.

4. ജപ്പാന് കേരളത്തെക്കാൾ 15 ഇരട്ടിയും ഫ്രാൻസിന് കേരളത്തെക്കാൾ 22 ഇരട്ടിയും, റഷ്യയിൽ 6 ഇരട്ടിയും മൂലധനമുണ്ട്. അവിടെ H.S.R വികസിപ്പിച്ചിട്ടുമുണ്ട്.

5. എന്നിരുന്നാലും നമ്മുടെ മൂലധനത്തിന്റെ 41 ഇരട്ടിയുള്ള സിംഗപ്പൂരിൽ ഇതുവരെയും H.S.R സിസ്റ്റം വികസിപ്പിച്ചിട്ടില്ല.

6. ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത് രാജ്യത്തിന്റെ സാമ്പത്തികം മാത്രമല്ല H.S.R സിസ്റ്റത്തിന്റെ മാനദണ്ഡം. മറിച്ച് രാജ്യത്തിന്റെ മൂലധനം, ജനസാന്ദ്രത, വ്യാവസായിക കേന്ദ്രങ്ങളുടെ പെരുപ്പം എന്നിവയാണ്. ഇവ മൂന്നുമുള്ള ചൈനയിലാണ് ലോകത്തിലെ ഏറ്റവും കൂടുതൽ H.S.R സിസ്റ്റം ഉള്ളതും. കേരളത്തിൽ ജനസാന്ദ്രത വള

രെ കൂടുതലും മൂലധനവും വ്യാവസായിക കേന്ദ്രങ്ങളും വളരെ കുറവുമാണ്. കോലാലംപൂർ, സിംഗപ്പൂർ പ്രൊജക്ടുകൾ പകുതി വഴി എത്തിയപ്പോൾ നിർമ്മാണച്ചിലവും പ്രവർത്തനച്ചെലവും കൂടുതലായതിനാൽ നിർത്തി പോയിട്ടുണ്ടെന്നുള്ളതും കൂടി ആലോചിക്കേണ്ടതുണ്ട്.

**കാലാവസ്ഥാവ്യതിയാനവും കാർബൺ വിസർജ്ജനവും**

7. ത്വരിത പാരിസ്ഥിതിക പഠന റിപ്പോർട്ടിൽ, 2,87,994 ടൺ കാർബൺ വിസർജ്ജനം ഒരു വർഷം കുറയുമെന്ന് അവകാശപ്പെടുന്നുണ്ട്. എന്നാൽ ഇതിന്റെ ആധികാരികതയെക്കുറിച്ച് ഒന്നും സൂചിപ്പിക്കുന്നില്ല എന്ന് മാത്രമല്ല ഈ നിഗമനത്തിൽ എങ്ങനെ എത്തി എന്നുള്ളതും വ്യക്തമല്ല. റോഡ് ഗതാഗതത്തെക്കാൾ കാർബൺ വിസർജ്ജനം അതിവേഗ പാതയിൽ കുറയുമെന്നാണ് കണക്ക്. എന്നാൽ ഇത് നിശ്ചയിക്കുമ്പോൾ അതിൽ കരിങ്കല്ലും മറ്റ് സാധനങ്ങളും പശ്ചിമഘട്ടത്തിൽനിന്നു പണിസ്ഥലത്തേക്ക് ലോറികൾ വഴി കൊണ്ടുവരുമ്പോൾ ഉണ്ടാകുന്ന കാർബൺ വിസർജ്ജനത്തെക്കുറിച്ചോ കരിങ്കൽ ഖനനം നടത്തുമ്പോൾ ഉണ്ടാകുന്ന കാർബൺ വിസർജ്ജനത്തെക്കുറിച്ചോ അതുപോലെതന്നെ കരിങ്കൽ ഖനനത്തിനടുത്തുള്ള സസ്യ ജന്തുജാലങ്ങൾക്കും ചെറിയ നീരൊഴുക്കുകൾക്കും അവിടെയുള്ള ജനങ്ങൾക്കും ഉണ്ടാകുന്ന ആഘാതങ്ങളെക്കുറിച്ചോ പരിഗണിച്ചിട്ടുണ്ടോ എന്നുള്ളതും വ്യക്തമല്ല.

8. വരാൻ പോകുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങളേയും പ്രത്യേകിച്ച് പ്രകൃതി ദുരന്തങ്ങളേയും കുറിച്ചും മറ്റും സമീപകാലത്ത് I P C C വ്യക്തമാക്കുകയും കാർബൺ വിസർജ്ജനം കഴിയുന്നത്ര കുറയ്ക്കണമെന്നും പറഞ്ഞിട്ടുള്ളത് ഒരുവിധത്തിലും മറക്കുവാൻ കഴിയില്ലല്ലോ.

9. ഒരു വിദഗ്ദ്ധ കമ്മിറ്റിയുടെ അഭിപ്രായത്തിൽ സിൽവർ ലൈനിൽ നിന്നുണ്ടാകുന്ന കാർബൺ വിസർജ്ജനം 45,24,953.85 മെട്രിക് ടണ്ണാണ്(സി.ആർ.നീലകണ്ഠന്റെ പ്രകാശനം ചെയ്യാനിരിക്കുന്ന പുസ്തകത്തിൽനിന്നും).

**പാരിസ്ഥിതിക ആഘാതങ്ങൾ**

10. ത്വരിത പാരിസ്ഥിതിക ആഘാതപഠനം അനുസരിച്ച് 530 കി. മീ. നീളമുള്ള സിൽവർ ലൈൻ പാതയ്ക്ക് 88.41 കി. മീ. ആർച്ചുകൾ അടങ്ങിയ പാലങ്ങൾ, 292.73 കി.മീ. ചിറ എന്നിവ വരുമെന്ന് പറയുന്നുണ്ട്.

11. സമഗ്രപദ്ധതി രേഖയിൽ പൊരുത്തപ്പെടാത്ത കണക്കുകൾ ഉള്ളതുകൊണ്ട് ത്വരിത പാരിസ്ഥിതിക ആഘാത പഠനം മാത്രമേ നമുക്ക് ആശ്രയിക്കാനുള്ളൂ. ഈ അവസരത്തിൽ ഓർമ്മിക്കേണ്ട ഒരു ദുരവസ്ഥ ഡി.പി.ആർ തയ്യാറാക്കിയ കമ്മിറ്റിയിലെ രണ്ട് പ്രമുഖർ തമ്മിലുള്ള അഭിപ്രായവ്യത്യാസമാണ്. അതും ഇന്ത്യൻ റെയിൽവേയിലെ രണ്ട് റിട്ടയേർഡ് ചീഫ് എൻജിനീയർമാർ തമ്മിൽ. ഒരാൾ ശ്രീ. അലോക് കുമാർ വർമ്മ, SYSTRA എന്ന കൺസൾട്ടിങ് ഏജൻസിക്കായി സിൽവർ ലൈൻ പദ്ധതിയുടെ സാധ്യതാപഠനം നടത്തിയ ടീമിന്റെ ലീഡർ ആയിരുന്നു. മറ്റൊരാൾ SYSTRA-യുടെ പ്രൊജക്റ്റ് ഡയറക്ടറും സിൽവർ ലൈൻ പദ്ധതിയുടെ സാധ്യതാപഠനത്തിന്റെ ജനറൽ കൺസൾട്ടന്റുമായിരുന്ന ശ്രീ.എം. സ്വയംഭൂലിംഗവും ആയിരുന്നു. ശ്രീ. അലോക് കുമാർ വർമ്മ പറയുന്നത് സിൽവർ ലൈൻ പദ്ധതി തെറ്റായിട്ടുള്ളതാണെന്നും ('സിൽവർ ലൈൻ തെറ്റായ പദ്ധതി'; *മാതൃഭൂമി* 6 ഡിസംബർ 2021), ശ്രീ. സ്വയംഭൂലിംഗം അത് ചോദ്യം ചെയ്തുകൊണ്ട് സിൽവർലൈൻ പദ്ധതി ശരിയായിട്ടുള്ളൊരു പദ്ധതിയാണെന്നും പറയുന്നു ('സിൽവർലൈൻ മികച്ചത്, പഠനറിപ്പോർട്ടിൽ കൃത്രിമമില്ല'; *മാതൃഭൂമി* 8 ഡിസംബർ 2021).

12. അഭിപ്രായവ്യത്യാസം ഉണ്ടാകാം; അത് സ്വീകരിക്കാവുന്നതുമായിരിക്കണം. എന്നാൽ അത് ഒരു സ്ഥാപനത്തിന്റെ ഏറ്റവും വലിയ ചുമതലയുള്ള ആൾക്കാരാകുമ്പോൾ, ഇവിടെ ഇന്ത്യൻ റയിൽവെയുടെ റിട്ടയേർഡ് ചീഫ് എൻജിനീയർമാർ ആകുമ്പോൾ സ്ഥിതി ഗുരുതരമാകുകയാണ്. അതുകൊണ്ട് ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള ഡി.പി.ആർ സ്വീകരിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

13. ത്വരിത പാരിസ്ഥിക പഠനത്തിൽ നിർഭാഗ്യവശാൽ ആർച്ചുകൾ അടങ്ങിയ പാലം എങ്ങനെയാണ് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. എത്ര തൂണുകൾ വേണമെന്നും എത്ര കരിങ്കല്ല് വേണമെന്നും ആവശ്യമായ കരിങ്കല്ല് എവിടെനിന്ന് കൊണ്ടുവരുമെന്നും എത്ര പ്രാവശ്യം ലോറി ഓടിക്കേണ്ടി വരുമെന്നുമൊക്കെ.

14. കരിങ്കൽ ഖനനമേഖലയിൽ നിന്നു തൂണുകൾ നിർമ്മിക്കുന്ന ഇടത്തിലേക്കുള്ള ദൂരം എത്രയെന്നും വ്യക്തമല്ല. 81.41 കി. മീ. viaduct നിർമ്മിക്കുന്നതിന് ചുരുങ്ങിയത് 6,000 തൂണുകൾ വേണമെന്നാണ് പ്രാഥമിക കണക്ക്. (പ്രൊഫ. ആർ.വി.ജി. മേനോൻ; വ്യക്തിപരസന്ദേശം).

15. അങ്ങനെയാണെങ്കിൽ ഏതാണ്ട് 40,000 ടൺ ഗ്രാനൈറ്റ് (പ്രൊഫ. ആർ.വി.ജി. മേനോൻ; വ്യക്തിപരസന്ദേശം) പശ്ചിമഘട്ടത്തിൽനിന്നു ഖനനം ചെയ്തു കൊണ്ടുവരണം. ഇതിന്റെ ആഘാതം തദ്ദേശ ആവാസവ്യവസ്ഥയെയും സാമൂഹിക സാമ്പത്തികാവസ്ഥയെയും കാലാവസ്ഥയെയും എങ്ങനെ ബാധിക്കുമെന്നും പഠിക്കേണ്ടതുണ്ട്. ദയവായി ഈ കണക്കുകൂട്ടലുകൾ പ്രാഥമികമായിട്ടുള്ളതും ആർച്ചുകൾ അടങ്ങിയ പാലത്തിന് മാത്രമായിട്ടുള്ളതാണെന്നും ഓർക്കുക.

**ചിറകൾ (Embankments)**

16. മൊത്തം സിൽവർ ലൈൻ പാതയുടെ 55 % നീളത്തിൽ ചിറയാണ് (292 .73 കി മീ.) ഉയരം 8 മീ. വരെ വരും. അപ്പോൾ ഇതൊരു വലിയ നിർമ്മാണ പ്രവർത്തനമാണ്. ഇത് വെള്ളത്തിന്റെ ഒഴുക്കിനെ തടയുകയും വെള്ളം കെട്ടി നിർത്തുകയും ചെയ്യുന്നതിനാൽ അവിടുത്തെ മൊത്തം ആവാസവ്യവസ്ഥയെ ബാധിക്കുകയും ചെയ്യും. ഈ ആവാസവ്യവസ്ഥയുടെ നീളം 293 കി.മീ-ഉം വീതി ഏതാണ്ട് 10 കി.മീ-ഉം ആയി കണക്കാക്കുന്നു. അങ്ങനെയെങ്കിൽ മൊത്തം 2930 ചതുരശ്ര കി.മീ., അതായത് 2,93,000 ഹെക്ടർ.

17. ഇത്രയും തണ്ണീർത്തടത്തിന് ഓരോ വർഷവും ആവാസ വ്യവസ്ഥാമൂല്യം ഹെക്ടറിന് 98 ലക്ഷം രൂപ എന്ന കണക്കനുസരിച്ച് ഏതാണ്ട് 28,714 ലക്ഷം കോടിയാണ്. ഓർക്കുക; ഇത് ഓരോ വർഷത്തെയും മൂല്യനഷ്ടമാണ്!

18. സിൽവർ ലൈനിന്റെ മറ്റ് ഭാഗങ്ങളായ ടണൽ, ബ്രിഡ്ജസ്, കട്ടിങ്സ്, കട്ട് ആൻഡ് കവർ എന്നിവയുടെ പാ

രിസ്ഥിതിക മൂല്യനിർണ്ണയം വ്യക്തമായ സമഗ്രപദ്ധതി രേഖയുടെ അഭാവത്താൽ ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഇത് ഏറ്റവും പ്രധാനപ്പെട്ട വിഷയവുമാണ്.

19. ഒരു ആവാസവ്യവസ്ഥയിൽ നിന്നു ജനങ്ങൾക്ക് പ്രതിവർഷം കിട്ടുന്ന ഗുണത്തിനെയാണ് പാരിസ്ഥിതിക മൂല്യം എന്ന് പറയുന്നത്. ഈ മൂല്യം ആവാസവ്യവസ്ഥയുടെ കാണപ്പെടുന്ന അതിരുകൾക്ക് അകത്തുനിന്നു മാത്രമല്ല ആവാസവ്യവസ്ഥയുടെ നിലനിൽപ്പിന് ആധാരമായ പ്രാന്തപ്രദേശത്തേക്കും എത്തിച്ചേരുന്നു എന്ന കാര്യം ഓർമ്മവേണം. ഇതെല്ലാം കണക്കിലെടുത്താണ് മൂല്യനിർണയം നിശ്ചയിക്കുന്നത്. ഒരു കുളം ചെറുതായിരിക്കും. പക്ഷേ അതിന്റെ മൂല്യം കിലോമീറ്ററുകളോളം ഉണ്ടാകാം. ഈ മൂല്യം തണ്ണീർത്തടത്തിനും നെൽപ്പാടങ്ങൾക്കും വനങ്ങൾക്കും തീരദേശ തണ്ണീർത്തടത്തിനും വ്യത്യസ്തമായിരിക്കും. ഇതിനെക്കുറിച്ച് ആഗോളതലത്തിൽ ഏറ്റവും പ്രഗല്ഭമായ ഒരു പഠനം നടത്തിയിരിക്കുന്നത് 15 ശാസ്ത്രജ്ഞന്മാർ അടങ്ങിയ ഒരു ടീമാണ്. പഠന റിപ്പോർട്ട് ആദ്യമായി 1997-ലും പിന്നീട് 2014-ൽ പുനഃപരിശോധിച്ച് വേണ്ട ഭേദഗതികളോടെ ഈ രംഗത്ത് ഏറ്റവും ആധികാരികമായി കണക്കാക്കുന്ന *നേച്ചർ* എന്ന മാസികയിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

20. ഈ ചിറകൾ സിൽവർ ലൈനിന്റെ ഒരു അറ്റത്ത് തുടങ്ങി മറ്റേ അറ്റം വരെ ഉണ്ടാകുമെന്ന് പ്രസിദ്ധീകരണങ്ങളിൽ കാണുന്നു. അങ്ങനെയെങ്കിൽ നമുക്ക് നഷ്ടം വരുന്ന പാരിസ്ഥിക മൂല്യം ഇരട്ടിയോളമായിരിക്കും.

**പദ്ധതിയുടെ ചെലവ് വരവ് വിശകലനം**

21. സിൽവർ ലൈൻ പദ്ധതിയുടെ ചെലവും അതിൽ നിന്നുണ്ടാകുന്ന ആനുകൂല്യങ്ങളും മറ്റും തമ്മിലുള്ള ബന്ധം തിട്ടപ്പെടുത്തുന്ന ഒരു കണക്ക് എവിടെയും കൊടുത്തിട്ടില്ല. എന്നാൽ പദ്ധതിയിൽനിന്ന് കിട്ടുന്ന ലാഭത്തെക്കുറിച്ച് വളരെ ചുരുങ്ങിയ വാക്കുകളിൽ ഇങ്ങനെ പറയുന്നു: 'സുരക്ഷിതത്വം, കൂടുതൽ യാത്രക്കാരെ കൊണ്ടുപോകുന്നതിനുള്ള കഴിവ്, അതുപോലെ തന്നെ ഇടവേള കഴിയുന്നതും കുറച്ചുള്ള ട്രെയിൻ സർവീസ്, ഹരിത വാതകങ്ങളുടെ കുറഞ്ഞ വിസർജ്ജനം, കുറഞ്ഞ യാത്രാദൈർഘ്യം, ഏറിയ ജോലി സാധ്യതകൾ, പ്രകൃതിദുരന്തം തടയാനുള്ള ശക്തമായ അടിസ്ഥാന സൗകര്യങ്ങൾ.'

22. പാരിസ്ഥിതിക നഷ്ടത്തെക്കുറിച്ചും കൃത്യമായി എത്ര എന്നുള്ളത് പറയുന്നില്ല. എന്നാൽ പ്രാഥമിക വിവരശേഖരണത്തിലൂടെയും ഇതിന് മുമ്പെയുള്ള പഠനത്തിന്റെയും വെളിച്ചത്തിൽ സിൽവർലൈൻ പാതയുടെ 500 മീ. അകലത്തിൽ രണ്ട് സൈഡിലും നഷ്ടം ഉണ്ടാകും എന്ന് പറയുന്നു (പേജ് 118; RE-A)

23. REIA അനുസരിച്ച് 530 കി.മീ. നീളമുള്ള പദ്ധതിയുടെ 80 ശതമാനവും ചിറയും മുറിക്കപ്പെടുന്ന ഭാഗങ്ങളുമാണ്. ഇത് വെള്ളത്തിന്റെ ഒഴുക്കിനെ കാര്യമായി തടയുന്നു.



24. കൂടാതെ സിൽവർലൈൻ കടന്നുപോകുന്ന 164 ഇടങ്ങൾ ജലം ഉൾക്കൊള്ളുന്ന പാരിസ്ഥിക ആഘാത മേഖലകളിലൂടെയാണ്.

25. സിൽവർലൈൻ പദ്ധതി ഏറ്റവും കൂടുതൽ നാശമുണ്ടാക്കുന്നത് കണ്ടൽക്കാടുകളിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന അവിസെന്നിയ (Avicenniasp.) എന്ന സസ്യത്തെയാണ്. കണ്ടൽക്കാടുകളിലെ പക്ഷികളെപ്പോലുള്ള മറ്റ് ജീവജാലങ്ങളും അവയുടെ വാസസ്ഥലവും പ്രജനന ഇടവും പുതിയ പാത വരുമ്പോൾ നഷ്ടപ്പെട്ടുപോകുന്നു. (പേജ് 135).

26. സിൽവർലൈൻ പദ്ധതി കേരളത്തിന്റെ മൊത്തം ജലനിർഗ്ഗമന സംവിധാനത്തെ, അതായത് എന്നും നിലനിൽക്കുന്നതും ഇടയ്ക്കിടയ്ക്കുണ്ടാകുന്നതുമായ സംവിധാനത്തെ നേരിട്ട് ബാധിക്കുന്നതിനുള്ള സാധ്യതയുണ്ട്. (പേജ് 137).

27. ചിറകൾ വെള്ളം കെട്ടി നിർത്താനും കീഴോട്ടുള്ള ഒഴുക്കിനെ തടയാനും എക്കൽ മണ്ണ് കൂടുതലായി ഒഴുകിപ്പോകുന്നതിനുള്ള സാധ്യത കൂട്ടുവാനും ഇടയുണ്ട് (പേജ് 137).

28. സിൽവർലൈൻ പദ്ധതിയിൽ നിന്നുണ്ടാകുന്ന ശബ്ദകോലാഹലങ്ങളും പ്രകമ്പനങ്ങളും രണ്ട് ഭാഗത്തുമുള്ള ജീവജാലങ്ങളെയും പ്രത്യേകിച്ച് വളർത്തുമൃഗങ്ങളെയും, അതും രാത്രികാലങ്ങളിൽ, ശല്യം ചെയ്യാൻ സാധ്യതയുണ്ട്. കൂടാതെ സിൽവർലൈൻ 200 കി.മീ വേഗതയിൽ 10 മീ. മുതൽ 15 മീ. വരെയുള്ള തീവണ്ടി പാലത്തിൽ കൂടി കടന്നുപോകുന്ന പക്ഷികളെ നേരിട്ട് അടിക്കുവാനുള്ള സാധ്യതയുമുണ്ട്. (പേജ് 135).

29. പശ്ചിമഘട്ടത്തിന്റെ നിലനിൽപ്പിനുള്ള ഭീഷണിയാണ് ഏറ്റവും വലിയ പാരിസ്ഥിതിക പ്രശ്നം. യഥാർത്ഥത്തിൽ ഈ പദ്ധതിക്കുവേണ്ടി 2,33,62,722 ടൺ കരിങ്കല്ലും 5,36,67,167 ടൺ മണ്ണും ആവശ്യമാണ്! (source: സി.ആർ. നീലകണ്ഠനുമായുള്ള വ്യക്തിഗതസംഭാഷണം. ഈ വിവരം നിർമ്മാണമേഖലയിലെ എൻജിനീയർമാരോട് ഒരു എഞ്ചിനീയർ കൂടിയായ സി.ആർ. നീലകണ്ഠൻ ചോദിച്ച് മനസിലാക്കിയതിന്റെ ഭാഗമാണ്). ഇതെല്ലാം തന്നെ

ലോലമായ പശ്ചിമഘട്ടത്തിൽ നിന്നാണ് ലഭിക്കേണ്ടത് എന്നുകൂടി ഓർക്കണം. ഗ്രാനൈറ്റിന്റെ അഭാവം കാരണമാണ് വിഴിഞ്ഞം പദ്ധതി പാതി വഴിയിൽ നിന്നുപോയതെന്ന് എല്ലാവർക്കും അറിയാവുന്നതുമാണ്.

30. ഇതിൽ നിന്നും അടിസ്ഥാനപരമായ ഒരു ചോദ്യം ഉദിക്കുന്നത്; എവിടെനിന്നാണ് നമ്മൾ ഈ കരിങ്കല്ലും എം സാൻഡും കൊണ്ടുവരുന്നത്?

31. ഈ പദ്ധതിയുടെ പ്രയോജനവും പാരിസ്ഥിതിക നഷ്ടവും തമ്മിൽ താരതമ്യപ്പെടുത്തി നോക്കിയാൽ നഷ്ടം തന്നെയാണ് കൂടുതൽ എന്ന് വളരെ വ്യക്തമാണ്.

**ചെലവുകൾ**

32. REIA റിപ്പോർട്ട് പ്രകാരം മൊത്തം നിർമ്മാണ ചെലവ് 63,941 കോടി രൂപയാണ്. നിതി ആയോഗിന്റെ കണക്കനുസരിച്ച് 1.26 ലക്ഷം കോടിയാണ്. മെട്രോമാൻ ആയി അറിയപ്പെടുന്ന ഇ. ശ്രീധരൻ അടക്കമുള്ള മറ്റ് വിദഗ്ധർ പറയുന്നത് രണ്ട് ലക്ഷം കോടി രൂപയിൽ കൂടുതൽ ആകും എന്നാണ്. എത്ര തുക കാണിച്ചാലും ആ തുകയേക്കാൾ വളരെ കൂടുതലായിരിക്കും എന്നതിന് സംശയം വേണ്ട. കാരണം, ഇന്നുവരെ ഒരു പ്രൊജക്റ്റും ആദ്യം പറയുന്ന ബഡ്ജറ്റിൽ നിൽക്കുന്ന ചരിത്രമില്ല; ഇത് പദ്ധതി നടപ്പാക്കി കഴിയുന്നതിനു മുമ്പ് പല പ്രാവശ്യം ഭേദഗതി ചെയ്യേണ്ടിവരും.

33. ജപ്പാൻ ഇന്റർനാഷണൽ കോപ്പറേഷൻ ഏജൻസി ഉൾപ്പെടെ പല വിദേശരാജ്യങ്ങളും ആവശ്യമായ പണം നീണ്ട കാലത്തേക്കായി പലിശയ്ക്ക് കൊടുക്കാമെന്ന് താല്പര്യം കാണിച്ചിട്ടുണ്ട്. ഇപ്പോഴത്തെ മതിപ്പ് പ്രകാരം 53 ശതമാനം ഉഭയകക്ഷി കടം ആവശ്യമാണ്. നീതി ആയോഗിന്റെ കണക്കനുസരിച്ച് 53 ശതമാനം എന്ന് പറയുന്നത് 6.78 ലക്ഷം കോടി രൂപയാണ്. അതിന്റെ പലിശ മുഴുവൻ കേരളീയർ നൽകേണ്ടതാണ്. നീണ്ടകാല കടമെടുപ്പാണെങ്കിൽ അതും ജനങ്ങൾക്ക് ആവശ്യമില്ലാത്തതും ഭൂരിഭാഗം ജനങ്ങൾ ഉപയോഗിക്കുമെന്ന് ഉറപ്പില്ലാത്തതുമായ പദ്ധതിക്ക് വേണ്ടി!

34. കേരളത്തിലെ ജോലിക്കാർക്ക് കൃത്യമായി ശമ്പളം കൊടുക്കാനുള്ള തുക പോലും ഇല്ല എന്ന് റിപ്പോർട്ട് ചെയ്യുമ്പോൾ ഇത്രയും ഭാരിച്ച തുക ഇന്റർനാഷണൽ ഫണ്ടിംഗ് ഏജൻസികളിൽനിന്നു വായ്പയെടുക്കുന്നതിന്റെ യുക്തി മനസ്സിലാകുന്നില്ല.

**സിൽവർലൈൻ: പൂർണ്ണമായും വേറിട്ട ഒരു റെയിൽ ലൈൻ**

35. സിൽവർലൈനിന് ഒരു പ്രത്യേക റെയിൽ ലൈൻ വേണം, രണ്ട് ലൈനുകൾ തമ്മിൽ 1,435 mm വീതിയുള്ള സ്റ്റാൻഡേർഡ് ഗേജ്. ഇത് നിലവിലുള്ള 1,676 mm വീതിയുള്ള ബ്രോഡ് ഗേജുമായി യാതൊരു ബന്ധവുമില്ലാത്ത സംവിധാനമാണ്. അതായത്, നമ്മുടെ നിലവിലുള്ള ട്രെയിനുകളിൽ (ഒരു ശതമാനം ഒഴിച്ച്) ഒന്നിനും സിൽവർലൈൻ ഉപയോഗിക്കാൻ പറ്റില്ല. സാങ്കേതികവിദ്യയുടെ കൂടെ എല്ലാം നമുക്ക് ജപ്പാനിൽനിന്ന് ഇറക്കുമതി ചെയ്യേണ്ടി വരും. അല്ലെങ്കിൽ നിർമ്മാണ യൂണിറ്റ് ഇവിടെ തന്നെ തുടങ്ങേണ്ടി വരും.

**സിൽവർലൈൻ നടത്തിപ്പിൽ നിന്നുള്ള വരുമാനം**

36. വരുമാനത്തിന്റെ ഏറ്റവും വലിയ സ്രോതസ്സ് യാത്രാക്കൂലിയും ചരക്ക് ഗതാഗതത്തിൽ നിന്നുമാണ്. ഒരാളുടെ യാത്രക്കൂലി 1,470 രൂപയാണ്, (ഒരു ഭാഗത്തേക്ക്). 80,000 യാത്രക്കാരെയാണ് ദിനംതോറും പ്രതീക്ഷിക്കുന്നത്. ഒരു ഭാഗത്തേക്ക് 37 ട്രിപ്പാണ് ഒരു ദിവസം തീരുമാനിച്ചിരിക്കുന്നത്. തിരക്കുള്ള സമയത്ത് ഇത് കൂടാതെ ഓരോ 20 മിനിട്ടിലും ഒരു ഭാഗത്തേക്ക് വണ്ടി ഓടിക്കാനുള്ള പദ്ധതിയും പ്ലാനിലുണ്ട്. 9 ബോഗികളുള്ള ഒരു തീവണ്ടിയിൽ പരമാവധി കയറാവുന്ന യാത്രക്കാരുടെ എണ്ണം 625 ആണ്. എന്നിരുന്നാലും എല്ലാ യാത്രക്കാരും തിരുവനന്തപുരത്ത് നിന്ന് കാസർഗോഡ് വരെയോ കാസർഗോഡ് നിന്നു തിരുവനന്തപുരത്തേക്കോ ആകണമെന്നില്ല. ഇതിനിടയിൽ ആകെ 11 സ്റ്റോപ്പുകളാണുള്ളത്. മാത്രമല്ല സമയച്ചെലവ് പരിഗണിക്കുമ്പോൾ നിലവിലെ സജ്ജീകരണമനുസരിച്ച് മൂന്നു മടങ്ങ് കൂടുതൽ സമയം കാസർഗോഡ് നിന്നു തിരുവനന്തപുരത്തേക്ക് എടുക്കുന്നുണ്ട്. എന്നാൽ ടിക്കറ്റിന്റെ ചെലവ് സ്ലീപ്പർ ക്ലാസ് 140–190 രൂപയും, തേർഡ് AC 460–600 രൂപയും, സെക്കൻഡ് AC 650–800 രൂപയുമാണ്. ഈ ചെലവ് സ്ലീപ്പർ ക്ലാസ്സിന്റെ എട്ടിരട്ടിയും തേർഡ് AC-യുടെ 2.45 ഇരട്ടിയും സെക്കൻഡ് AC-യുടെ 1.83 ഉം മടങ്ങാണ്.

37. കൂടുതൽ യാത്രക്കാരും സ്ലീപ്പർ ക്ലാസ്സിലും തേർഡ് AC-യിലുമാണ് പോകുക. ഈ അവസരത്തിൽ തിരുവനന്തപുരത്തുനിന്ന് കാസർഗോഡേക്ക് 20 ട്രെയിൻ ഇപ്പോൾ നിലവിലുണ്ടെന്നുള്ളതും ഓർക്കണം. ഇതിൽനിന്ന് എത്ര യാത്രക്കാർ സിൽവർ ലൈനിൽ സഞ്ചരിക്കുമെന്ന് വ്യക്തമാണ്; അതും താങ്ങാനാവാത്ത ടിക്കറ്റ് ചാർജും കൊടുത്ത്.

38. നടത്തിപ്പിന്റെയും പരിപാലനത്തിന്റെയും ചെലവ് കൂടി വച്ച് നോക്കുമ്പോൾ സിൽവർ ലൈൻ ഒരു വലിയ നഷ്ടത്തിലായിരിക്കും ഓടുക എന്നുള്ളത് ആർക്കാണ് മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളത്?

**കുടിയൊഴിപ്പിക്കൽ**

39. മൊത്തത്തിൽ 1,383 ഹെക്ടർ ആണ് ആവശ്യമുള്ളത്. അതിൽ 185 ഹെക്ടർ റയിൽവെയുടെ ഭൂമിയാണ്. അതുകൊണ്ട് ബാക്കിയുള്ള 1,198 ഹെക്ടർ സ്വകാര്യ വ്യക്തികളുടെ പക്കൽനിന്നു വാങ്ങേണ്ടതാണ്. കെ റെയിലിൽ നിന്നും ലഭിച്ച RTI പ്രകാരം 9,314 കെട്ടിടങ്ങൾ മൊത്തത്തിൽ പൊളിച്ചു മാറ്റേണ്ടതായി വരികയും അതോടൊപ്പം 10,000 കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടി വരികയും ചെയ്യും. മെട്രോമാൻ ഇ. ശ്രീധരന്റെ അഭിപ്രായത്തിൽ 20,000 കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടി വരും (ഏതാണ്ട് ഒരുലക്ഷം ജനങ്ങളെ). കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെൻറ് സൊസൈറ്റീസ് (CDS) പ്രകാരം ഇപ്പോൾ തന്നെ 3,195 പേർ ഭവനരഹിതരാണ്. എന്നാൽ ഇത് ശരിയായിട്ടുള്ള കണക്കാണോ എന്നതിൽ സംശയമുണ്ട്. കാരണം ഈ പഠനം കേരളത്തിലെ 93 നഗരത്തിലെയും തെരുവ് നിവാസികളുടെ എണ്ണം തിട്ടപ്പെടുത്താനുള്ളതായിരുന്നു. ഗ്രാമങ്ങളിലെ കണക്കുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാമായിരിക്കുമല്ലോ. കേരള

ത്തിൽ മൊത്തത്തിൽ 11,89,144 ഒഴിഞ്ഞു കിടക്കുന്ന ഭവനങ്ങളുണ്ട് എന്നതും മറ്റൊരു പ്രധാന വിഷയമാണ്.

**സിൽവർ ലൈൻ പദ്ധതിക്ക് ബദൽ**

40. നിലവിലുള്ള റെയിൽവേ ലൈനുകളെ ഇരട്ടിയാക്കുന്ന പദ്ധതി കഴിഞ്ഞ 15 വർഷമായി നടന്നുകൊണ്ടിരിക്കയാണ്. അത് കഴിയുന്നത്ര വേഗം തീർക്കുക. ഇന്നത്തെ സിഗ്നൽ സംവിധാനം ആധുനിക സംവിധാനത്തിൽ ആക്കുമ്പോൾ തീവണ്ടികളുടെ സ്പീഡ് ഗണ്യമായി കൂടുന്നതാണ്. കഴിയുന്നത്ര വളവുകളും മറ്റും നേരെയാക്കി വേണമെങ്കിൽ കുറച്ച് കൂടുതൽ ലൈനുകളും കൂട്ടിച്ചേർക്കാവുന്നതാണ്.

41. ഇപ്പോഴത്തെ വിവരം അനുസരിച്ച് ഒരു പ്രത്യേക ലൈൻ വരാൻ പോകുന്നു എന്നാണ് മനസിലാക്കാൻ കഴിയുന്നത്. ഇതിനായി കേന്ദ്ര ഗവണ്മെന്റ് 1,500 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ മൂന്നാമത്തെ ലൈൻ വന്നാൽ അതിന്റെ വേഗത മണിക്കൂറിൽ 160 കി.മീ. ആയിരിക്കും. സിൽവർലൈൻ പദ്ധതി 200 കി.മീ. വേഗത പറയുന്നുണ്ടെങ്കിലും അത് അതിന്റെ പരമാവധി വേഗത ആയിരിക്കും. എന്നാൽ സാധാരണ 135 കി.മീ. ആണ് ഒരു മണിക്കൂറിൽ ഓടുക. അങ്ങനെയാണെങ്കിൽ ഇപ്പോൾ കേന്ദ്രമന്ത്രാലയം പ്രഖ്യാപിച്ചിട്ടുള്ള മൂന്നാം ലൈൻ ആയിരിക്കുമല്ലോ കൂടുതൽ അഭികാമ്യം. ഈ പദ്ധതിയും 2025-ൽ പൂർത്തീകരിക്കുമെന്നാണ് റിപ്പോർട്ട്.

42. കൂടാതെ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ആധുനിക സംവിധാനം അനുസരിച്ചുള്ള മാറ്റങ്ങൾ വേഗത്തിൽ വരുത്തുകയും അത് കേരളത്തിലെ റെയിൽ പാതയെയും ഉൾപ്പെടുത്തികൊണ്ടുള്ളതാണെങ്കിൽ അതും അഭികാമ്യമല്ലേ? നമ്മുടെ ഉദ്ദേശം ഇതെല്ലാംകൊണ്ട് സാക്ഷാത്കരിക്കുമെന്നും ഒരു പാരിസ്ഥിതിക പ്രശ്നവും സാമ്പത്തിക ബുദ്ധിമുട്ടുമില്ലാതെ നടക്കുമെന്നുള്ളത് വലിയ ഒരു ആശ്വാസമല്ലേ?

43. ഇതൊന്നും സ്വീകാര്യമല്ലെങ്കിൽ ഒന്നോ രണ്ടോ വിമാന സർവീസുകൾ ഏർപ്പെടുത്തുകയും ഇപ്പോഴുള്ള വിമാനത്താവളങ്ങൾ കണക്കിലെടുത്ത് ബാക്കി ഏഴു സ്ഥലത്തു കൂടി ചെറിയ വിമാനത്താവളങ്ങൾ നിർമ്മിച്ചാൽ ഉദ്ദിഷ്ട ഫലം കൈവരിക്കാമല്ലോ. ഇത് സംബന്ധിച്ച് കേരള ലാൻഡ് റിഫോംസ് ആൻഡ് ഡെവലപ്മെൻറ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ ചെയർമാനായ ശ്രീ.വിജയകൃഷ്ണന്റെ അഭിപ്രായം പരിഗണിക്കാവുന്നതാണ്. (https://www.mathrubhumi.com/features/k-flight-1.6307142).

44. ഇതേ അഭിപ്രായം ISRO-യുടെ മുൻ ചെയർമാനായിരുന്ന ഡോ. മാധവമേനോൻ വ്യക്തമായ രീതിയിൽ 31 ഡിസംബർ 2021-ലെ മാതൃഭൂമി ദിനപത്രത്തിൽ കൊടുത്തിട്ടുമുണ്ട്.

45. എന്നിരുന്നാലും ഇന്ത്യൻ റെയിൽവേയുടെ കേരളത്തിനൊരു മൂന്നാം പാത, അതും മണിക്കൂറിൽ 165 കി.മീ വേഗതയിൽ ഓടുന്ന തീവണ്ടി വരാനിരിക്കെ ഒരു വിമാന സർവീസ് ആവശ്യമില്ല എന്നുതന്നെയാണ് പറയാനുള്ളത്. പാരിസ്ഥിതിക ആഘാതം കൂടി കണക്കിലെടുത്തു കൊണ്ടാണ് ഈ അഭിപ്രായം.

**സിൽവർലൈൻ പദ്ധതിയിലെ ജനപങ്കാളിത്തം**

46. ഇത്രയും വലിയ ഒരു പദ്ധതി കേരളത്തിൽ കൊണ്ടു വരുമ്പോൾ അതിന്റെ ആസൂത്രണത്തിലും നടത്തിപ്പിലും ജനപങ്കാളിത്തം ഉറപ്പു വരുത്തേണ്ടതുണ്ട്. ശരിയായ പാരിസ്ഥിതിക ആഘാത പഠനം തദ്ദേശവാസികളുടെ പങ്കാളിത്തത്തോടെ നടപ്പാക്കേണ്ടതുണ്ട്; സിൽവർ ലൈൻ കടന്നുപോകുന്ന പാതയിലുള്ളവരുടെയെങ്കിലും.

47. അന്തിമ പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട് ഗ്രാമസഭയിലും പഞ്ചായത്തിലും ചർച്ച നടത്തുകയും അംഗീകരിക്കുകയും ചെയ്തതിനുശേഷം മാത്രമേ തീരുമാനമെടുക്കുവാൻ പാടുള്ളൂ.

48. ഒരവസാന ചോദ്യം: **എന്തായിരിക്കണം കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വികസന ലക്ഷ്യം? അതും മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥയിൽ, പ്രളയവും ഉരുൾപൊട്ടലും സർവസാധാരണമാകുന്ന കാലഘട്ടത്തിൽ? അതിവേഗപാതയോ അല്ലെങ്കിൽ കുടിവെള്ളമോ ഭക്ഷണമോ വീടോ ഉപജീവനമാർഗ്ഗമോ?**

49. വികസന പദ്ധതി ആസൂത്രണം ചെയ്യുന്നവർ ഈ കാര്യങ്ങളെല്ലാം വളരെ ശ്രദ്ധയോടെ വീക്ഷിക്കേണ്ടതാണ്. കുടിവെള്ളം: ജപ്പാൻ കുടിവെള്ളപദ്ധതി നടപ്പാക്കിയിട്ടും വയനാടും പത്തനംതിട്ടയും ഒഴിച്ച് ബാക്കി എല്ലാ ജില്ലകളിലും ഒരു വർഷത്തിൽ 8 മാസമെങ്കിലും വെള്ളമില്ലാത്ത സാഹചര്യമുണ്ട്. ഭക്ഷണം: ഭക്ഷണം കിറ്റുകളിൽ കൊടുക്കുന്ന സമ്പ്രദായം സ്ഥിരമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ല. ജനങ്ങൾക്ക് ഭക്ഷ്യ ഉൽപ്പാദനത്തിനുള്ള ശേഷിയും സൗകര്യവും ഉണ്ടാക്കി കൊടുക്കേണ്ടതാണ്. വീട്: സർക്കാരിന്റെ കണക്കനുസരിച്ച് 5 ലക്ഷത്തിൽ കൂടുതൽ ആളുകൾക്ക് ഇന്ന് വീടുകളില്ല. ഉപജീവനമാർഗ്ഗം: ഇപ്പോഴത്തെ കണക്കനുസരിച്ച് 36.25 ലക്ഷം ചെറുപ്പക്കാർക്ക് ജോലിയില്ല എന്നാണ് അറിയുന്നത്. ഇത് ദേശീയ ശതമാനത്തേക്കാൾ കൂടുതലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതിന്റെ ശരിയായ കണക്ക് അറിയാമെന്ന് വിശ്വസിക്കുന്നു. അങ്ങനെയാണെങ്കിൽ ദയവായി അത് പ്രസിദ്ധീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

50. ഇത്രയും പ്രാധാന്യമുള്ള ജനങ്ങളുടെ അത്യാവശ്യങ്ങൾ പരിഹരിക്കാതെ സിൽവർലൈൻ പദ്ധതിക്കുവേണ്ടി പോകുന്നത് ബുദ്ധിപൂർവമായിരിക്കുമോ? അതും നമുക്ക് കൃത്യമായ ബദൽ മാർഗ്ഗങ്ങൾ ഉള്ളപ്പോൾ. സിൽവർലൈൻ പദ്ധതി നാട്ടിലെ ധനികർക്ക് മാത്രമേ ഗുണം ചെയ്യുകയുള്ളൂ എന്ന് വ്യക്തമാണ്. മേല്പറഞ്ഞ അടിസ്ഥാനപരമായ രൂക്ഷമായ പ്രശ്നങ്ങൾ പരിഹരിക്കാതെ മുന്നോട്ട് പോകുന്നത് ശരിയാണോ? മുഖ്യമന്ത്രിയുടെ മനസ്സാക്ഷിയേയും പ്രായോഗികബുദ്ധിയേയും അഭിസംബോധന ചെയ്തുകൊണ്ടാണ് ചോദിക്കുന്നത്.

---

Dr. V. S. Vijayan
**Chairman, Salim Ali Foundation**, Kanimangalam Post
Trichur 687 027; Mobile: 9446872880
**Former Chairman**, Kerala State Biodiversity Board
**Founder Director**, **SACON** (Salim Ali Centre for Ornithology and Natural History, A Centre of Excellence in Ornithology, govt. of India)

# കുട്ടികളുടെ അഭിരുചികൾ മാതാപിതാക്കളറിയാൻ



 റ്റി. ജോർജ് ബഹന്നാൻ
കൗൺസലർ & തെറാപ്പിസ്റ്റ്



ഹാരിയും മറിയവും അവരുടെ കുട്ടികളും പട്ടണത്തിന് പുറത്താണ് താമസിക്കുന്നത്. ഹാരിയൊരു കുഴിമടിയനാണ്. പട്ടണത്തിൽ പോയി വല്ലതും ചെയ്തിട്ട് കിട്ടുന്ന ശമ്പളവുമായി വീട്ടിലെത്തും. അതും എല്ലാ ദിവസവും ജോലിക്ക് പോകുന്നില്ല. പോകാത്ത ദിവസം ചുറ്റുപാടുമുള്ള കുട്ടികളുമായി കളിക്കും. എല്ലാ കുട്ടികൾക്കും പ്രായഭേദമെന്യെ ഹാരിയെ വലിയ ഇഷ്ടമാണ്. പക്ഷേ ഇതിനെച്ചൊല്ലി മറിയം എന്നും വഴക്കാണ്. "എല്ലാവരും ജോലിചെയ്യുന്നതുപോലെ നിങ്ങൾക്കും ജോലി ചെയ്യാൻ എന്താ കുഴപ്പം?" മറിയയുടെ സ്ഥിരം ചോദ്യമിതാണ്. എനിക്ക് ഒരു കഴിവുമില്ല. പഠിക്കാൻ ഞാൻ മിടുക്കനല്ല. അതുകൊണ്ട് എണ്ണാൻ പഠിച്ചില്ല. പക്ഷേ മറിയ പുറകെ നടന്ന് ഹാരിയെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കും. "നിങ്ങൾക്ക് എന്ത് ചെയ്യാനറിയത്തില്ല എന്ന് ചിന്തിച്ചിട്ട് കാര്യമില്ല; പക്ഷേ നിങ്ങൾക്ക് എന്തു ചെയ്യാനറിയാം എന്ന് ചിന്തിക്കാം." മറിയ പറഞ്ഞു. "എനിക്ക് പിള്ളാരെ വലിയ ഇഷ്ടമാണ്. അവർക്ക് കളിപ്പാട്ടമുണ്ടാക്കാം, അവരെ പുതിയ കളികൾ പഠിപ്പിക്കാം, അവരോട് കഥ പറയാം. പക്ഷേ ഇതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ?" ഹാരി ചോദിച്ചു. മറിയ സമർത്ഥയായ ഭാര്യയായിരുന്നു. അവർ ഹാരിയുടെ കഴിവും, അഭിരുചിയും സാവധാനം കണ്ടെത്തി. ഹാരിക്ക് അറിയാവുന്ന കാര്യങ്ങൾ നിസ്സാരമല്ല. അതിൽ സാദ്ധ്യതയുണ്ടെന്ന് മറിയ മനസ്സിലാക്കി. സ്കൂളിൽ പോകാത്ത കുട്ടികളും, സ്കൂൾ കഴിഞ്ഞുവരുന്ന കുട്ടികളും വെറുതെ സമയം കളയുന്നു. അവരോടൊത്ത് കളിക്കാനും സമയം ചെലവഴിക്കാനും മാതാപിതാക്കൾക്ക് സമയമില്ല. അതുകൊണ്ട് അവർക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ ഹാരിക്ക് കഴിയും എന്ന് മറിയ പറഞ്ഞു. അത് ഹാരിക്കും ഇഷ്ടപ്പെട്ടു. പിള്ളാരോടൊപ്പം കളിക്കാനും അവരെ രസിപ്പിക്കാനും തനിക്ക് കഴിയും. അതുകൊണ്ട് കുട്ടികൾക്കുവേണ്ടി എന്തെങ്കിലും ചെയ്യാമെന്ന് രണ്ടുപേരും കൂടി തീരുമാനിച്ചു. ആ പ്രദേശത്തെ മാതാപിതാക്കളെ കണ്ട് കാര്യങ്ങൾ അവരെ ധരിപ്പിച്ചു. ഒരു ചെറിയ ഫീസും നിശ്ചയിച്ചു. അവർക്ക് വലിയ സന്തോഷം. അങ്ങനെ അവർ ഒരു Day Care Centre തുടങ്ങി. കുട്ടികൾക്ക് ഹാരിയെ ഇഷ്ടമാണ്. ഹാരിക്ക് കുട്ടികളെയും. ആദ്യത്തെ പത്ത് ദിവസം കൊണ്ട് ഏതാണ്ട് അൻപത് പേർ Hari's Day Care Centre -ൽ ചേർന്നു. മറിയത്തിന് സന്തോഷമായി. മാതാപിതാക്കൾക്കും കുട്ടികൾക്കും സന്തോഷമായി. പക്ഷേ ഏറ്റവും സന്തോഷം ഹാരിക്കാണ്. തനിക്ക് ഏറ്റവും ഇഷ്ടമുള്ള കാര്യം ചെയ്യുന്നതോടൊപ്പം കൈനിറയെ പണവും!

ഓരോരുത്തരുടെയും അഭിരുചികൾ, താലന്തുകൾ, കഴിവുകൾ കണ്ടെത്തി അത് ജീവിതത്തിൽ ഉപയോഗിക്കുക. അതാണ് ഇന്നത്തെ ആവശ്യം.

മക്കൾ ഭാവിയിൽ എന്തായിത്തീരണം എന്നാഗ്രഹിക്കുന്ന മാതാപിതാക്കൾ വളരെ ആഴത്തിൽ അറിഞ്ഞിരിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യമാണ് സ്വന്തം മക്കളുടെ അഭിരുചികൾ.

വളരെ ചെറുപ്പത്തിൽത്തന്നെ കുട്ടികളോട് നിരന്തരമായി ആശയവിനിമയം ചെയ്യുകയും അവരുടെ ദൈനംദിന പ്രവർത്തനങ്ങളെ ശ്രദ്ധയോടെ നിരീക്ഷിക്കുകയും ചെയ്യുന്ന മാതാപിതാക്കൾക്ക് മാത്രമേ സ്വന്തം മക്കളുടെ അഭിരുചികൾ, കഴിവുകൾ, കഴിവുകേടുകൾ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. അങ്ങനെയുള്ള മാതാപിതാക്കൾക്ക് മാത്രമേ സ്വന്തം മക്കളെ യഥാർത്ഥ ലക്ഷ്യങ്ങളിലേക്ക് നയിക്കാൻ സാധിക്കൂ.

അവരവരുടെ മനസ്സിലെ ആഗ്രഹങ്ങൾക്കും പ്രതീക്ഷകൾക്കുമനുസരിച്ച് മക്കളെ വളർത്തി വലുതാക്കണമെന്ന് ആഗ്രഹമുള്ള ധാരാളം മാതാപിതാക്കളുണ്ട്. ഇത് വളരെ പരിതാപകരമായ സ്ഥിതിയിലേക്ക് കുട്ടികളെ എത്തിക്കും.

കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന ധാരാളം കഴിവുകളെ, വാസനകളെ ഉണർത്തിയെടുത്ത് കുട്ടികളെ ഉന്നതവ്യക്തിത്വങ്ങളാക്കാനുള്ള ഒരു വലിയ ദൗത്യം മാതാപിതാക്കൾക്കുണ്ട്. അവിടെയാണ് അഭിരുചിയെപ്പ

റ്റി നാം ചിന്തിക്കേണ്ടത്. എന്താണ് അഭിരുചി എന്ന് ആദ്യം മാതാപിതാക്കൾ മനസ്സിലാക്കണം.

അഭിരുചി അഥവാ aptitude പ്രകൃത്യാ ഓരോ വ്യക്തിയിലുമുള്ളതാണ്. അതൊരു ജന്മവാസനയാണ്. ലീന എന്ന കുട്ടി പഠനത്തിൽ വളരെ മുൻപിലാണ്. പന്ത്രണ്ടാം ക്ലാസ്സ് കഴിഞ്ഞപ്പോൾ അവൾ കോയമ്പത്തൂരിലെ ഒരു കോളേജിൽ ഫുഡ് ആന്റ് ന്യൂട്രീഷൻ പഠിക്കാൻ ആരംഭിച്ചു. ലീനയുടെ പിതാവിന്റെ ഈ തീരുമാനം വളരെ യുക്തിയുള്ളതായിരുന്നു. പിതാവിന് അതിനെപ്പറ്റി വളരെ വ്യക്തമായ ഉത്തരമുണ്ട്. ലീന ചെറുപ്പത്തിൽത്തന്നെ ആഹാരം പാകം ചെയ്യുന്നതിലും അതിന്റെ വിവിധ ഗുണങ്ങളെപ്പറ്റിയുള്ള കാര്യത്തിലും താല്പര്യം കാണിച്ചിരുന്നു. ഒരു പായ്ക്കറ്റ് ബിസ്കറ്റ് ലീനക്ക് കൊടുത്താൽ ഒരിക്കലും ലീന ഉടനടി പായ്ക്കറ്റ് തുറന്ന് ബിസ്കറ്റ് തിന്നില്ല. ആദ്യം ബിസ്കറ്റ് പായ്ക്കറ്റിന്റെ ഭംഗി ആസ്വദിച്ച് അതിന്റെ ചേരുവകളൊക്കെ ശ്രദ്ധയോടെ വായിക്കും. പിന്നെ പായ്ക്കറ്റ് പൊട്ടിച്ച് ബിസ്കറ്റിന്റെ മണം ആസ്വദിക്കും. 'ഇതുപോലെ നമുക്കും ഉണ്ടാക്കാൻ പറ്റും' എന്ന് സ്വയം പറയും. ഇതൊക്കെ ലീനയുടെ പിതാവ് സശ്രദ്ധം വീക്ഷിക്കാറുണ്ട്. ലീനയുടെ ആഹാരസാധനങ്ങളോടുള്ള താല്പര്യം, അതിന്റെ നിർമ്മാണത്തിലുള്ള താല്പര്യം പിതാവിനെ ലീനയുടെ അഭിരുചിയെപ്പറ്റി ചിന്തിക്കാനും വ്യക്തമായ ഒരു ലക്ഷ്യത്തിലേക്ക് തിരിച്ചുവിടാനും സഹായിച്ചു. പഠിച്ച കോളേജിൽ ലീന വളരെ ഉയർന്ന മാർക്കോടെ പരീക്ഷ പാസ്സായി. വീണ്ടും എൻട്രൻസ് പരീക്ഷയിലൂടെ മൈസൂറിലെ പ്രസിദ്ധമായ ഫുഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ അഡ്മിഷൻ കിട്ടി. അവിടെ വളരെ താല്പര്യത്തോടെ പഠിച്ച ലീനയെ രണ്ടാമത്തെ വർഷം ക്യാമ്പസിൽ എത്തിയ പല കമ്പനികളും അവരുടെ കമ്പനിയിലേക്ക് തെരഞ്ഞെടുത്തു. പക്ഷേ ലീന തെരഞ്ഞെടുത്തത് സുപ്രസിദ്ധമായ നെസ്ലെ കമ്പനിയാണ്. അറുപതിനായിരം രൂപ ശമ്പളത്തിൽ ലീന നെസ്ലെ കമ്പനിയിൽ ജോലിയിൽ പ്രവേശിച്ചു.

ഇവിടെ ലീനയെ എഞ്ചിനീയറിംഗിന് വിട്ടിരുന്നെങ്കിൽ ലീന എഞ്ചിനീയറാകുമായിരുന്നു. പക്ഷെ പിതാവ് ലീനയുടെ അഭിരുചി തിരിച്ചറിഞ്ഞു. അതുകൊണ്ട് ലീന തനിക്കിഷ്ടപ്പെട്ട വിഷയം പഠിച്ച് വളരെ സംതൃപ്തിയോടെ, സന്തോഷത്തോടെ ജോലി ചെയ്യുന്നു.

ചില കുട്ടികൾക്ക് ഒന്നിൽ കൂടുതൽ അഭിരുചികൾ കാണാം. ഈ അഭിരുചികൾ മുഴുവൻ മാതാപിതാക്കൾ മനസ്സിലാക്കണം. അത് വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കണം. കൗമാര പ്രായക്കാരുടെ വാസനകളെ അഥവാ അഭിരുചികളെ സസൂക്ഷ്മം നിരീക്ഷിക്കാനും പഠിക്കാനും പല മാതാപിതാക്കളും താല്പര്യവും ആവേശവും കാണിക്കാറില്ല. ഇത് വളരെ സങ്കടകരമായ കാര്യമാണ്. നമ്മുടെ കുട്ടികളുടെ എല്ലാ അഭിരുചികളും ദൈവത്തിന്റെ ദാനമാണ്. അഥവാ ദൈവം തന്ന താലന്തുകളാണ്. ചിലരുടെ അഭിരുചികൾ മയക്കത്തിലാണ്. അതിനെ ഉണർത്തണം. ചില കുട്ടികളുടെ അഭിരുചികൾ പലതാണ്. അതെല്ലാം മാതാപിതാക്കൾ മനസ്സിലാക്കിയിരിക്കണം. അതുകൊണ്ട് കുട്ടികൾ വ്യത്യസ്തരാകുന്നത് അവരുടെ അഭിരുചികളിലൂടെയാണ്.

ചിലർക്ക് ഒരിടത്ത് അടങ്ങിയിരുന്ന് ചെയ്യുന്ന ജോലികളായിരിക്കും ഇഷ്ടം. വേറെ ചിലർ ആളുകളെ കണ്ടുമുട്ടി സംസാരിക്കാനാഗ്രഹിക്കുന്നവരായിരിക്കും. മറ്റൊരു കൂട്ടർക്ക് പടം വരയ്ക്കാനും പാടാനും അഭിരുചിയുണ്ടായിരിക്കും. ചില കുട്ടികൾ യന്ത്രങ്ങളുമായി ചങ്ങാത്തം കൂടാൻ ഇഷ്ടമുള്ളവരാണ്. ചിലർക്ക് താല്പര്യം കളികളിലായിരിക്കും. എന്തുമാകട്ടെ.

മാതാപിതാക്കൾക്ക് സ്വന്തം മക്കളുടെ കഴിവുകളെ, അഭിരുചികളെ തിരിച്ചറിയാനുള്ള മനസ്സും കഴിവും ഉണ്ടായിരിക്കണം.

ഇത്തരം തിരിച്ചറിവുകളിലൂടെ സ്വന്തം മക്കൾക്ക് വ്യക്തമായ ലക്ഷ്യം ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കുന്നു.

നിർഭാഗ്യവശാൽ പല മാതാപിതാക്കളും തങ്ങൾക്ക് നേടിയെടുക്കാൻ സാധിക്കാത്ത കാര്യം മക്കളെക്കൊണ്ട് നേടാൻ ശ്രമിക്കുന്നവരാണ്.

പന്ത്രണ്ടാം ക്ലാസ്സ് ജയിച്ച റജി മാതാപിതാക്കളുടെ നിർബന്ധം മൂലം എഞ്ചിനീയറിംഗിന് അഡ്മിഷൻ വാങ്ങി. റജിയുടെ പിതാവ് ഒരു കാലത്ത് എഞ്ചിനീയറിംഗ് പഠിക്കാൻ ആഗ്രഹിച്ചിട്ടും സാധിക്കാതെ വന്ന വ്യക്തിയാണ്. അതുകൊണ്ട് സ്വന്തം മകനെ എഞ്ചിനീയറാക്കി കാണാൻ അയാൾക്ക് വലിയ ആഗ്രഹം. അങ്ങനെയാണ് ഇഷ്ടമില്ലാഞ്ഞിട്ടും മാതാപിതാക്കളുടെ നിർബന്ധം മൂലം റജി ഇലക്ട്രോണിക് ബ്രാഞ്ചിൽ അഡ്മിഷൻ എടുത്തത്. പക്ഷേ നാല് വർഷത്തെ കോഴ്സ് കഴിഞ്ഞിട്ടും റജിക്ക് ഏതാണ്ട് മുപ്പത് പേപ്പർ എഴുതിയെടുക്കാനുണ്ട്. ഒരു ജോലിക്ക് കയറാനും റജിക്ക് ഇന്ന് യോഗ്യതയില്ല. അതേസമയം ആഗ്രഹിച്ചതുപോലെ മാത്തമാറ്റിക്സ് ഡിഗ്രി കോഴ്സിൽ ചേർന്നിരുന്നെങ്കിൽ, ജോലിയിൽ കയറാൻ യോഗ്യതയുള്ള വ്യക്തിയാകുമായിരുന്നു റജി.

വഴികാട്ടികളാകേണ്ട മാതാപിതാക്കൾ വഴി തെറ്റിക്കുന്നവരാകരുത്. പക്ഷേ നാം ചുറ്റുപാടും കാണുന്നത് വഴിതെറ്റിക്കുന്ന അനേകം മാതാപിതാക്കളെയല്ലേ?


പത്രപ്രവർത്തനത്തിൽ അഭിരുചിയുള്ള കൗമാരക്കാരി പറഞ്ഞു. അമ്മ എന്നെ ഒരിക്കലും ജേർണലിസം പഠിക്കാൻ അനുവദിക്കില്ല. എഞ്ചിനീയറിംഗിന് പോയാൽ പെട്ടെന്ന് ജോലി കിട്ടും. ഒരുപക്ഷേ ഒരു വലിയ പത്രപ്രവർത്തകയാകേണ്ട ഈ കൗമാരക്കാരിയെ തനിക്ക് ഇഷ്ടമില്ലാത്ത വിഷയമെടുപ്പിച്ച് എഞ്ചിനീയറാക്കാനുള്ള അമ്മയുടെ ആഗ്രഹത്തിൽ യാതൊരു നന്മയുമില്ല.

ഒരു കൗമാരപ്രായക്കാരന്റെ എല്ലാ അഭിരുചികളും ഒരുപോലെ വളർത്തിയെടുത്ത് ക്രിയാത്മകമാക്കാൻ അവനെ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. കവിതയെഴുതുന്ന എഞ്ചിനീയറന്മാരുണ്ട്. പാട്ടുപാടുകയും ചിത്രങ്ങൾ വരയ്ക്കുകയും ചെയ്യുന്ന ഡോക്ടർമാരുണ്ട്, കൃഷിയും പാചകവും ചെയ്യുന്ന അദ്ധ്യാപകരുണ്ട്. ഇങ്ങനെയുള്ളവരെല്ലാം ജീവിതത്തെ പൂർണ്ണതയിൽ എത്തിക്കുന്നവരാണ്.

ഇവർക്ക് ജീവിതത്തിൽ 'ബോറടി'യില്ല, 'ചിന്തിച്ചു'കൂട്ടാനുള്ള സമയമില്ല. ഇവർ ഏത് സമയത്തും കർമ്മനിരതരാണ്. ക്രിയാത്മകമായി പ്രവർത്തിക്കുന്നവരാണ്.

*ശേഷം പേജ് 23-ൽ*

# രണ്ടാമത്തെ മാമോദീസ വേദാനുസൃതമാണോ?



ജസ്റ്റിസ് കെ.റ്റി. തോമസ്
സുപ്രിംകോടതി മുൻ ജഡ്ജി

**'രാജ്യനിയമപ്രകാരം ഒരു മൈനർക്ക് ഏതെങ്കിലും സ്വത്ത് ആർജിക്കുവാൻ അവകാശമുണ്ട്. അത് ആ പൈതലിന്റെ രക്ഷകർത്താവ് മുഖാന്തരമേ ആർജിക്കുവാൻ പാടുള്ളൂ. ഈ തത്വമാണ് മാമോദീസയുടെ കാര്യത്തിൽ എപ്പിസ്കോപ്പൽ സഭകൾ സ്വീകരിക്കുന്നത്. പൈതൽ പ്രായപൂർത്തി ആകുമ്പോൾ അവർക്കു വേണ്ടി രക്ഷകർത്താവ് ചെയ്തത് അംഗീകരിക്കാനോ നിരാകരിക്കുവാനോ അവർക്ക് അവകാശമുണ്ട്. അതേ തത്വമാണ് മാമോദീസയുടെ കാര്യത്തിലും സഭാപിതാക്കന്മാർ കൈക്കൊണ്ടിട്ടുള്ളത്.'**

ഈ വിഷയം വർഷങ്ങൾക്ക് മുമ്പ് അപ്രസക്തമായിരുന്നു. എന്നാൽ ഞാൻ 2002-ൽ ജോലിയിൽനിന്ന് വിരമിച്ച് കോട്ടയത്ത് വന്നപ്പോൾ എന്റെ കുടുംബത്തിലും അടുത്ത ബന്ധത്തിലുംപെട്ട ഏതാനും പേർ നവതലമുറ സഭകളിൽ (Non Episcopal Churches) ചേർന്നതിനെത്തുടർന്ന് വീണ്ടും മാമോദീസ കഴിച്ചതായി പറഞ്ഞു. അതാണ് ശരിയായിട്ടുള്ളത്, അതുകൊണ്ട് ഞാനുംകൂടി അങ്ങനെ ചെയ്യേണ്ടതാണെന്നു പറഞ്ഞ് എന്നെ പ്രേരിപ്പിക്കുകയും ചെയ്തതുകൊണ്ട് രണ്ടാമത് സ്വീകരിക്കുന്ന മാമോദിസ വേദാനുസരണമാണോന്ന് എനിക്ക് പഠിക്കേണ്ടി വന്നു. നവതലമുറ സഭകൾ എന്ന് ഞാൻ ഉദ്ദേശിക്കുന്നത് ബ്രദറൺ, പെന്തെക്കോസ്ത് എന്നിത്യാദി സഭകളെയാണ്. അങ്ങനെയുള്ള സഭകളിൽ ജനിച്ചുവളർന്നവർക്ക് പ്രായപൂർത്തി ആകുമ്പോൾ മാത്രമേ മാമോദിസ നൽകപ്പെടുകയുള്ളൂ, അതിൽ എന്തെങ്കിലും തെറ്റുള്ളതായി ഞാൻ മനസ്സിലാക്കിയിട്ടില്ല. എന്നാൽ പൈതൽ പ്രായത്തിൽ മാമോദിസ നൽകപ്പെട്ട ഒരു വ്യക്തി പിൽകാലത്ത് ഏതെങ്കിലും നവതലമുറ സഭയിൽ ചേരുകയാണെങ്കിൽ വീണ്ടും (രണ്ടാമത്) മാമോദിസ സ്വീകരിക്കുന്നത് വേദശാസ്ത്രപ്രകാരം ശരിയാണോ?

എപ്പിസ്കോപ്പൽ സഭകൾ അടിസ്ഥാന പ്രമാണങ്ങളായി സ്വീകരിക്കുന്ന വിഷയങ്ങൾ ഉരുത്തിരിഞ്ഞത് നാലാം നൂറ്റാണ്ടിൽ നടന്ന ഏതാനും സുന്നഹദോസ് സമ്മേളനങ്ങളിൽ സ്വീകരിക്കപ്പെട്ട തീരുമാനങ്ങളാണ്. അവയിൽ പ്രധാനമായിട്ടുള്ളത് കോൺസ്റ്റാന്റിനോപ്പിൾ എഫേസൂസ് എന്നീ നഗരങ്ങളിൽവച്ച് നടത്തപ്പെട്ട സുന്നഹദോസുകളാണ്. ആ സമ്മേളനങ്ങളിലാണ് എപ്പിസ്കോപ്പൽ സഭകൾ ആരാധനാമദ്ധ്യേ പറയുന്ന വിശ്വാസപ്രമാണവും പട്ടത്വം തുടങ്ങിയ കൂദാശകളും രൂപീകരിക്കപ്പെട്ടത്. അതിൽ വച്ചാണ് യേശുക്രിസ്തുവിന്റെ ദൈവത്വം, ത്രിത്വ ഉപദേശം, മാമോദീസ എന്നീ വിഷയങ്ങൾ സംബന്ധിച്ചുള്ള തീരുമാനങ്ങൾ ആരാധനക്രമങ്ങൾ എന്നിവ തയ്യാറാക്കിയിട്ടുള്ളത്.

പുതിയ നിയമത്തിലെ നാല് സുവിശേഷങ്ങളും തുടർന്നുള്ള പുസ്തകങ്ങളും ആസ്പദമാക്കിയാണ് മേൽപറഞ്ഞ സുന്നഹദോസുകളിൽ തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നത്. മാമോദീസ നൽകുന്നത് വേദാനുസൃതമാണെന്നുള്ള ഉപദേശം അവർ സ്വീകരിച്ചതുകൊണ്ടാണ് എല്ലാ എപ്പിസ്കോപ്പൽ സഭകളും ശൈശവസ്നാനത്തിന് അനുമതി നൽകിയത്. എന്നാൽ ഒരിക്കൽ മാമോദീസ സ്വീകരിച്ച ഒരാൾക്ക് രണ്ടാമത് മാമോദീസ നൽകുന്നത് വേദവിപരീതമാണെന്ന് സഭാപിതാക്കന്മാർ നിഷ്കർഷിച്ചതിന് അടിസ്ഥാനം പൗലോസ് അപ്പോസ്തലൻ എഫേസ്യർക്ക് എഴുതിയ ലേഖനത്തിൽ നടത്തിയ പരാമർശമാണ്.

രണ്ടാമത് മാമോദിസ നൽകുന്നതു വേദവിപരീതമാണെന്ന് നവതലമുറ സഭകളും സമ്മതിക്കുന്നുണ്ട്. എന്നാൽ അവർ പറയുന്ന ന്യായീകരണം ശിശുക്കൾക്ക് കൊടുത്ത മാമോദീസ ശിശുവിന്റെ സമ്മതത്തോടു കൂടി അല്ലാത്തതുകൊണ്ട് അത് സാധുവായ മാമോദീസയായി കണക്കാക്കുവാൻ നിവൃത്തിയില്ലെന്നാണ്. രണ്ടാമത്തെ മാമോദീസ നടത്തുന്നതിന് അതിലേക്ക് അവർ ഉദ്ധരിക്കുന്ന വേദഭാഗം മർക്കോസ് എഴുതിയ സുവിശേഷത്തിലെ 16-ാം അദ്ധ്യായത്തിലെ 16-ാം വാക്യമാണ് (വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും).

ഈ വാക്യത്തെ അടിസ്ഥാനപ്പെടുത്തി അ

വർ പറയുന്നത് ശിശുക്കൾക്ക് വിശ്വസിക്കാനുള്ള പ്രായം ആകാത്തതുകൊണ്ട് അവർക്ക് സ്നാനം നൽകുന്നതിന് യാതൊരു ന്യായീകരണവുമില്ലെന്നാണ്. പ്രഥമദൃഷ്ട്യാ ഇത് ന്യായമാണെന്ന് തോന്നിയേക്കാം. എന്നാൽ കൂടുതലായി ഇതിനെപ്പറ്റി വായിക്കുമ്പോൾ അവർ പറയുന്നതിൽ അർത്ഥമില്ലെന്ന് മനസ്സിലാകും. ഒന്നാമത് മർക്കോസ് സുവിശേഷം എഴുതിയപ്പോൾ ഒടുവിലത്തെ അദ്ധ്യായമായ 16-ാം അദ്ധ്യായത്തിന്റെ 8-ാം വാക്യം വരെ മാത്രമേ എഴുതിയിട്ടുള്ളു എന്നും പിന്നീടു 19-ാം വാക്യം വരെയുള്ള ഭാഗങ്ങൾ ഏതാനും നൂറ്റാണ്ടുകൾക്ക് ശേഷം ചേർക്കപ്പെട്ടവയാണെന്നുമുള്ളത് ഒരു ചരിത്രസത്യമാണ്. അതുകൊണ്ട് ഈ വിഷയത്തിൽ പൂർവപിതാക്കന്മാർ ആശ്രയിച്ചത് മത്തായി എഴുതിയ സുവിശേഷത്തിന്റെ 28-ാം അദ്ധ്യായത്തിൽ ഒടുവിൽ പറഞ്ഞ രണ്ടു വാചകങ്ങളാണ്. ആ വാചകങ്ങൾ യേശുക്രിസ്തു പറഞ്ഞ വാചകങ്ങളായിട്ടാണ് സുവിശേഷകർ രേഖപ്പെടുത്തിയിരിക്കുന്നത്. അത് ഇങ്ങനെയാണ്: 'അതുകൊണ്ട് നിങ്ങൾ പോയി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതെല്ലാം അനുസരിക്കുവാൻ ഉപദേശിച്ചുകൊണ്ടും സകല ജനതകളെയും എന്റെ ശിഷ്യരാക്കി കൊൾവീൻ.'

എപ്പിസ്കോപ്പൽ സഭകളെ സംബന്ധിച്ചിടത്തോളം മാമോദീസ മുദ്ര ഇടുന്ന ഒരു കർമ്മമാണ്. അതായത് ഏത് പ്രായത്തിൽപ്പെട്ടയാളാണെങ്കിലും മാമോദിസ സ്വീകരിക്കുമ്പോൾ അയാൾ പരിശുദ്ധാത്മ നൽവരത്തിന് അർഹനായിത്തീരുന്നുവെന്ന് സഭ അംഗീകരിക്കുന്നതിന്റെ ചടങ്ങിൽ നൽകപ്പെടുന്ന മുദ്രയാണ്. പൈതൽപ്രായത്തിൽ മാമോദീസ സ്വീകരിക്കുന്ന ആൾ ഒരു രക്ഷകർത്താവ് മുഖേനയാണ് അത് സ്വീകരിക്കേണ്ടതെന്ന് എപ്പിസ്കോപ്പൽ സഭകൾ പഠിപ്പിക്കുന്നതിന്റെ അടിസ്ഥാനം മറ്റൊന്നാണ്.

രാജ്യനിയമപ്രകാരം ഒരു മൈനർക്ക് ഏതെങ്കിലും സ്വത്ത് ആർജിക്കുവാൻ അവകാശമുണ്ട്. അത് ആ പൈതലിന്റെ രക്ഷകർത്താവ് മുഖാന്തരമേ ആർജിക്കുവാൻ പാടുള്ളു. ഈ തത്വമാണ് മാമോദീസയുടെ കാര്യത്തിൽ എപ്പിസ്കോപ്പൽ സഭകൾ സ്വീകരിക്കുന്നത്. പൈതൽ പ്രായപൂർത്തി ആകുമ്പോൾ അവർക്കു വേണ്ടി രക്ഷകർത്താവ് ചെയ്തത് അംഗീകരിക്കാനോ നിരാകരിക്കുവാനോ അവർക്ക് അവകാശമുണ്ട്. അതേ തത്വമാണ് മാമോദീസയുടെ കാര്യത്തിലും സഭാപിതാക്കന്മാർ കൈക്കൊണ്ടിട്ടുള്ളത്. അതിനുവേണ്ടി ക്രിസ്തീയസഭകൾ മാമോദീസയുടെ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന പ്രായപൂർത്തി 18 ആകണമെന്നില്ല. കാര്യങ്ങൾ ഗ്രഹിക്കാനുള്ള കഴിവ് അവർക്ക് ഉണ്ടായിക്കഴിഞ്ഞ് എപ്പോൾ വേണമെങ്കിലും അവർ സ്വീകരിച്ച മാമോദീസ സ്വീകരിക്കാൻ അവർക്ക് അവകാശം കൊടുത്തിട്ടുണ്ട്. അതിന് സ്ഥിരികരണമെന്നോ ആദ്യ കുർബ്ബാന എന്നോ ഉള്ള പദങ്ങളാണ് ഉപയോഗിച്ചു പോരുന്നത്. അപ്രകാരം സ്വീകരിച്ച് കഴിഞ്ഞാൽ പൈതൽപ്രായത്തിൽ നൽകിയ മാമോദീസ നിരുപാധികമായി തീരുന്നുവെന്നാണ് ആംഗ്ലിക്കൻ സഭയിലെ ബിഷപ്പായിരുന്ന റൈറ്റ്. റവ. ആർനോൾഡ് ലെഗ്ഗ് എഴുതിയ പുസ്തകത്തിൽ പറയുന്നത്. മറ്റൊരു കാരണംകൂടി എപ്പിസ്കോപ്പൽ സഭകൾ ഉന്നയിക്കുന്നത്, സ്നാനം എന്നത് പരിശുദ്ധാത്മസ്നാനം എന്ന തത്വത്തെ അടിസ്ഥാനമാക്കിയാണ് എന്നത്രെ. യേശുവിന് സ്നാനം നൽകിയത് സ്നാപക യോഹന്നാൻ ആയിരുന്നു. അദ്ദേഹം തന്നെ പറഞ്ഞിട്ടുള്ളത് എനിക്ക് വെള്ളംകൊണ്ട് മാത്രമേ സ്നാനം നൽകാൻ സാധിക്കൂ. യേശു നിങ്ങളെ പരിശുദ്ധാത്മാവ് കൊണ്ട് സ്നാനം കഴിപ്പിക്കും എന്നാണ്. പരിശുദ്ധാത്മാവ് എന്ന പദത്തിന് പല സന്ദർഭങ്ങളിൽ പല അർത്ഥം കാണുന്നുണ്ട്. സ്നാനം എന്ന സന്ദർഭത്തിൽ പരിശുദ്ധാത്മാവ് എന്നതിന് അർത്ഥം ദൈവത്തിന്റെ അനുഗ്രഹങ്ങൾ എന്നാണ് എപ്പിസ്കോപ്പൽ സഭകൾ സ്വീകരിച്ചിരിക്കുന്നത്. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിന് ബൈബിളിൽ പ്രായപരിധിയില്ല. ഗർഭസ്ഥശിശുവിനു പോലും പരിശുദ്ധാത്മനൽവരത്തിന് അവകാശം ഉണ്ടെന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്.

നവതലമുറക്കാരുടെ ഏറ്റവും പ്രധാനപ്പെട്ട വാദം മാമോദീസ സ്വീകരിക്കുന്ന ആളുടെ സമ്മതം ഇല്ലാതെ പൈതലിന് സ്നാനം നൽകുന്നത് അർത്ഥരഹിതമാണെന്നത്രെ. അതൊരു ദുർബലമായ വാദഗതിയാണ്. പൈതലിന്റെ സമ്മതമില്ലാതെ മാതാപിതാക്കൾ നൽകിയ പേരാണല്ലോ ആ പൈതലിന്റെ ജീവിതാവസാനംവരെ അവന്റെ ഐഡന്റിറ്റിക്ക് പ്രധാനമായും സ്വീകരിക്കപ്പെടുന്നത്. പൈതലിന്റെ സമ്മതമില്ലാതെ ശൈശവപ്രായത്തിൽ അവനെ പഠിപ്പിച്ച ആ ഭാഷയാണല്ലോ മരണംവരെ അവന്റെ മാതൃഭാഷയായി തുടരുന്നത്. ഇപ്രകാരം പല സംഗതികളിലും പൈതലിന്റെ സമ്മതമില്ലാതെ മാതാപിതാക്കൾ നൽകുന്നത് അവന്റെ ജീവിതാവസാനംവരെ നിലനിൽക്കുന്നുണ്ട്. അപ്രകാരമുള്ള ഒരു ഐഡന്റിറ്റി എന്ന നിലയ്ക്കാണ് പൈതൽപ്രായത്തിൽ ശിശുക്കൾക്ക് മാമോദീസ നല്കുന്നത്.

മേൽപ്പറഞ്ഞത് കൂടാതെ വേറെ പല ന്യായങ്ങളും ശിശുസ്നാനത്തെ ന്യായീകരിക്കുവാൻ എപ്പിസ്കോപ്പൽ സഭകളിലെ വേദപണ്ഡിതന്മാർ അക്കമിട്ട് നിരത്തി പറയാറുണ്ട്. അവയെല്ലാം ഈ ലേഖനത്തിൽ വിവരിച്ചാൽ ഈ ലേഖനം ക്രമാതീതമായി നീണ്ടുപോകുവാൻ ഇടയുണ്ട്. ഏത് നിലയിലും ഒരാൾ സ്നാനം ഏൽക്കുന്നത് ശൈശവത്തിൽ ആണെങ്കിലും പ്രായമായിക്കഴിഞ്ഞിട്ടാണെങ്കിലും ഒരിക്കൽ മാത്രം ആയിരിക്കണമെന്ന കാര്യത്തിൽ യാതൊരു സംശയവും എനിക്കില്ല. ശിശുപ്രായത്തിൽ മാമോദീസ നല്കുന്ന മാതാപിതാക്കളോടു കാണിക്കുന്ന ഒരു വലിയ അപരാധമായിരിക്കും പ്രായമായിക്കഴിഞ്ഞ് അയാൾ രണ്ടാമത് മാമോദീസ കൈക്കൊള്ളുന്നത്. ഇത്രയെല്ലാം കാരണങ്ങൾ കൊണ്ടാണ് രണ്ടാമത് മാമോദീസ കൈക്കൊള്ളുവാൻ എന്നെ പ്രേരിപ്പിച്ചവരോട് ഞാനത് നിരസിച്ചത്.

9447078215

ലാവണ്യവിചാരം - 26

# ഐക്കണോഗ്രഫിയുടെ അർത്ഥതലങ്ങൾ



ഫാ. ഡോ. കെ. എം. ജോർജ്

ക്രിസ്തീയ ചിത്രകല എന്നൊന്നുണ്ടോ എന്ന് ന്യായമായും ചോദിക്കാം. രണ്ട് ഉത്തരങ്ങൾ നൽകാവുന്നതാണ്. ഒന്ന്: ബൈബിൾ കഥാപാത്രങ്ങൾ, ക്രിസ്തുവിന്റെ ജീവിതകഥ, ക്രിസ്തുവിനെപ്രതി ജീവിച്ചു മരിച്ച വിശുദ്ധ മനുഷ്യർ എന്നിവ അടിസ്ഥാനമാക്കി ചിത്രങ്ങൾ വരയ്ക്കുന്ന പാശ്ചാത്യശൈലിയാണ് ക്രിസ്തീയ ചിത്രകല എന്നു നാം പൊതുവെ അറിയുന്നത്. മുമ്പ് സൂചിപ്പിച്ചിട്ടുള്ളതുപോലെ, മൈക്കലാഞ്ചലോ, ദാവിഞ്ചി തുടങ്ങിയ പാശ്ചാത്യ നവോത്ഥാന ചിത്രകാരന്മാരുടെ ചിത്രങ്ങളാണ് ഈ വകുപ്പിൽ കൂടുതലും. ത്രിമാന പ്രതീതി നൽകുന്ന ഇത്തരം യഥാതഥ ചിത്രങ്ങളെക്കുറിച്ച് മുൻ ലക്കത്തിൽ സൂചിപ്പിച്ചല്ലോ.

രണ്ട്: ക്രിസ്തീയ വേദശാസ്ത്രത്തിന്റെയും ദൈവജ്ഞാനതത്വങ്ങളുടെയും അടിസ്ഥാനത്തിൽ, നോമ്പ്, പ്രാർത്ഥന എന്നിവയോടുകൂടി പ്രത്യേകമായ ശൈലിയിൽ വരയ്ക്കുന്ന 'ഐക്കൺ' (Icon) കൃത്യമായ അർത്ഥത്തിൽ ക്രിസ്തീയ ചിത്രകലയാണ്. ബിസന്റൈൻ (Byzantine) പാരമ്പര്യത്തിൽ, അതായത് പൗരസ്ത്യ റോമാ സാമ്രാജ്യത്തിൽ കുസ്തന്തീനോസ് ചക്രവർത്തി ബിസാന്റിയം എന്ന സ്ഥലത്ത് സ്ഥാപിച്ച കുസ്തന്തീനോപോലീസ് (Constantinople) എന്ന സാമ്രാജ്യ തലസ്ഥാനം കേന്ദ്രമാക്കിയ ഗ്രീക്ക് ഓർത്തഡോക്സ് പാരമ്പര്യത്തിലാണ് ഐക്കണോഗ്രഫി വികാസം പ്രാപിച്ചത്. പിന്നീട് ഒമ്പതാം നൂറ്റാണ്ടിൽ പൗരസ്ത്യ യൂറോപ്പിലെ സ്ലാവിക് വംശജരുടെ ഇടയിൽ, അതായത് റഷ്യ, യുക്രയിൻ, ബൾഗേറിയ തുടങ്ങിയ പ്രദേശങ്ങളിൽ ഗ്രീക്ക് ഓർത്തഡോക്സ് സഭ സുവിശേഷം അറിയിക്കുകയും ആ പ്രദേശങ്ങളെല്ലാം പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിൽ വരികയും ചെയ്തപ്പോൾ ഗ്രീക്കുകാരുടെ ഐക്കണോഗ്രഫിയും അവിടെയെല്ലാം പ്രചരിച്ചു. അതുകൊണ്ട് മുൻപറഞ്ഞ എല്ലാ ഓർത്തഡോക്സ് ദേവാലയങ്ങളിലും പള്ളിക്കകത്ത് ഐക്കൺ ചിത്രങ്ങൾ നിർബന്ധമായും ആലേഖനം ചെയ്തു. ഇന്നും ആ പാരമ്പര്യം ശക്തമായി തുടരുന്നു.

ഈജിപ്തിലെ കോപ്റ്റിക് സഭ, സുറിയാനി സഭ തുടങ്ങിയ പുരാതന പൗരസ്ത്യ സഭകൾക്കും സ്വന്തമായി ഐക്കണോഗ്രഫി ഉണ്ടായിരുന്നു എങ്കിലും ഇസ്ലാമിന്റെ പ്രബലമായ ആധിപത്യത്തിൽ, പ്രത്യേകിച്ചും ഓട്ടോമാൻ സാമ്രാജ്യത്തിന്റെ കീഴിൽ ഏതാണ്ട് 19-ാം നൂറ്റാണ്ടുവരെയും അമർന്നു പോയതുകൊണ്ട് അവരുടെ ചിത്രകല വികാസം പ്രാപിച്ചില്ല. കാരണം വ്യക്തമാണല്ലോ. ഇസ്ലാമിൽ മുഹമ്മദ് നബിയുടെയോ മറ്റേതെങ്കിലും പുണ്യ വ്യക്തികളുടെയോ ഉൾപ്പെടെയുള്ള എല്ലാ മതചിത്രങ്ങളും സമ്പൂർണ്ണമായി നിരോധിക്കപ്പെട്ടിരിക്കുന്നു. അമൂർത്തമായ അലങ്കാരപണികൾ മാത്രമാണ് മോസ്ക്കുകളിലും മറ്റും അനുവദിക്കുന്നത്. എന്നാൽ എത്യോപ്യൻ ഓർത്തഡോക്സ് സഭയിൽ ഇസ്ലാമിന്റെയോ കൊളോണിയൽ ശക്തികളുടെയോ ആധിപത്യം കാര്യമായി ഉണ്ടാകാഞ്ഞതിനാൽ അവരുടെ ചിത്രകല തദ്ദേശീയ ആഫ്രിക്കൻ സ്വഭാവമുള്ള ഒന്നായി വികാസം പ്രാപിച്ചു.

ഇന്ത്യയിൽ സുറിയാനി പാരമ്പര്യത്തിലുള്ള പള്ളികളിൽ മതചിത്രങ്ങൾ വയ്ക്കുന്ന പതിവ് പോർച്ചുഗീസുകാരുടെ വരവു വരെ ഇല്ലായിരുന്നു എന്നു വേണം ചിന്തിക്കാൻ. ഇസ്ലാം ആധിപത്യത്തിൽ കഴിഞ്ഞ സുറിയാനിക്കാരിൽ നിന്ന് ലഭിച്ച ഒരു രീതിയായിരിക്കാം അത്. മറുവശത്ത് ഇന്ത്യയിൽ ബഹുദേവതകളുടെ ശില്പങ്ങളും വിഗ്രഹങ്ങളും ചിത്രാലേഖനങ്ങളും കൊണ്ട് ക്ഷേത്രങ്ങളെല്ലാം പരിപൂരിതമാണല്ലോ. ഒരുപക്ഷേ വിഗ്രഹാരാധന, ബഹുദൈവവിശ്വാസം എന്നിവയോടുള്ള വേദപുസ്തകപരമായ അകൽച്ചയും അതിന് കാരണമായിരുന്നിരിക്കാം (കൂടുതൽ ചരിത്രഗവേഷണം ആവശ്യമുള്ള മേഖലയാണിത്). എങ്കിലും ആകെത്തുകയിൽ പറഞ്ഞാൽ പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യം സവിശേഷമായ ചിത്രകലാശൈലികൾ രൂപപ്പെടുത്തിയിട്ടുണ്ട്. പതിനാറാം നൂറ്റാണ്ടിൽ ആരംഭിച്ച് കൊളോണിയൽ പ്രസ്ഥാനത്തിലൂടെ ലോകമാസകലം വ്യാപിച്ച പാശ്ചാത്യ ചിത്രകലയിൽ നിന്നുള്ള വ്യത്യാസങ്ങൾ പൊതുവായി സൂചിപ്പിക്കട്ടെ.

ഒന്ന്: പാശ്ചാത്യ നവോത്ഥാന ചിത്രകാരന്മാർ പിതാവായ ദൈവത്തെ വരയ്ക്കുമായിരുന്നു. അതായത് നീണ്ട നരച്ച താടിയും രാജകീയമായ മേലങ്കികളും മറ്റുമുള്ള ദൈവം. ഉദാഹരണമായി മൈക്കലാഞ്ചലോയുടെ 'ആദമിന്റെ സൃഷ്ടി' എന്ന സിസ്റ്റീൻ ചാപ്പലിലെ ചിത്രം. വൃദ്ധനെങ്കിലും ബലിഷ്ഠമായ കൈകളുള്ള ദൈവം. എന്നാൽ ഓർത്തഡോക്സ് ഐക്കണോഗ്രഫിയിൽ പിതാവായ ദൈവത്തെ ചിത്രീകരിക്കുന്നത് സമ്പൂർണ്ണമായി നിരോധിച്ചിരിക്കുന്നു. കാരണം ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല, ദൈവം ആത്മസ്വരൂപനാകുന്നു എന്ന വേദപുസ്തക പ്രമാണം. മനുഷ്യനേത്രങ്ങൾക്ക് ദൃശ്യമായ ദിവ്യകാര്യങ്ങൾ മാത്രമേ ഐക്കണോഗ്രഫിയിൽ വരയ്ക്കാൻ അവകാശമുള്ളു. ഉദാഹരണം, മനുഷ്യാവതാരം ചെയ്ത

ക്രിസ്തു, പ്രാവിന്റെയും അഗ്നിയുടെ രൂപമെടുത്ത പരിശുദ്ധാത്മാവ്.

രണ്ട്: ത്രിമാനരൂപങ്ങള്‍, അതായത് ലോകത്തില്‍ നാം സാധാരണ കാണുന്ന കാഴ്ചകളുടെ പ്രതീതി ജനിപ്പിക്കുന്ന ചിത്രശൈലി, പൗരസ്ത്യ ക്രിസ്തീയ ചിത്രകലയില്‍ അനുവദിച്ചിട്ടില്ല. നമ്മുടെ സാധാരണ കാഴ്ചയില്‍ നിന്നു വ്യത്യസ്തമായിരിക്കാന്‍ വേണ്ടി ദിവ്യരൂപങ്ങളെ ദ്വിമാന തലത്തില്‍ (two-dimensional) വരയ്ക്കാം.

മൂന്ന്: പാശ്ചാത്യ നവോത്ഥാന ചിത്രകാരന്മാര്‍ മഹത്തായ രചനാ സങ്കേതമായി വികസിപ്പിച്ച 'കാഴ്ചപ്പാട്' (perspective) ഐക്കണോഗ്രഫിയില്‍ ഉപയോഗിക്കുന്നില്ല. ഒരു കാരണം, മുമ്പ് സൂചിപ്പിച്ചിട്ടുള്ളതുപോലെ ആ കാഴ്ചപ്പാട് ഉപയോഗിച്ച് മായാദൃശ്യം (optical illusion) ഉണ്ടാക്കാം. ആനയെ ആടാക്കാം. ആടിനെ ആനയാക്കാം. സ്ഥലകാലങ്ങള്‍ മൂലം ജീവിതയാഥാര്‍ത്ഥ്യത്തിലുണ്ടാകാവുന്ന വൈകല്യങ്ങളെ സൃഷ്ടിക്കുകയല്ല ഐക്കണോഗ്രഫിയുടെ ലക്ഷ്യം.

നാല്: പ്രത്യേക ഉദാഹരണങ്ങള്‍ പറഞ്ഞാല്‍ യേശുവിന്റെ മാതാവായ മറിയമിനെ ഒരിക്കലും ഒറ്റ വ്യക്തിയായി ചിത്രീകരിക്കാന്‍ പാടില്ല. തന്റെ കുഞ്ഞിനെ എടുത്തിരിക്കുന്ന, അല്ലെങ്കില്‍ പുത്രനോടു ചേര്‍ന്നിരിക്കുന്ന അമ്മയെ മാത്രമേ ഐക്കണോഗ്രഫിയില്‍ ചിത്രീകരിക്കാനാവൂ. കാരണം, തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെയാണ് അമ്മയായ മറിയവും രക്ഷയിലേക്കു കടക്കുന്നത്. അതുകൊണ്ട് ക്രിസ്തുവില്ലാതെ ക്രിസ്തുമാതാവില്ല. നസ്രായനായ യേശു മനുഷ്യാവതാരം ചെയ്ത ദൈവമാണ് എന്ന വേദശാസ്ത്ര ധാരണ മൂലം മറിയമിനെ ദൈവപ്രസവിത്രി (Theotokos), ദൈവമാതാവ് എന്നൊക്കെ വിളിക്കുന്നുണ്ടെങ്കിലും ഒരിക്കലും മറിയമിനെ ഒരു വിഗ്രഹരൂപമാക്കുന്നതിനോട് പൗരസ്ത്യ സഭകള്‍ ഒട്ടും യോജിക്കുന്നില്ല.

അഞ്ച്: ഗ്രീക്ക്, റഷ്യന്‍ തുടങ്ങിയ ബിസന്റൈന്‍ പാരമ്പര്യത്തില്‍ പള്ളിയില്‍ സ്ഥാപിച്ചിരിക്കുന്ന ഐക്കണുകള്‍ കൗദാശിക സ്വഭാവമുള്ളവയാണ് (Sacramental Character). അതായത് ശരിയായ ഐക്കണ്‍ നിയമങ്ങള്‍ അനുസരിച്ച് വരയ്ക്കപ്പെട്ട ചിത്രങ്ങള്‍ ദിവ്യതേജസ്സിന്റെ സാന്നിധ്യവും പരിസ്ഫുരണവുമാണ് (presence and manifestation). വാങ്ങിപ്പോയ കന്യകമറിയാമിന്റെയോ വിശുദ്ധരുടെയോ വെറും ഓര്‍മ്മയും അനുസ്മരണവും മാത്രമല്ല അത്. സാധാരണയായി നാം മരിച്ചുപോയവരുടെ ചിത്രങ്ങള്‍ വയ്ക്കുമ്പോള്‍ അത് അവരുടെ അസാന്നിദ്ധ്യത്തിന്റെ (absence) ഓര്‍മ്മ ആണല്ലോ. ഐക്കണ്‍ ചിത്രങ്ങളില്‍ അസാന്നിദ്ധ്യമല്ല സാന്നിദ്ധ്യമാണ് ഉദ്ദേശിക്കപ്പെടുന്നത് (not the memory of absence but the experience of the presence).

ആറ്: ഏതെങ്കിലുമൊരു ചിത്രകാരന്റെ സ്വന്തം ഭാവനയ്ക്കനുസരിച്ച് സൃഷ്ടിക്കാവുന്നവയല്ല ഐക്കണ്‍ ചിത്രങ്ങള്‍. വളരെ കൃത്യമായ കാനോനുകളും, ശൈലീപരമായ ചട്ടങ്ങളും, ഉപയോഗിക്കുന്ന നിറങ്ങളുടെ പ്രതീകശേഷിയും എല്ലാം നല്ല ഐക്കണോഗ്രഫിയില്‍ സമ്മേളിക്കും.

പാശ്ചാത്യ ചിത്രകലയുമായി പൗരസ്ത്യ ഐക്കണോഗ്രഫിക്കുള്ള ചില വ്യത്യാസങ്ങള്‍ മാത്രമാണ് മേല്‍ സൂചിപ്പിച്ചത്. ഐക്കണ്‍ ചിത്രങ്ങള്‍ വിഗ്രഹാരാധനയ്ക്കു തുല്യമാണോ എന്നു ചോദിക്കുന്നവരുണ്ട്. ഇത് വിഗ്രഹാരാധന അല്ല എന്നു തന്നെയാണ് പാരമ്പര്യം ഉറപ്പിച്ചു പറയുന്നത്. ലോകത്തിലുള്ള എന്തിന്റെയെങ്കിലും സ്വരൂപമോ സാദൃശ്യമോ ഉണ്ടാക്കി വന്ദിക്കരുത് എന്ന് മോശയുടെ കല്പനയുണ്ട്. അതനുസരിച്ച് ഐക്കണുകള്‍ക്ക് നല്‍കുന്നത് ആദരവാണ്, ആരാധനയല്ല. ഈ രണ്ടു കാര്യങ്ങള്‍ക്ക് ഗ്രീക്കു ഭാഷയില്‍ രണ്ടു വാക്കുകള്‍ തന്നെയുണ്ട്. Proskynesis എന്നു പറഞ്ഞാല്‍ ആദരവ്, വണക്കം, ബഹുമാനിക്കല്‍ എന്നൊക്കെ അര്‍ത്ഥം. Latreiea എന്നാല്‍ ആരാധന (Worship) എന്ന് അര്‍ത്ഥം. ഐക്കണ്‍ ചിത്രങ്ങള്‍ക്കു നല്‍കുന്നത് ആദരവാണ്; ദൈവത്തിനു മാത്രമാണ് ആരാധന അര്‍പ്പിക്കുക. നാലാം നൂറ്റാണ്ടില്‍ പണ്ഡിതനായ കൈസരിയയിലെ വിശുദ്ധ ബസേലിയോസ് പറഞ്ഞു, സൃഷ്ടിക്കപ്പെട്ട എന്തിനെങ്കിലും നാം കൊടുക്കുന്ന ആദരവ് അതിന്റെ സ്രഷ്ടാവായ ആദി മാതൃകയ്ക്ക് (Archetype) ഉള്ള ആദരവാണ്.

വളരെ വ്യാഖ്യാനങ്ങള്‍ ആവശ്യമായ ഒരു മേഖലയാണിത്. ഇവിടെ നമുക്ക് പരിമിതികള്‍ ഉണ്ട്. ഉദാഹരണമായി ചിത്രകലയെക്കുറിച്ചു പറയുമ്പോള്‍ ചിത്രങ്ങള്‍ അതിന്റെ വര്‍ണ്ണഭംഗിയോടെ കാണിക്കാനുള്ള സൗകര്യം മാസികയ്ക്ക് ഇല്ലല്ലോ. അതുകൊണ്ട് വായനക്കാര്‍ ഇന്റര്‍നെറ്റിലൂടെ ചില ഐക്കണ്‍ പടങ്ങളെങ്കിലും കാണുന്നത് നന്നായിരിക്കും.

ഉല്പത്തി പുസ്തകത്തില്‍, മനുഷ്യന്‍ ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടു എന്ന വാക്യത്തെ പ്രസിദ്ധമായ സെപ്റ്റ്വജിന്റ് ഗ്രീക്ക് തര്‍ജ്ജമയില്‍ eikon എന്ന ഗ്രീക്ക് പദം ഉപയോഗിച്ചാണ് മൊഴിമാറ്റം നടത്തുന്നത്. ഇവിടെ മനുഷ്യന്‍ ദൈവത്തിന്റെ ഐക്കണ്‍ ആണ്. അപ്പോള്‍ മുന്‍പറഞ്ഞ തത്വം അനുസരിച്ച് ഒരു മനുഷ്യന്‍ മറ്റൊരു മനുഷ്യനെ ബഹുമാനിക്കുമ്പോള്‍ വാസ്തവത്തില്‍ സ്രഷ്ടാവായ ദൈവത്തെയാണ് ബഹുമാനിക്കുന്നത്. ഇത് വളരെ അര്‍ത്ഥധ്വനികളുള്ള ഒരു സങ്കല്പമാണ്. ഇന്ത്യയില്‍ നാം പരസ്പരം കൈ കൂപ്പി ആദരിക്കുമ്പോള്‍ വാസ്തവത്തില്‍ അപരനില്‍ നാം കാണുന്നത് ദൈവസാദൃശ്യമാണ്. ഇത് കുറച്ചുകൂടി വിപുലമായി വിസ്തരിച്ച് വ്യാഖ്യാനിച്ചാല്‍, ദൈവത്തിന്റെ സ്നേഹമുദ്ര പതിഞ്ഞിരിക്കുന്ന എല്ലാ സൃഷ്ടിയെയും നാം ആദരിക്കുമ്പോള്‍ അവയ്ക്ക് സ്രഷ്ടാവും ആദിമാതൃകയുമായ ദൈവത്തിലേക്ക് തന്നെ ആ ആദരവ് സംവഹിക്കപ്പെടുന്നു. നമ്മുടെ സ്നേഹവും ആദരവും ഭക്തിയും കല്ലുകളില്‍ കൊത്തിയ ത്രിമാനരൂപങ്ങളിലോ ചായങ്ങള്‍കൊണ്ടു തീര്‍ത്ത ദ്വിമാനരൂപങ്ങളിലോ ഒതുക്കരുത് എന്നു തന്നെയാണ് ഐക്കണോഗ്രഫിയുടെ അടിസ്ഥാന തത്വം. നിര്‍ഭാഗ്യവശാല്‍ പല

പ്പോഴും ഈ തത്വം ലംഘിക്കപ്പെടുന്നുണ്ട്. ദൈവത്തിന്റെ പ്രതിരൂപമായ മനുഷ്യനെ അപമാനിക്കുകയും അതേസമയം ശിലയിലോ തടിയിലോ വർണ്ണങ്ങളിലോ നാം സൃഷ്ടിക്കുന്ന മനുഷ്യരൂപങ്ങളെ ആദരിക്കുകയും ചെയ്താൽ അത് ക്രിസ്തീയ പാരമ്പര്യത്തിന്റെ സമ്പൂർണ്ണ നിഷേധമാണ്.

16-ാം നൂറ്റാണ്ടിൽ പാശ്ചാത്യ കത്തോലിക്കാ സഭാനവീകരണ (Reformation) ഫലമായി പ്രൊട്ടസ്റ്റന്റ് സഭകൾ ഐക്കണോഗ്രഫിയെയും എല്ലാത്തരം മത ചിത്രകലയെയും നിരാകരിച്ചുപോന്നു. റോമൻ കത്തോലിക്കാ സഭയിൽ വ്യാപകമായിരുന്ന വിശുദ്ധരുടെ പ്രതിമകൾ (statues) വിഗ്രഹങ്ങളാണ് എന്നായിരുന്നു അവരുടെ ആരോപണം. ആ പാരമ്പര്യം ഇപ്പോഴും നവീകരണ സഭകളിൽ തുടരുന്നുണ്ട്. ഓർത്തഡോക്സ് സഭകളിലും പള്ളിയിൽ രൂപങ്ങൾ വയ്ക്കാറില്ല. എന്നാൽ 20-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ എക്യുമെനിക്കൽ പ്രസ്ഥാനത്തിലൂടെ പ്രമുഖ പാശ്ചാത്യ നവീകരണ സഭകൾ ഓർത്തഡോക്സ് ഐക്കണോഗ്രഫിയുടെ തത്വങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കയും അങ്ങനെ പല പ്രൊട്ടസ്റ്റണ്ട് പള്ളികളിലും ഐക്കണുകൾ ഉപയോഗിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്. മെഴുകുതിരിയോ കുരിശോ പോലും ഉപയോഗിക്കാത്ത തീവ്ര നവീകരണ വിഭാഗങ്ങളും ഇപ്പോൾ ഐക്കൺ ചിത്രങ്ങളോടു വലിയ ആഭിമുഖ്യം കാണിക്കുന്നുണ്ട്. നല്ല ഉദാഹരണമാണ് ജനീവയിലെ നവീകരണ നേതാവായിരുന്ന, അതികർശനക്കാരനായിരുന്ന ജോൺ കാൽവിന്റെ കത്തീഡ്രൽ. അവിടെ ഇപ്പോൾ ഐക്കണുകൾ സ്വീകാര്യമാണ്. കത്തോലിക്കാ സഭയെയും മാർപാപ്പായെയും നഖശിഖാന്തം എതിർക്കുകയും കുപ്പായമിട്ടുകൊണ്ട് ഏതെങ്കിലും കത്തോലിക്കാ വൈദികൻ ജനീവാ നഗരത്തിൽ നടന്നാൽ അയാളെ അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കാം എന്നു നിയമം ഉണ്ടാക്കുകയും ചെയ്ത ജോൺ കാൽവിന്റെ കസേര വളരെ ആദരവോടെ സൂക്ഷിച്ചിരിക്കുന്ന ജനീവാ കത്തീഡ്രലിൽ ഈയിടെ ഒരു റോമൻ കത്തോലിക്കാ കുർബാന നടത്തി. ഈ വിവരം കാൽവിൻ എങ്ങാനും അറിഞ്ഞെങ്കിൽ എന്തായിരിക്കാം പൂരം എന്നു നമുക്ക് വെറുതെ സങ്കല്പിക്കാം!! ചുരുക്കത്തിൽ ചിത്രകലയും മറ്റെല്ലാ കലയും അതിന്റെ ആവിഷ്ക്കാരശൈലികളിൽ മനുഷ്യന്റെ പല ധാരണകളോടും സങ്കല്പങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നു എന്നു വ്യക്തം. കാലംകൊണ്ടു മാത്രമേ അവയിൽ പലതിന്റെയും സാംഗത്യമോ ആസാംഗത്യമോ വ്യക്തമാവുകയുള്ളു. ഈ ലേഖകന്റെ വ്യക്തിപരമായ അനുഭവത്തിൽ, 15-ാം നൂറ്റാണ്ടിൽ റഷ്യൻ ചിത്രകാരനായ ആന്ദ്രെ റൂബ്ലേവ് (Andrei Rublev) വരച്ച മഹത്തായ ഐക്കൺ ചിത്രം 'അബ്രഹാമിന്റെ അതിഥി സൽക്കാരം' (ഉല്പത്തി 18) കാണുകയും ദീർഘനാൾ അതിന്റെ വർണ്ണങ്ങളും വരകളും ധ്വനികളും ധ്യാനിക്കുകയും ചെയ്താൽ, പ്രശസ്തമെന്നു ലോകം പറയുന്ന പല പാശ്ചാത്യ നവോത്ഥാന മതചിത്രങ്ങളുടെയും തേജസ്സ് മങ്ങുന്നത് അറിയാം. ഇതും ഒരു പക്ഷേ വ്യക്തിപരമായ ഒരു ആഭിമുഖ്യമായി മാത്രം കരുതിയാൽ മതി. (തുടരും)

9447598671

*തുടർച്ച പേജ് 3 ൽ നിന്നും*

ണ് സാമൂഹ്യമാധ്യമങ്ങൾ ബിഷപ്പിനെ വിശേഷിപ്പിച്ചത്.

എന്നാൽ യുദ്ധം ഒഴിവാക്കാൻ വത്തിക്കാൻ നടത്തിയ നീക്കം ശ്ലാഘനീയമാണ്. അതേസമയം കേരളത്തിലെ ക്രൈസ്തവസഭകളുടെ നിസ്സംഗത നമ്മെ വല്ലാതെ അസ്വസ്ഥരാക്കുന്നു.

ന്യൂനപക്ഷ വിദ്യാലയങ്ങളുടെ നിയമനങ്ങൾ PSC ക്ക് വിട്ടിരുന്നെങ്കിൽ തെരുവിൽ ഇറങ്ങുമായിരുന്ന സഭയും നേതൃത്വവും ഈ വിഷയത്തിൽ ഒരു സമാധാന റാലി പോലും നടത്താൻ തുനിഞ്ഞില്ല എന്നത് അനുദിനം മരവിക്കുന്ന ക്രൈസ്തവ മനോഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

യുദ്ധത്തിന്റെ വഴികൾ എപ്പോഴും പ്രവചനാതീതമാണ്. ഏതു സമയവും എന്തും സംഭവിക്കാം. ചെറിയ സംഭവങ്ങൾ പോലും വലിയ മാറ്റങ്ങൾക്ക് കാരണമാവാം. ഉക്രൈനിൽ ഇപ്പോൾ നടക്കുന്ന യുദ്ധവുമതെ. രണ്ടുമൂന്നു ദിവസംകൊണ്ട് തീരുമെന്ന് കരുതി റഷ്യ ആരംഭിച്ച യുദ്ധം നീണ്ടുപോയിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിനകത്ത് പോറ്റിവളർത്തുന്ന റഷ്യൻ അനുകൂലികളെ ഉപയോഗിച്ച്, താരതമ്യേന ദുർബലരായ ഉക്രൈനിനെ എളുപ്പം തീർത്തുകളയാമെന്ന് കരുതിയാണ് യുദ്ധം ആരംഭിച്ചതെങ്കിലും അതിശക്തമായ ചെറുത്തുനിൽപ്പ് റഷ്യയെ ഞെട്ടിച്ചിട്ടുണ്ട്. അതാണ് റഷ്യൻ ആക്രമണം കൂടുതൽ കടുത്തുവരുന്നത്. ഈ സാഹചര്യത്തിൽ ഉക്രൈൻ യുദ്ധം ഇനി എന്താവും? റഷ്യ ഇനി എന്താണ് ചെയ്യാൻ പോവുന്നത്? രാജ്യാന്തര രാഷ്ട്രീയത്തിൽ ഈ യുദ്ധം ഉണ്ടാക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാവും എന്നൊന്നും ആർക്കും പ്രവചിക്കാൻ സാധ്യമല്ല.

എന്നാൽ ഭൂമിയുടെ അറ്റം വരെയും യുദ്ധങ്ങളെ നിറുത്തൽ ചെയ്യുന്ന ദൈവിക ഇടപെടൽ സങ്കീർത്തനങ്ങൾ 46-ൽ വിവരിക്കുന്നു. സൈന്യങ്ങളുടെ യഹോവ യുദ്ധവീരനായ യഹോവ എന്ന് ദൈവവചനം പറയുന്നുവെങ്കിലും യഹോവയുടെ ശക്തി യുദ്ധങ്ങളെ നിർത്തൽ ചെയ്യുന്നതാണെന്ന് ഈ സങ്കീർത്തനം പ്രഖ്യാപിക്കുന്നു. വാളുകളും കുന്തങ്ങളുമെല്ലാം അടിച്ചു കൊഴുക്കളാക്കുന്ന യുഗാന്ത്യദർശനം വേദപുസ്തകം നൽകുന്നു. യുദ്ധങ്ങൾക്ക് ശമനം വരുത്തുന്നു എന്നതിനേക്കാൾ യുദ്ധകാരണങ്ങൾ തന്നെ ഇല്ലാതാക്കുന്ന തരത്തിലുള്ള മാനസിക പരിവർത്തനമാണ് വാസ്തവത്തിൽ ഉണ്ടാകേണ്ടത്. അതിനായിട്ടാണ് സഭകൾ വിളിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ അതേ സങ്കീർത്തനത്തിൽ 'മിണ്ടാതിരുന്നു ഞാൻ ദൈവമെന്ന് അറിഞ്ഞുകൊള്ളുക' എന്ന വാക്യം മിണ്ടാതിരിക്കാൻ നമുക്ക് നൽകുന്ന അവകാശമല്ല. ഇവിടെ വിവരിക്കുന്ന നിശബ്ദത എന്നത് ഒരു നിഷേധാത്മക നിശബ്ദതയല്ല മറിച്ച് ധ്യാനാത്മക നിശബ്ദതയാണ്. ആ ധ്യാനാത്മക നിശബ്ദതയിൽനിന്നു രൂപപ്പെടേണ്ടത് സമാധാനത്തിനായുള്ള അഭിവാഞ്ഛയാണ്.

**ചെറിയാൻ സി ജോൺ**
*അസോഷ്യേറ്റ് എഡിറ്റർ*

# ഇടവഴികളിലെ ലൈംഗിക ആഘോഷങ്ങളും തകരുന്ന കുടുംബബന്ധങ്ങളും



ഫാദർ മാത്യു നിലമ്പൂർ

**അ**ർബുദത്തിന്റെ വേദനകളെ വിക്സ് പുരട്ടി ശമിപ്പിക്കാം എന്ന് ചിന്തിക്കുന്നതുപോലെയാണ് തെരുവുകളിലെ രാത്രികാല ലൈംഗികത്തൊഴിലാളികളെ നാടുകടത്തണം എന്ന വാദവും. രാത്രികാലങ്ങളിൽ ട്രാൻസ്ജെൻഡേഴ്സിനെയും സ്ത്രീ ലൈംഗികത്തൊഴിലാളികളെയും വിരട്ടി പായിക്കാൻ ടോർച്ചും ചൂട്ടും ക്യാമറയുമായി ഇറങ്ങുന്ന പുരുഷകേസരികൾ ഒരു സദാചാരസേനയായി മാറുന്നുണ്ട്, ഈ അടുത്ത കാലത്ത്. കേരളത്തിൽ വഴിയോരങ്ങളിൽ സ്ത്രീസാന്നിധ്യം ധാരാളമുണ്ടായിരുന്ന ഒരു കാലത്തിൽനിന്ന് ഗണ്യമായി കുറഞ്ഞുപോവുകയും ആ സ്ഥാനങ്ങളിൽ ട്രാൻസ്ജെൻഡേഴ്സ് കൂടുതലായി കണ്ടുവരികയും ചെയ്യുന്ന ഒരു സമയത്താണ് ഇത്തരം സദാചാരപ്രവർത്തനങ്ങൾ കൂടുതലായി ദൃശ്യമാകുന്നത്. സുന്ദരിയായ ഭാര്യയെ വീട്ടിൽ ഉറക്കി കിടത്തിയിട്ട് തെരുവിലെ വഴിവിളക്കിന്റെ ഓരത്തുള്ള നിഴലിൽ ഒതുങ്ങിനിൽക്കുന്ന ട്രാൻസ്ജെൻഡേഴ്സിനെ തേടിപ്പോകുന്നത് എന്തിന്റെ സൂചനയാണ്? അടുത്ത കാലത്ത് പല നഗരപ്രദേശങ്ങളിലും ഉപേക്ഷിച്ച കോണ്ടം കൂമ്പാരങ്ങൾ നീക്കം ചെയ്യാൻ നഗരസഭാധികൃതർ നന്നേ പാടുപെടുന്ന സംഭവങ്ങളുണ്ടായി. അതിനെല്ലാം ഉത്തരവാദിത്വം ട്രാൻസ്ജെൻഡേഴ്സ് ആണ് എന്ന് നിരന്തരം കലഹിക്കുന്നവർ, നിങ്ങളുടെ ദാമ്പത്യം തകരുന്നു എന്ന മുന്നറിയിപ്പ് അലാറമായിട്ടല്ലേ ഇതിനെ മനസ്സിലാക്കേണ്ടത്?

രാജ്യത്തെ കുടുംബബന്ധങ്ങളിൽ ദമ്പതികൾക്കുള്ള ലൈംഗികതയുടെ പ്രാധാന്യം മനസ്സിലാക്കാൻ ഒരു ഓൺലൈൻ മെഡിക്കൽ പോർട്ടൽ mediangels.com അടുത്തിടെ 'ലൈംഗിക അസംതൃപ്തി - ഇന്ത്യയിലെ വിവാഹങ്ങൾക്ക് എന്താണ് അർത്ഥമാക്കുന്നത്' എന്ന തലക്കെട്ടിൽ ഒരു ആഴത്തിലുള്ള സർവേ നടത്തി. ടയർ-1, ടയർ-2 നഗരങ്ങളിൽ നിന്നുള്ള 20-നും 65-നും ഇടയിൽ പ്രായമുള്ള പുരുഷന്മാരെയും സ്ത്രീകളെയും ഗവേഷകർ ചോദ്യം ചെയ്യുകയും അതിശയിപ്പിക്കുന്ന ചില നിഗമനങ്ങൾ നൽകുകയും ചെയ്തു. 72% പേരും തങ്ങളുടെ ലൈംഗികജീവിതത്തിൽ അതൃപ്തിയുള്ളവരാണെന്ന് സമ്മതിച്ചു. പല ദമ്പതികളും തങ്ങളുടെ സന്തോഷങ്ങളെയും സങ്കൽപ്പങ്ങളെയും അതിരുകളേയും കുറിച്ച് പരസ്പരം തുറന്ന് സംസാരിക്കാറേയില്ല.

സെക്സ് ആൻഡ് റിലേഷൻഷിപ്പ് കൗൺസിലർ പ്രണയി ആനന്ദ് പറയുന്നു: 'തങ്ങളുടെ നിലവിലെ ലൈംഗികബന്ധത്തിൽ അതൃപ്തി തോന്നുന്ന ചില ആളുകൾക്ക് അവരുടെ പ്രാഥമിക പങ്കാളികൾ ഒഴികെയുള്ള ആളുകളുമായി ലൈംഗികബന്ധം പര്യവേക്ഷണം ചെയ്യാൻ ഇപ്പോഴും സാധ്യതയുണ്ട്.' അദ്ദേഹം പറയുന്നു: '23.6% പുരുഷന്മാരും 17.6% സ്ത്രീകളും അതൃപ്തികരമായ ലൈംഗികജീവിതം കാരണം വിവാഹേതരബന്ധങ്ങളിൽ ഏർപ്പെട്ടതായി ഗവേഷണം വെളിപ്പെടുത്തി.' (Hindustan Times, Collin Rodrigues Nov.5 . 2015).

ഇത്തരം രാത്രികാല കാഴ്ചകൾ ഒരു വലിയ മുന്നറിയിപ്പാണ്. അസംതൃപ്തമായ കുടുംബബന്ധങ്ങളുടെ ദൃശ്യസൂചനകളായി ഇത്തരം കാര്യങ്ങളെ തിരിച്ചറിയണം. ഇതെല്ലാം അന്യസംസ്ഥാന തൊഴിലാളികൾ ആണെന്ന മറുവാദം പച്ചയ്ക്ക് തള്ളിക്കളയുന്നു, നമ്മുടെ ട്രാൻസ്ജെൻഡർ സഹോദരിമാർ. കുടുംബബന്ധങ്ങളിലെ അസാധാരണമായ തകർച്ചയും അസംതൃപ്തിയുമാണ് തെരുവിലെ രാത്രികാല ആഘോഷങ്ങൾക്ക് പിന്നിലുള്ളതെന്ന ദുസ്സൂചന വിസ്മരിക്കാതിരിക്കുക. വഴിയരികിൽ ടീഷർട്ടും ഒരുചെവിയിൽ കടുക്കനും തോളിലും കൈകളിലും ടാറ്റൂ വരച്ച് നെഞ്ചുവിരിച്ച് നിൽക്കുന്ന ചെറുപ്പക്കാരനെ തേടി വിലകൂടിയ കാറുകളിൽ

> **'സ്ഥാവരജംഗമ വസ്തുക്കളുടെ പെരുപ്പിക്കലാണ് സഭകളുടെ പ്രധാന ലക്ഷ്യമെന്ന് പലപ്പോഴും തോന്നിപ്പോകാം. കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തി, സ്നേഹവും കരുതലുമുള്ള ദാമ്പത്യം ഊട്ടിയുറപ്പിക്കുന്ന പ്രവർത്തനങ്ങളിലേക്ക് സഭകൾ അടിയന്തിരമായി ഇടപെടേണ്ട സാഹചര്യമാണുള്ളത്. നേതാക്കളുടെ സുഖലോലുപതയ്ക്ക് വേണ്ടി നിലനിർത്തേണ്ട എ.റ്റി.എം. സെന്ററല്ല ഓരോ വിശ്വാസിയും ഇടവകയും എന്ന് ഉടനെ ബോധ്യപ്പെടുത്തണം.'**

എത്തുന്ന വലിയ വീട്ടിലെ ചില ഭാര്യമാർ കേരളത്തിന്റെ ലൈംഗിക അരാജകത്വ ദർപ്പണങ്ങളാണ്. ആദ്യം പരിഹരിക്കേണ്ടത് തകർന്നുതരിപ്പണമാകുന്ന കുടുംബങ്ങളാണ്. അത്തരം കുടുംബമെന്ന പ്രഷർ കുക്കറിന്റെ സേഫ്റ്റിവാൾവ് മാത്രമാണ് രാത്രികാലങ്ങളിലെ തെരുവ് സെക്സ് എന്നത്.

മുംബൈയിലെ ചുവന്ന തെരുവിൽ ഒരുകാലത്ത് രണ്ടുലക്ഷത്തിലധികം സ്ത്രീകൾ ഉണ്ടായിരുന്നു. എന്നാൽ അത് ഇന്ന് പതിനായിരത്തിൽ താഴെ മാത്രമാണ്. അപ്പോഴും ചുവന്ന തെരുവുകൾ കൂടുതൽ ഹൈടെക്ക് ആയിമാറി എന്നേ അതിന് അർത്ഥമുള്ളൂ. സോമാറ്റോ പോലെ അല്ലെങ്കിൽ സ്വിഗി പോലെ ഭക്ഷണം എത്തിക്കുന്ന സംവിധാനം പോലെ എത്തിച്ചു കൊടുക്കാൻ ധാരാളം ചാനലുകൾ മറുവശത്ത് ഉണ്ടായി എന്നതാണ് യാഥാർത്ഥ്യം. ചുവന്ന തെരുവ് പണ്ട് ചൂണ്ടിക്കാണിക്കാമായിരുന്നു. എന്നാൽ ഇന്ന് അത് അസാധ്യമായ സാർവദേശസ്പർശിയായ യാഥാർഥ്യമായി പരിണമിച്ചിരിക്കുന്നു.

പൊതുസമൂഹത്തിന് ട്രാൻസ്ജെൻഡേഴ്സിനോടുള്ള സമീപനത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും മറുവശത്ത് വലിയ കുറ്റപ്പെടുത്തലുകളും അരാജക വാദകാരണങ്ങളുമായി അവരെ ചിത്രീകരിക്കുന്നുണ്ട്. ശരിയാണ്, ട്രാൻസ്ജെൻഡേർസ് ചിലർ ലൈംഗികത്തൊഴിൽ ചെയ്യുന്നവരുണ്ട്. എന്നതുകൊണ്ട് എല്ലാവരും അങ്ങനെയല്ല.

മഴവിൽ പദ്ധതിയിൽ അഞ്ചുകോടി അനുവദിച്ച സർക്കാരിനെ അഭിനന്ദിക്കാതിരിക്കാൻ തരമില്ല. പക്ഷേ , അനുവദിക്കുന്ന തുകകൾ എത്തേണ്ടവരിലേക്ക് എത്തേണ്ട സമയത്തും കാലത്തും എത്തുന്നുണ്ടോ? അതിനിടയിൽ മദ്ധ്യവർത്തികൾ വഴി അത് ചോർന്നുപോകുന്നുണ്ടോ എന്ന് അന്വേഷിക്കേണ്ടത് ആരാണ്? ഇത്തരം ഭരണവൈകല്യങ്ങളെക്കൂടി കണക്കിലെടുക്കണം. ട്രാൻസ്സ് സമൂഹം സെക്സ് വർക്ക് ചെയ്തുജീവിക്കാനാഗ്രഹിക്കുന്നവരല്ല. വല്ല വിധേനയും സാധാരണ ജീവിതം നയിക്കണമെന്ന് ആഗ്രഹിക്കുന്ന പാവം മനുഷ്യരാണ്. അവരെ തെരുവിൽനിന്ന് ഭവനങ്ങളിലേക്ക് മാറ്റാതെ, ഇരുമ്പുലക്ക വിഴുങ്ങിയവർക്ക് ചുക്ക് കഷായം ശുപാർശ ചെയ്യുന്ന ഡോക്ടർ ആകരുത് സർക്കാർ.

സമൂഹത്തിന്റെ ആണിക്കല്ല് കുടുംബമെന്ന വ്യവസ്ഥിതി തന്നെയാണ്. എന്നാൽ ഇപ്പോൾ മുട്ടിട്ടാൽ പോലും നിൽക്കാതെ മുടിഞ്ഞു പോകുന്നത് നോക്കി നിൽക്കുന്ന ഇടപാടാണ് പലപ്പോഴും സഭകളുടെ സ്ഥാനത്ത് കാണാൻ കഴിയുന്നത്. സ്ഥാവരജംഗമ വസ്തുക്കളുടെ പെരുപ്പിക്കലാണ് സഭകളുടെ പ്രധാന ലക്ഷ്യമെന്ന് പലപ്പോഴും തോന്നിപ്പോകാം. കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തി, സ്നേഹവും കരുതലുമുള്ള ദാമ്പത്യം ഊട്ടിയുറപ്പിക്കുന്ന പ്രവർത്തനങ്ങളിലേക്ക് സഭകൾ അടിയന്തിരമായി ഇടപെടേണ്ട സാഹചര്യമാണുള്ളത്. നേതാക്കളുടെ സുഖലോലുപതയ്ക്ക് വേണ്ടി നിലനിർത്തേണ്ട എ.റ്റി.എം. സെന്ററല്ല ഓരോ വിശ്വാസിയും ഇടവകയും എന്ന് ഉടനെ ബോധ്യപ്പെടുത്തണം.

ഒരുതരത്തിലും ലൈംഗികത്തൊഴിലിനെ പ്രോത്സാഹിപ്പിക്കുന്ന നിലപാട് അല്ല നമുക്ക് വേണ്ടത്. ആരുംഅത് ചെയ്യാതിരിക്കുക തന്നെവേണം. ആരോഗ്യമുള്ളകുടുംബമാണ് എല്ലാ സമൂഹത്തിനും അടിത്തട്ട്. അത്തരമൊരു സംസ്കാരമാണ് നമുക്ക് എത്രയും പെട്ടെന്നു വളർത്തേണ്ടത്. എന്നാൽ എപ്പോഴും ട്രാൻസ്ജെൻഡേഴ്സിനെ പ്രതിക്കൂട്ടിൽ നിർത്തുന്ന ഇത്തരം വിവാദങ്ങൾക്ക് എതിരെയാണ് നമ്മൾ പ്രതികരിക്കേണ്ടത്. ട്രാൻസ്ജെൻഡേഴ്സിനെ സ്നേഹിക്കുക, കരുതുക, അവർക്ക് തൊഴിലിടങ്ങൾ ഒരുക്കികൊടുക്കുക, നമ്മുടെ വീട്ടിലോ സ്ഥാപനങ്ങളിലോ അവരെ ഉൾക്കൊള്ളുക, അവരെ മനുഷ്യരായി പരിഗണിക്കുക. അവരാരും ലൈംഗികത്തൊഴിലാളികളായി തെരുവിൽ മരിച്ചുവീഴാൻ ആഗ്രഹിക്കുന്നവരല്ല. കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തുകയും കുത്തഴിഞ്ഞ ലൈംഗിക സംസ്കാരത്തിൽനിന്ന് നമ്മുടെ നാടിനെയും ജനതയെയും രക്ഷിക്കുകയും ചെയ്യാം.

8304800118


## അറിയിപ്പ്

എല്ലാ മാസവും കൃത്യമായും 28-ന് മാസിക തിരുവല്ല ആർ.എം.എസ്സിൽ പോസ്റ്റ് ചെയ്യുന്നുണ്ട്. എല്ലാ മാസവും പത്തുപതിനഞ്ചു പേരെങ്കിലും മാസിക കിട്ടിയില്ലായെന്ന് പരാതിപ്പെടുന്നുമുണ്ട്. ചിലർക്ക് 25 ദിവസം കഴിഞ്ഞാണ് മാസിക ലഭിക്കുന്നത്. ചില പോസ്റ്റുമാന്മാർ വീട്ടിൽ പോകാതെ തന്നെ മേൽവിലാസം അറിയില്ല അല്ലെങ്കിൽ മേൽവിലാസക്കാരൻ സ്ഥലം മാറിപ്പോയി എന്നും അറിയിക്കാറുണ്ട്. കഴിഞ്ഞ ഏതാനും മാസങ്ങളായി മുകളിൽ പറഞ്ഞ പ്രവണതകൾ വ്യാപകമായി. രജിസ്റ്റേർഡ് അല്ലാത്തതിനാൽ പരാതി അയച്ചിട്ടു പ്രയോജനവുമില്ലല്ലോ. കഴിഞ്ഞ മാസം തിരികെ വന്ന രണ്ട് മാസികകളുടെ മേൽവിലാസത്തിൽ ഞങ്ങൾ നേരിട്ടു ബന്ധപ്പെട്ടു. അവർ സ്ഥലത്തുണ്ടായിട്ടും ആളില്ല എന്നാണ് പോസ്റ്റൽ ജീവനക്കാർ അറിയിച്ചത്. മാസിക റാപ്പറിന്റെ ഫോട്ടോയുമായി അവർ പോസ്റ്റ് ഓഫിസിൽ പോയി. ഫോട്ടോ കാണിച്ചപ്പോൾ പ്രാദേശിക പോസ്റ്റ് ഓഫിസ് അധികൃതർ ഒന്നും മറുപടി പറയുവാൻ സാധിക്കാതെ മിണ്ടാതെയിരുന്നു. ഇക്കാര്യങ്ങൾ തെളിവ് സഹിതം പോസ്റ്റ് മാസ്റ്റർ ജനറലിനും മറ്റുള്ളവർക്കും പരാതി അയച്ചിട്ടുണ്ട്. മാസികകൾ വിതരണം ചെയ്യുന്നതിന് പോസ്റ്റൽ ജീവനക്കാർക്ക് താല്പര്യമില്ലായെന്ന് പൊതുപരാതി നിലനില്ക്കുന്നു. എല്ലാ മാസവും 15വരെ മാസിക കിട്ടാത്തവർ പ്രാദേശിക പോസ്റ്റ് ഓഫീസിൽ പരാതി നൽകണം. പരാതിയുടെ കോപ്പി ഞങ്ങൾക്കയച്ചു തരികയാണെങ്കിൽ ഞങ്ങളത് കേരള സർക്കിൾ പോസ്റ്റൽ മേധാവികൾക്ക് അയച്ചു കൊടുക്കുകയും ചെയ്യാം. മാസിക ഒരു ലക്കം കൂടി അയച്ചുതരികയും ചെയ്യും.

*ഡോ.മാത്യു കോശി പുന്നയ്ക്കാട്, എഡിറ്റർ & പബ്ലിഷർ*

# ഇടനാട് റെയിൽ

പ്രൊഫ.പി. സാമുവൽ ഏബ്രഹാം



കേരളത്തെ മലനാട്, ഇടനാട്, തീരപ്രദേശം എന്ന് തെക്കുവടക്ക് പരമ്പരാഗതമായി മൂന്നായി കണക്കാക്കിയിരുന്നു. ഇപ്പോഴുള്ള രണ്ടു ലൈൻ റെയിൽവേയും ഏതാണ്ട് തീരപ്രദേശത്തുകൂടിയാണ്. എറണാകുളം-ഷൊർണൂർ പുതിയ ലൈനിന് 15,000 കോടി നീക്കിവച്ചെന്ന് പറയപ്പെടുന്നു. കൂടാതെ ആറുവരി ആകുന്ന നാഷണൽ ഹൈവേ തീരപ്രദേശത്തുകൂടിയാണ്. വാട്ടർമെട്രോ, സീപ്ലെയിൻ ഉൾപ്പെടെയുള്ള തീരദേശ ജലഗതാഗതം വേറെ; പിന്നെ എയർപോർട്ടുകളും. ഈ സൗകര്യങ്ങളൊക്കെ കാരണമാണ് കോർപറേഷനുകളും സിറ്റികളുമൊക്കെ തീരദേശത്ത് കേന്ദ്രീകരിച്ചത്. ഇനി 530 കി.മീ. സെമി ഹൈസ്പീഡ് സിൽവർലൈൻ കൂടെ വേണോ? മലയാളത്തിൽ ഒരു പഴഞ്ചൊല്ലുണ്ട് "ഉണ്ടവന് പായ് കിട്ടാതെ, ഉണ്ണാത്തവന് ഇല കിട്ടാതെ വിഷമിക്കുന്നു" എന്ന്. വികേന്ദ്രീകരണം, തുല്യവിതരണം ഒക്കെ കേരളത്തിന്റെ സ്വപ്നമാണ്. രണ്ടു ലൈൻ പൂർത്തീകരണം, വളവുകൾ നേരെയാക്കൽ, വൈദ്യുതീകരണം, പാളവും പാലവും ബലപ്പെടുത്തൽ, പുതിയ ബ്രോഡ്ഗേജ് വണ്ടികളുടെ ഉപയോഗം, കോച്ചുകളുടെ വേഗാനുമൂല ആകൃതി, ഭാരം കുറഞ്ഞതും എന്നാൽ ബലം കൂടുതൽ ഉള്ളതുമായ നിർമ്മാണവസ്തു കോച്ചുകൾക്കുപയോഗിക്കുക, പാലത്തിലെ ഘർഷണം കുറയ്ക്കുക, കൂടുതൽ ശക്തിയുള്ള എൻജിൻ ഉപയോഗിക്കുക തുടങ്ങിയവകൊണ്ട് വേഗം ഗണ്യമായി കൂട്ടാം. പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ മാത്രം നിർത്തുന്ന എക്സ്പ്രസ് ട്രെയിനും എല്ലാ സ്റ്റോപ്പിലും നിർത്തുന്ന പാസഞ്ചറും ആകാം.

ഇടനാട്ടിലൂടെ തിരുവനന്തപുരം, ആയൂർ, കൊട്ടാരക്കര പത്തനംതിട്ട, റാന്നി, കാഞ്ഞിരപ്പള്ളി, പാലാ, മൂവാറ്റുപുഴ, പെരുമ്പാവൂർ, ഷൊർണൂർ, പെരിന്തൽമണ്ണ, മലപ്പുറം, മാവൂർ, കുറ്റിയാടി, തളിപ്പറമ്പ്, കാസർകോട് വഴി മംഗലാപുരത്തിന് പുതിയ സാധാരണ രണ്ടുവരി റെയിൽ പാതയാണ് അത്യാവശ്യം. പഴയതും പുതിയതുമായ എല്ലാ ലൈനിലും ചരക്കുനീക്കം സുഗമമാക്കാം. ഈ പാതയ്ക്ക് കൊല്ലം, എറണാകുളം, നെടുമ്പാശ്ശേരി, തൃശ്ശൂർ, കോഴിക്കോട് ഇവയുമായി ലിങ്ക് ലൈനുകളും ആകാം. ഇതിന് പുനലൂർ ശബരിമല, കോയമ്പത്തൂർ നിലമ്പൂർ ലൈനുകളുമായി ബന്ധമുണ്ട്. ഒലവക്കോട്, അഗളി, കോയമ്പത്തൂർ ലൈനും പരിഗണിക്കാം. അപ്പോൾ കേരളത്തിൽ ഏതാണ്ട് എവിടെയും ട്രെയിനിൽ വേഗം എത്താം. ദിവസവുമുള്ള റോഡപകടവും ട്രാഫിക് ജാമും കുറയ്ക്കാം.

ഇടനാട് റെയിലിന് സിൽവർലൈനിന്റെ നാലിൽ ഒന്നു ചെലവു മതി, സിൽവർ ലൈനിന് 63,000 കോടി രൂപ പോരാ, ഒന്നേൽകാൽ ലക്ഷം കോടി വേണ്ടിവരും എന്നാണ് നീതി ആയോഗ് കണക്കാക്കിയത്. ഇടനാട് അത്രയും വെള്ളപ്പൊക്കപ്രദേശമല്ല, അത്ര പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കില്ല, അത്രയും കെട്ടിടങ്ങൾ പൊളിച്ചു കളയേണ്ട. സ്ഥലമെടുപ്പാണ് പ്രശ്നമാകുന്നത്. സർക്കാർ ഫെയർ വാല്യം, വിപണി വിലയുടെ പകുതി പോലുമില്ല എന്നതാണ്. സമൂഹത്തിനുവേണ്ടി നഷ്ടം സഹിക്കുന്നവർക്ക് വിപണിവിലയുടെ ഇരട്ടിയെങ്കിലും കൊടുക്കണം. നഷ്ടപരിഹാരം നല്ല പാക്കേജ് ആണെങ്കിൽ എന്റെ ഭൂമി എടുത്തോ എന്നു പറഞ്ഞ് ആളുകൾ ക്യൂ നില്ക്കും. സർക്കാർ വില അടിയന്തിരമായി പരിഷ്ക്കരിച്ച് വിപണി വിലയുടെ അടുത്ത് എത്തിക്കണം. അല്ലെങ്കിൽ കള്ളപ്പണം ഉണ്ടാക്കാൻ സർക്കാർ തന്നെ കൂട്ടുനില്ക്കുകയാണ്. വില ഉയർത്തുമ്പോൾ രജിസ്ട്രേഷൻ ചെലവ് സർക്കാർ കുറച്ചാൽ മതി. സിൽവർലൈനിലേതുപോലെ ഇരുവശവും വൻമതിൽ കെട്ടേണ്ട, നിർമ്മാണ വസ്തുക്കൾ ഇടനാട്ടിൽ സുലഭം. പുതിയ കേന്ദ്രബജറ്റിലുള്ള പി.എം. ഗതി ശക്തി പദ്ധതിയിൽ ഉൾപ്പെടുത്തി വന്ദേഭാരത് ട്രെയിൻ ഓടിക്കാം. പ്രധാന പട്ടണങ്ങളിൽ ഹെലിപ്പാട് തയ്യാറാക്കി സ്വകാര്യ ഹെലികോപ്റ്റർ സർവ്വീസ് ബിസിനസുകാർക്കും അത്യാവശ്യക്കാർക്കും ഉപകരിക്കും. പിന്നെ ഡ്രോണുമില്ലേ?

നമുക്ക് സെമിഹൈസ്പീഡ് ട്രെയിനെങ്കിലും വേണ്ടേ? വേണം. അടുത്ത പത്തുവർഷത്തിനകം കേന്ദ്രസർക്കാർ ഡൽഹി, ജയ്പൂർ, ഗാന്ധിനഗർ, മുംബൈ, ബാംഗ്ലൂർ, ചെന്നൈ, തിരുവനന്തപുരം, കന്യാകുമാരി ബന്ധിപ്പിക്കുന്ന പാത നിർമ്മിക്കട്ടെ. ജപ്പാനിലും ചൈനയിലും അതിവേഗ മാഗ്ലേവ് ട്രെയിനുകൾ ഉയർന്ന പാളങ്ങളിലൂടെ ഓടുന്നു. ഇരുവശവും മതിൽ വേണ്ട. പക്ഷേ, കൂടുതൽ പരീക്ഷണങ്ങൾ നടക്കുന്നു. ഉയർന്ന പാളങ്ങളിൽ, നിലവിലുള്ള ലൈനുകൾക്കു മുകളിലെങ്കിൽ സ്ഥലമെടുപ്പും കുറയ്ക്കാം.

## വായിക്കാം ന്യൂവിഷൻ മാസികയുടെ പഴയ ലക്കങ്ങൾ

ന്യൂവിഷൻ മാസികയുടെ പഴയ ലക്കങ്ങൾ www.newvisionmagazine.org-ൽ ലഭിക്കുന്നു. എല്ലാ മാസവും 28-ന് ഏറ്റവും പുതിയ ലക്കവും വായിക്കാം. തികച്ചും സൗജന്യം.

നിങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാനും സാധിക്കും. കംപ്യൂട്ടർ സൗകര്യമുള്ള എല്ലാവർക്കും ഈ ക്രമീകരണം പ്രയോജനം ചെയ്യും.

# പ്രശ്നങ്ങൾ വന്നുകൊണ്ടേയിരിക്കും

ഒരിക്കൽ ഒരു മകൾ അവളുടെ പിതാവിനോട് തന്റെ പ്രയാസങ്ങളെ അറിയിച്ചു. ജീവിതം ക്ലേശകരമാണെന്നും തനിക്കു എന്തു ചെയ്യണമെന്ന് അറിഞ്ഞുകൂടാ എന്നും തന്റെ ശ്രമങ്ങളെല്ലാം പരാജയപ്പെടുന്നതായും.

'ഓരോ പ്രശ്നവും പരിഹരിച്ചു വരുമ്പോൾ അതിലും വലിയ പ്രശ്നങ്ങൾ നേരിടേണ്ടതായി വരുന്നു. ജീവിതം തളർത്തിക്കളയുന്നു. ജീവിക്കാൻ ആഗ്രഹം ഇല്ലാതെയാകുന്നു.'

വിഷമത്തോടെ ഇതെല്ലാം പിതാവ് കേട്ടിരുന്നു.

അവളുടെ പിതാവ് അവളെ അടുക്കളയിലേക്കു കൂട്ടിക്കൊണ്ടുപോയി. എന്നിട്ട് മൂന്നു പാത്രങ്ങൾ എടുത്തു. അതിൽ ആ പിതാവ് വെള്ളം നിറച്ചു മൂന്നും ഒരേ സമയത്ത് മൂന്ന് അടുപ്പുകളിലായി വച്ചു.

ഒന്നിൽ ആ പിതാവ് ഉരുളക്കിഴങ്ങ് ഇട്ടു.

അടുത്തതിൽ മുട്ട ഇട്ടു.

മൂന്നാമത്തതിൽ കാപ്പിപ്പൊടി ഇട്ടു.

മൂന്നു പാത്രങ്ങളിലെയും വെള്ളം തിളയ്ക്കുവാൻ തുടങ്ങി. എന്നിട്ട് അവർ രണ്ടുപേരും അത് നോക്കി അല്പസമയം നിന്നു.

മകൾ ഇതു കണ്ടിട്ടു പിതാവിന്റെ മുഖത്തേക്ക് നോക്കി.

മൂന്നു പാത്രങ്ങളിലെയും വെള്ളം നല്ലപോലെ തിളച്ചു കൊണ്ടേയിരുന്നു.

കുറച്ചു സമയം കഴിഞ്ഞ് അദ്ദേഹം മൂന്നു പാത്രങ്ങളും അടുപ്പിൽനിന്നു താഴെ ഇറക്കിവച്ചു.

ആദ്യത്തെ പാത്രത്തിൽനിന്ന് ഉരുളക്കിഴങ്ങ് എടുത്തു മറ്റൊരു പാത്രത്തിൽ വച്ചു.

മുട്ടയെടുത്ത് അടുത്ത പാത്രത്തിൽ വച്ചു.

കാപ്പിയെടുത്ത് ഒരു കപ്പിൽ ഒഴിച്ചുവച്ചു മധുരവും ചേർത്തു.

എന്നിട്ട് ആ പിതാവ് മകളോട് ചോദിച്ചു:

'നീ ഇപ്പോൾ എന്താണു കാണുന്നത്?'

അവൾ പറഞ്ഞു: 'ഉരുളക്കിഴങ്ങ്, മുട്ട, കാപ്പി...'

അപ്പോൾ ആ പിതാവ് ഒന്ന് ചിരിച്ചിട്ട് മകളോട് പറഞ്ഞു: 'നീ ഒന്നുകൂടി അതിനെ അടുത്തു നിന്ന് ഒന്ന് നോക്കിക്കേ.'

അവൾ കിഴങ്ങ് ഞെക്കി നോക്കി. അത് വളരെ മൃദു ആയിരിക്കുന്നത് കണ്ടു.

പിന്നെ അവൾ മുട്ട എടുത്തു പൊട്ടിക്കാൻ ശ്രമിച്ചു. അതിന്റെ തോടുകൾ എടുത്തു മാറ്റി. അതൊരു കട്ടിയുള്ള മുട്ടയായി മാറിയിരുന്നു.

അവസാനം പിതാവ് മകളോട് പറഞ്ഞു: 'നീ ആ കാപ്പി ഒന്ന് കുടിച്ചു നോക്ക്.' കാപ്പിയുടെ നല്ല മണവും രുചിയും അവളുടെ മുഖത്ത് സന്തോഷം പടർത്തി.

അവൾ പിതാവിനോട് ചോദിച്ചു:

'ഇതൊക്കെ എന്തിനാണിപ്പോൾ ഉണ്ടാക്കിയത്? എനിക്കൊന്നും മനസ്സിലാകുന്നില്ല.'

പിതാവ് മകളോട് പറഞ്ഞു: 'ഈ മൂന്നു സാധനങ്ങളും ഒരേ കഷ്ടത്തിലൂടെയാണ് കടന്നു പോയത്. അതായതു തിളച്ച വെള്ളത്തിലൂടെ.

പക്ഷേ ഓരോ സാധനവും വ്യത്യസ്തമായ രീതിയിലാണ് മാറിയത്. അതിന്റെ സൃഷ്ടിയിൽ ലഭിച്ച സ്വഭാവത്തിലൂടെ.

ഉരുളക്കിഴങ്ങ് കട്ടിയായിട്ട് ഒന്നും കൂസാതെ വെള്ളത്തിലേക്ക് പോയി. പക്ഷേ തിരിച്ചു വന്നത് വളരെ മൃദുവായി.

മുട്ട... പൊട്ടുന്നതായിരുന്നിട്ടും അത് തിരിച്ചു വന്നത് തോട് പൊട്ടിയാലും നിലത്ത് ചോരാത്ത ചിതറാത്ത കട്ടിയുള്ള മാറ്റത്തോടെ.

കാപ്പിപ്പൊടി അതിന്റെ ഗുണം തിളപ്പിച്ച വെള്ളത്തിനു നൽകിക്കൊണ്ട്.'

ഇതിനു ശേഷം ആ പിതാവ് മകളോട് ചോദിച്ചു:

'പ്രശ്നങ്ങൾ വരുമ്പോൾ എങ്ങനെയാണ് നീ പ്രതികരിക്കുക?

കിഴങ്ങിനെ പോലെയോ...

മുട്ടയെ പോലെയോ...

കാപ്പിയെ പോലെയോ ...

ഇത്രയുമേ ഉള്ളൂ മകളേ... നിന്റെ പ്രശ്നവും.'

പ്രശ്നങ്ങൾ ഇങ്ങനെ വന്നുകൊണ്ടേ ഇരിക്കും. പക്ഷേ, നമ്മുടെ ഉള്ളിലുള്ള മാറ്റമാണ് ഏറ്റവും പ്രധാനം.

നാം നമ്മെത്തന്നെ സ്രഷ്ടാവിന്റെ മുമ്പിൽ താഴ്ത്തി ഏല്പിക്കുമ്പോൾ ദൈവം നമ്മളെ സാഹചര്യത്തിന് യോജിച്ച രീതിയിൽ മാറ്റിയെടുക്കും.

സൃഷ്ടിച്ചവന് മാത്രമേ എന്ത് മാറ്റമാണ് നമ്മിൽ അപ്പോൾ വേണ്ടത് എന്നും അറിയുകയുള്ളൂ.

ആ മാറ്റം മനോഹരവുമായിരിക്കും. അതുകൊണ്ട് പ്രശ്നങ്ങളെ നോക്കി പതറാതെ പ്രശ്നങ്ങളുടെ മുകളിൽ നമ്മുടെ പിതാവുണ്ടെന്ന ഓർമ്മയോടെ അതിനെ നേരിടുക.

അപ്പോൾ നമ്മുടെ സ്രഷ്ടാവായ പിതാവ് എത്ര വലിയ പ്രശ്നങ്ങളെയും നിസാരമാക്കി തരും.

# The Ukraine tragedy – A horrendous crime against humanity

MATHEW C. NINAN

The Preamble to the Constitution of UNESCO declares that "since wars begin in the minds of men, it is in the minds of men that the defences of peace must be constructed." This warning or clarion call has been neglected many times over. The Russia – Ukraine conflict is the latest example of it.

This war defies all logic. Wars have never been premised on logic. If logic and reasons were operational, this war would not have happened.

It's not just Russia that is to be blamed, though it's primarily a Russian progeny, whatever be the provocation. Other powers like NATO and the USA are equally to blame for not anticipating the human tragedy that was waiting to happen. Joe Biden was quite right, just once, when he predicted the war. If he could predict the war, why didn't he move even his little finger to stop it?

Why did NATO offer tacit support to Ukraine, knowing full well what was going to happen if a war broke out? Was it not preventable?

All these questions beg for an answer. But the stark reality of it is the unspeakable agony of a whole nation. A sovereign nation is held hostage and it is bleeding to death. Is there no humanity left in the Russians to cry a halt to the onslaught and come to the negotiating table to talk it out?

If war could start with imagined slights and provocations, can't peace be brokered in light of undeserved suffering of millions of people? Where is leadership? Where is civilization? Do we still have a primitive mind-set, every nation prowling at every other nation? A hundred questions arise.

The images of families running for cover, the old and the weak, women and children scrambling to safety, the frantic pace at which people run, leaving their home and hearth. A whole nation is on the run. There cannot be a more pathetic sight than this. If these gruesome sights do not touch the hearts of those in power, not only in Russia and Ukraine, but also in the entire world today, similar tragedies will get enacted with unpredictable regularity all over the world.

Leaders without humanity! Leaders with small minds ruling large countries with bloated egos and giant ambitions are the most dangerous thing that can befall the new century. Weapons of mass destruction, huge armies coupled with silly egos of the leadership can be a recipe for disaster, and wipe out nations one after the other.

Another world war may not happen on predictable lines as in the case of the earlier ones. It will not be fought between two blocks of nations. It will be fought between neighbours / allies sporadically, whose escalation can never be stopped midway. In other words, half the world will be reduced to ashes, and the other half will smoulder in ash heaps, wounded and maimed.

Yes, the world has not much time left, given the vagaries of the world leaders who cannot look beyond their noses. War-mongers have a shriller cry which can drown all the feeble voices of peace and reason. That's always the case. Peace, like music can easily be disrupted. It doesn't need much effort. Peace and music are alike. They both need hard work and dedication.

"Peace, dignity and equality on a healthy planet" is the tagline of the UNO. The term "human rights" is mentioned seven times in the UN's founding Charter, making the promotion and protection of human rights a key purpose and guiding principle of the Organization. With all such laudable objectives, with all the nations of the world, affirming their unity and fraternity, how could this happen? Is this not a flagrant violation of human rights, an infringement on the sovereignty of a nation, a total negation of basic human rights?

Once again, the question arises. Who is responsible for this? Was it inevitable? The leadership of all the nations, whether they support or oppose the war, or are fence-sitters like India, are squarely responsible. Everyone has a selfish reason to take the position they do. It has nothing to do with the lofty ideals propounded by the UN Charter.

In suffering, the Ukranian people are alone. Their only comfort comes from a few friendly neighbours like Poland, Hungary, Romania, Budapest etc. It's heartening to see how volunteers from these neighbouring countries are providing food and shelter to the refugees. Many are willing to give them shelter in their own homes. These are some of the silver lines that glean through these thick, dark clouds of this catastrophe.

When will the world see reason? When will humanity return?

Let's take a look at the UN flag and its emblem. The olive branches are a symbol for peace, and the world map represents all the people and the countries of the world. How meaningfully designed!

Let wars end, and enduring peace usher in. This shall be our prayer today.

*(The writer is Director, Little Rock Institutions, Brahmavar, Udupi)*

# സെക്കുലറിസം

അഡ്വ.തോമസ് ഫിലിപ്പ്, ചെങ്ങന്നൂർ

ബഹുമാന്യനായ ജസ്റ്റീസ് കെ.റ്റി. തോമസ് സാർ എഴുതിയ 'ഇന്ത്യൻ ഭരണഘടനയിൽ വിവഷിക്കുന്ന'സെക്യൂലറിസം' എന്ന ലേഖനം വായിച്ചു. ഇൻഡ്യൻ ഭരണഘടനയിൽ 42-ാമത്തെ അമന്റ്മെന്റായി ആമുഖത്തിൽ എഴുതിച്ചേർത്ത ഭേദഗതിയും അതിന്റെ പശ്ചാത്തലവും വളരെ ഭംഗിയായി അദ്ദേഹം വിവരിച്ചിരിക്കുന്നു.

പ്രത്യേകമായ ഒരു നിർവചനം സെക്കുലറിസത്തിൽ ഭരണഘടന നല്കിയിട്ടില്ലായെങ്കിലും ഇൻഡ്യൻ ഭരണഘടനയുടെ യഥാർത്ഥ മതേതരവീക്ഷണം കണക്കാക്കുമ്പോൾ സെക്യൂലറിസത്തിന്റെ യഥാർത്ഥമായ പരിഭാഷ 'മതേതരത്വം' എന്നതുതന്നെയാണ്. എല്ലാ മതങ്ങൾക്കും തുല്യമായ പരിഗണനയും സ്ഥാനവും നല്കുക എന്നതാണ് ഭരണഘടനയുടെ 25 മുതൽ 28 വരെ അനുഛേദങ്ങൾ നല്കുന്നത്. എല്ലാവർക്കും തുല്യത വ്യക്തമാക്കുന്നു. സാമൂഹികവും സാമ്പത്തികവും, രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്ക്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം ഭരണഘടന നിർമ്മാണത്തിന്റെ ആരംഭത്തിൽതന്നെ നല്കിയിരിക്കുന്നു. മഹാത്മാഗാന്ധിജിയുടെ വീക്ഷണത്തിൽ 'സെക്യുലറിസം' എന്നത് മതസൗഹാർദ്ദം എന്നതുതന്നെ. എല്ലാ മതങ്ങളും പരസ്പരബഹുമാനത്തോടുകൂടി നിലനില്ക്കുക എന്നതുതന്നെ. ഇൻഡ്യൻ ജനതയും ഇൻഡ്യൻ ഭരണഘടനയും ആ ശ്രേഷ്ഠമായ ചിന്താധാരയിലായിരുന്നു. ഇൻഡ്യൻ ഭരണഘടന വിവക്ഷിക്കുന്ന സെക്യുലറിസം 'മതേതരത്വം' എന്നതാണ്.

സെക്കുലറിസം എന്നത് പ്രധാനമായി മൂന്ന് ചിന്താഗതികൾ സൃഷ്ടിക്കുന്നു. ഒന്ന് ദൈവാസ്ഥിത്വത്തെ നിഷേധിക്കുന്ന ചിന്താഗതി. ഇത് 'മതനിരാസത' ദൈവനിഷേധമായ ചിന്താഗതിയാണ്. മറ്റൊന്ന് ദൈവിശ്വാസികൾക്ക് മനുഷ്യന്റെ സാമൂഹിക ജീവിതത്തിൽ യാതൊരു അധികാരവും ഇല്ലെന്നുള്ള വിശ്വാസം. അതായത് ദൈവചിന്തയെയും മതത്തെയും രാഷ്ട്രീയത്തിൽനിന്നു മോചിപ്പിക്കുക. എന്നാൽ മൂന്നാമതായി എല്ലാ മതവിശ്വാസങ്ങൾക്കും തുല്യപ്രാധാന്യവും ബഹുമാനവും നല്കുന്ന അവസ്ഥ. ഇതിന് മതേതരത്വം എന്ന് പറയാം. ഇതിൽ മതനിരപേക്ഷത എന്നത് ആദ്യത്തെ ചിന്താധാരയായ മതനിരാസതയാണ്.

മാർക്സിസവും കമ്മ്യൂണിസവും ഭൗതികവാദത്തെ ആസ്പദമാക്കിയ ഒരു ലോകവീക്ഷണമാണ്. കമ്മ്യൂണിസമോ മാർക്സിസമോ ഈശ്വാരാസ്ഥിത്വത്തെയോ മതബോധത്തെയോ ഔദ്യോഗികമായി അംഗീകരിക്കുന്നില്ല. അതുകൊണ്ട് സെക്യുലറിസം എന്ന വാക്കിനെ അവരുടെ വീക്ഷണവുമായി പൊരുത്തപ്പെടുത്തി 'മതനിരപേക്ഷത' എന്നു വിളിക്കുന്നു. മാർക്സിസത്തിന്റെ ഇൻഡ്യയിലെ ആചാര്യനായ ബഹു. സ:ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാടാണ് സെക്ക്യൂലറിസം എന്നതിന് മതനിരസത എന്ന കമ്മ്യൂണിസ്റ്റ് തത്വവുമായി യോജിപ്പിച്ച് 'മതനിരപേക്ഷത എന്ന വാക്ക് ഉപയോഗിച്ചത്. ഇ.എം.എസിന്റെ *യുക്തിവാദവും കമ്മ്യൂണിസവും* എന്ന പുസ്തകം മതത്തെപ്പറ്റിയുള്ള കമ്മ്യൂണിസ്റ്റ് വീക്ഷണം വ്യക്തമാക്കുന്ന ഒന്നാണ്.

മതങ്ങൾക്ക് ഒട്ടേറെ പ്രാധാന്യം നല്കാതെ അതിന്റെ സാന്നിദ്ധ്യത്തെ അവഗണിച്ച് മതവിരുദ്ധ നിലപാടുകൾ സ്വീകരിക്കുന്ന രാജ്യങ്ങൾ ഉണ്ട്. അവയെ Athestic Stateകൾ എന്നു പറയുന്നു. കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളായ ചൈന, അൽബേനിയ, ക്യൂബ മുതലായവ ആ ഗണത്തിൽ വരുന്നു. ഇവിടെ മതനിഷേധം അഥവാ മതനിരാസം നിലനിൽക്കുന്നു. എന്നാൽ ഏതെങ്കിലും ഒരു മതത്തിന് പ്രാധാന്യം കൊടുത്ത് അതിന്റെ അടിസ്ഥാനത്തിൽ ഭരണം നടത്തുന്ന രാജ്യങ്ങളെ Theocratic State എന്നു പറയുന്നു. ഇസ്ലാമിക രാഷ്ട്രങ്ങൾ, ഹിന്ദുമതത്തിന് പ്രാധാന്യം നൽകുന്ന നേപ്പാൾ, ക്രിസ്തുമതത്തിന് പ്രാധാന്യം നല്കുന്ന രാഷ്ട്രങ്ങൾ ഒക്കെ ഇപ്പോഴും ഉണ്ട്. മതത്തെ രാഷ്ട്രീയത്തിൽനിന്നു വേർതിരിക്കുന്നത്, അതായത് മതത്തെ സമൂഹത്തിൽനിന്നു മോചിപ്പിക്കുന്ന ചിന്താഗതി നിലനിർത്തുന്ന രാജ്യങ്ങൾ ഉണ്ട്. ആ അർത്ഥത്തിലും സെക്യുലറിസം എന്ന വാക്ക് ഉപയോഗിക്കുന്നു. എല്ലാ മതങ്ങൾക്കും തുല്യമായ പ്രാധാന്യവും ബഹുമാനവും നല്കുന്ന അവസ്ഥയ്ക്കും സെക്ക്യുലറിസം ഉപയോഗിക്കാം. ഇൻഡ്യയ്ക്ക് ഒരു മതവുമില്ല, എന്നാൽ ഇൻഡ്യക്കാരന് ഏത് മതവും ആകാം. ദൈവവിശ്വാസവും മതവിശ്വാസവുമില്ലാത്തവർക്ക് അങ്ങനെയാകാം. ഇൻഡ്യക്കാരൻ എന്ന നിലയിൽ എല്ലാ പൗരന്മാരെയും ഒരുപോലെ കാണാനും ബഹുസ്വരതയും വൈവിദ്ധ്യവും ഉൾക്കൊള്ളുവാനുമുള്ള ദേശീയബോധമാണ് ഇൻഡ്യൻ ഭരണഘടന വ്യക്തമാക്കുന്നത്. എല്ലാ മതത്തേയും ബഹുമാനിക്കുന്ന, തുല്യത നല്കുന്ന മതേതരത്വം ആണ് ഇൻഡ്യ വിഭാവനം ചെയ്യുന്നത്. മറിച്ച് മതത്തെ നിരസിക്കുന്നതല്ല. എന്നാൽ 'കൈസർക്ക് ഉള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും' എന്ന നിലപാട് നമ്മുടെ ചെവികളിൽ മുഴങ്ങണം. മതം വേണ്ട എന്ന അർത്ഥമല്ല അതിന്.

ഫോൺ: 8547369737

# SECULARISM

C. T. Kurien

I found Justice K.T. Thomas's exposition in the March issue of *New Vision* extremely helpful for an understanding of the relationship between religion and secularism in a multi-religious society. I narrate two instances from my experience, which I hope, will clarify the issue further.

I was in Chennai for many years and found it overall a very peaceful city without any major inter-religious conflicts. An exception happened in the late seventies or early eighties, if my memory is reliable, where a procession

led by Hindus and Muslims led to some tension. I got in touch with a close friend of mine, a Hindu by birth, but not practising any religion, to see whether anything could be done to restore peace. We approached the Prince of Arcot and found him very enthusiastic. He agreed to host a meeting to discuss the issue. The first meeting was held at his residence attended by many prominent citizens of all religions, and the Prince hosted a sumptuous dinner. Thereafter we turned to business. The Prince suggested that it would be proper to start with readings from the religious texts of the different communities emphasizing peace.

There was silence for a while. My friend turned to me and I told him that I was not in favour of the idea. He asked me to speak up. I told the gathering that the meeting was not a religious one, but open to all, irrespective of their religious persuations, who were eager to restore peace in the city. My friend spoke up supporting my position. Hence it was decided that the new organization would be named ***Citizens for a Secular Society.***

The organization arranged many meetings of different sections of society. One of them was a well- attended meeting of college students. My friend, in his presentation stated that his conviction was that true secularism would be possible only if people would give up religious convictions altogether. There was a silence which showed that many were uncomfortable with that position. When my turn came, I repeated more or less what I had said at the meeting held at the residence of the Prince. I stated that secularism must become the concern of all citizens, irrespective of what religion they practiced, including those who did not have any religious convictions.

My understanding is that this is similar to what Justice Thomas mentions in the second paragraph of his article and elaborates further in the following paragraphs.

*(Dr.C. T. Kurien has written many books on economics. He served as the professor and head of the Department of Economics at MCC, National Fellow of the University Grants Commission, and the director of Madras Institute of Development Studies. When we started this magazine in 1992, he also appreciated the venture and supported us financially.)*

---

Dear Rev.Dr. K.M.George,

My name is Francis Antony ITS, retired Commissioner of Spl Ec Zones. Catholic. Patron, Bangalore Christian Writers Trust, primarily engaged in Inter-religious dialogue for communal harmony. Settled in Bangalore. A subscriber and avid reader of New Vision for about 4-5 years. Had been trying to get as many subscribers for this unbiased, enlightening periodical. The ideas propounded in your article in the Feb issue are logical. Had been telling the same to the laity, my catechism students, priests. Many catholic priests immediately crossed their ears to absolve themselves of the sacrilege of having heard this. “Jis ki rachna itna Sundar, woh kitna sundar hoga” ( the creator of such a beautiful world, How beautiful should He be!).

Jesus came to rewrite the concepts of beauty, piety, wealth, glory as is owned and propagated by the material world. He was born in the lineage of kings and slaves, sinners and devout to reach us a message that salvation is at hand for anyone depending on your humble acceptance of the mercy of God. As stressed by you, these artworks by enthusiastic painters have alienated huge masses of Africa who find it difficult to relate to a rosy-cheeked white Jesus and his angels; rather, they connect to the dark painted devils! Thanks for clarifying the point vividly in clear language.

Francis Antony

---

*തുടർച്ച പേജ് 11–ൽ നിന്നും*

ഇവർ ഇവരുടെ എല്ലാ അഭിരുചികളും ക്രിയാത്മകമാക്കി പൂർണ്ണതയിലെത്തിച്ചവരാണ്. ഇവർക്ക് നിരാശകളില്ല. ഇവർക്ക് എന്നും ചെയ്യാൻ ധാരാളം ഇഷ്ടകാര്യങ്ങൾ ഉള്ളവരാണ്. അതുകൊണ്ട് ഇവർ സംതൃപ്തരാണ്. ഇവർ കുടുംബത്തിന്റെയും സമൂഹത്തിന്റെയും ശക്തിസ്രോതസ്സുകളാണ്. സന്തോഷത്തിന്റെ ഉറവിടങ്ങളാണ്.

ഓർക്കുക, ഇവരെ മാതാപിതാക്കൾ കണ്ടെത്തിയവരാണ്.

രണ്ട് പെൺമക്കളെയുംകൊണ്ട് കൗൺസലിംഗിനെത്തിയ അമ്മയ്ക്ക് രണ്ടുപേരുടെയും കഴിവുകളെപ്പറ്റിയും അഭിരുചികളെപ്പറ്റിയും നല്ല അവബോധമുണ്ടായിരുന്നു. മൂത്ത കുട്ടിക്ക് വർത്തമാനപത്രം വളരെയിഷ്ടമാണ്. അവൾ പത്രം ആദ്യാവസാനം വായിക്കും. ഇളയ മകൾക്കും പത്രം ഇഷ്ടമാണ്. അവൾ പത്രം എല്ലാവരും വായിച്ച് കഴിയുമ്പോൾ പലതായി കീറി അതുകൊണ്ട് പൂക്കൾ, തവള, വിമാനം മുതലായവ ഉണ്ടാക്കും. രണ്ടുപേരുടെയും അഭിരുചികൾ വേറെ. ഈ അഭിരുചികളെ ഊതിക്കെടുത്തരുത്. ഇവർക്ക് വേറെയും അഭിരുചികൾ കാണും. അതെല്ലാം അവർ വളർത്തിയെടുത്ത് ഒരു പൂർണ്ണമനുഷ്യനാകട്ടെ. ഇവിടെയാണ് മാതാപിതാക്കളുടെ പ്രോത്സാഹനവും പിന്തുണയും കുട്ടികളെ മിടുക്കന്മാരാക്കുന്നത്.

അഭിരുചികൾ ഒന്നും ചെറുതല്ല. എല്ലാറ്റിനും അനന്തസാദ്ധ്യതകളുണ്ട്. അതുകൊണ്ട് കുട്ടികളുടെ അഭിരുചികളെ വളരെ ചെറുപ്പത്തിൽ തിരിച്ചറിയാനുള്ള ഒരു ആത്മാർത്ഥമായ പരിശ്രമം മാതാപിതാക്കൾ നടത്തണം.

9895992129

# റഷ്യ ഉക്രൈനെ ആക്രമിച്ചതിനു പിന്നിൽ റഷ്യൻ ഓർത്തഡോക്സ് സഭയുടെ കരങ്ങളും ഉണ്ടോ?



“**W**ar does not determine who is right - only who is left.” -Bertrand Russell.

ഒരു യുദ്ധത്തിലും ആരും ജയിക്കുന്നില്ല. യുദ്ധത്തിന്റെ തീയും, പുകയും, പൊടിയും അടങ്ങുമ്പോൾ, അവശേഷിപ്പുകളുടെ കണക്കെടുപ്പ് മാത്രമാണ് ബാക്കിയാവുന്നത്. ചരിത്രത്തിൽ നടന്നിട്ടുള്ള എല്ലാ യുദ്ധങ്ങളിലും ആത്യന്തികമായി ഇതാണു സംഭവിച്ചിട്ടുള്ളത്. എങ്കിലും ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും യുദ്ധങ്ങൾ അവസാനിക്കുന്നില്ല. ഏറ്റവും ഒടുവിൽ ഇതാ ഈ നൂറ്റാണ്ടിലെ ഏറ്റവും വിനാശകരമായ യുദ്ധം ഇപ്പോൾ ഉക്രൈൻ എന്ന യൂറോപ്പ്യൻ രാജ്യത്തു നടക്കുന്നു. ഇത് എഴുതുമ്പോൾ റഷ്യ ആരംഭിച്ച ആ യുദ്ധം മൂന്നു ആഴ്ച്ചകൾ പിന്നിട്ടു കഴിഞ്ഞു. ആകെ നാലരക്കോടി ജനസംഖ്യ ഉണ്ടായിരുന്ന ആ രാജ്യത്തു നിന്നും ഇതിനകം തന്നെ മുപ്പതു ലക്ഷത്തിൽ അധികം ആളുകൾ തങ്ങളുടെ സകല സ്വപ്നങ്ങളും, സമ്പാദ്യങ്ങളും ഉപേക്ഷിച്ച് അയൽരാജ്യങ്ങളിൽ അഭയം തേടിയിരിക്കയാണ്. സ്ത്രീകളും കുഞ്ഞുങ്ങളും വൃദ്ധരും ശാരീരിക വൈകല്യങ്ങൾ ഉള്ളവരും രോഗികളും എല്ലാം ഈ ഓടിപ്പോകുന്നവരുടെ കൂട്ടത്തിലുണ്ട്. പലരും കൊടിയ തണുപ്പിലും മഞ്ഞുവീഴ്ചയിലൂടെയും ദിവസങ്ങളോളം നടക്കുകയാണ്. ആവശ്യത്തിനു ഭക്ഷണമോ, വെള്ളമോ, വിശ്രമമോ ഇല്ലാതെ നടന്നു തളർന്ന കുഞ്ഞുങ്ങളുടെയും സ്ത്രീകളുടെയും കണ്ണുനീർ ഹൃദയമുള്ള ആരുടേയും കരളലിയിക്കും.

ഉക്രൈനിലെ കുടുംബങ്ങൾ വിഭജിക്കപ്പെടുകയാണ്. സ്ത്രീകളും, കുഞ്ഞുങ്ങളും, വൃദ്ധരും പലായനം ചെയ്യുമ്പോൾ, മറ്റുള്ളവർ ശത്രുവിനോടു പോരാടാനായി സ്വന്തം രാജ്യത്ത് തുടരുകയാണ്. തങ്ങളുടെ ഭർത്താക്കന്മാരെ, പിതാക്കന്മാരെ, സഹോദരന്മാരെ ഒക്കെ സ്വന്തം രാജ്യത്തു വിട്ടു ജീവനുംകൊണ്ട് ഓടിപ്പോയവരിൽ എത്രപേർക്ക് തങ്ങൾ വിട്ടിട്ടു പോന്നവരെ വീണ്ടും ജീവനോടെ കാണാൻ കഴിയും എന്ന് ഒരു നിശ്ചയവുമില്ല. മടങ്ങിവരുമ്പോൾ തങ്ങളുടെ ഭവനങ്ങൾ ബാക്കിയുണ്ടാവുമോ എന്ന് അറിയില്ല. ബോംബിട്ടും, മിസൈലുകൾ അയച്ചും ഒരു രാജ്യം പരക്കെ ഇടിച്ചു നിരത്തപ്പെടുകയാണ്. നിരപരാധികളായ ആയിരങ്ങൾ മരിച്ചു വീഴുകയാണ്. ലോകം വിറങ്ങലിച്ചു നിൽക്കയാണ്. ഇടപെടാൻ ആർക്കും ധൈര്യമില്ല. ഇടപെട്ടാൽ ആണവായുധങ്ങൾ പ്രയോഗിക്കാൻ മടിക്കില്ല എന്നാണ് റഷ്യൻ സ്വേഛാധിപതി പുടിൻ (Vladimir Putin) മുന്നറിയിപ്പു നൽകിയിരിക്കുന്നത്. അത് മൂന്നാം ലോകമഹായുദ്ധം ഉണ്ടാക്കും എന്ന് ലോകം ഭയപ്പെടുന്നു.

കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി കണ്ണിൽ എണ്ണയൊഴിച്ച് ലോകാവസാനം കാത്തിരിക്കുന്ന മതഭ്രാന്തന്മാർ ഇപ്പോൾ ആവേശത്തിലാണ്. കാലാകാലങ്ങളായി ഇക്കൂട്ടർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവചനങ്ങൾ ഒന്നും ഫലിക്കാതെപോയതിന്റെ സങ്കടത്തിലിരിക്കുന്ന ഇവരുടെ ഏറ്റവും ഒടുവിലത്തെ പ്രതീക്ഷയാണ് ഈ യുദ്ധം. ഈ യുദ്ധം മൂന്നാം ലോക മഹായുദ്ധം ഉണ്ടാക്കുമെന്നും, ആണവായുധങ്ങൾ ലോകാവസാനം കൊണ്ടുവരുമെന്നും, തങ്ങൾ മധ്യാകാശത്തിലേക്ക് എടുക്കപ്പെടുമെന്നും അവർ സ്വപ്നം കാണുന്നു. എന്നാൽ തലയ്ക്കുള്ളിൽ ആൾതാമസമുള്ള ഒരാൾക്കും ഒരു മൂന്നാം ലോകമഹായുദ്ധം വേണ്ട. അതിനാൽ മറ്റു രാഷ്ട്രങ്ങൾ ഈ യുദ്ധത്തിന്റെ ഭാഗമാകാൻ മടിച്ചു നിൽക്കുന്നു. അത് യുദ്ധം അഴിച്ചുവിട്ടവർക്ക് കൂടുതൽ ഊർജവും ഉത്സാഹവും നൽകുന്നു.

റഷ്യയെപ്പോലെ ഒരു വൻ സൈനിക/ആണവ ശക്തി എന്തിനാണ് ഉക്രൈൻ എന്ന താരതമ്യേന ബലഹീനമായ അയൽരാജ്യത്തിനെതിരെ ഈ യുദ്ധം അഴിച്ചുവിട്ടിരിക്കുന്നത്? പാശ്ചാത്യ സൈനികസഖ്യമായ NATO (North Atlantic Treaty Organization) യിൽ ചേരാനുള്ള ഉക്രൈന്റെ ശ്രമങ്ങൾക്ക് തടയിടാനാണ് റഷ്യ ഉക്രൈനെ ആക്രമിക്കുന്നത് എന്നാണ് റഷ്യ അവകാശപ്പെടുന്നത്. അങ്ങനെയൊരു സഖ്യം ഉണ്ടായാൽ അതു റഷ്യയുടെ സുരക്ഷയ്ക്ക് ഭീഷണിയാകും പോലും. ഇതു പറഞ്ഞു റഷ്യ നടത്തുന്ന ഈ അധിനിവേശത്തെയും മനുഷ്യക്കുരുതിയെയും ടെലിവിഷൻ ചർച്ചകളിൽ പലരും ന്യായീകരിക്കുന്നു. ഈ മഹാദുരന്തത്തിലും പലർക്കും തങ്ങളുടെ രാഷ്ട്രീയ നിലപാടുകളാണ് മുഖ്യം.

ഒരുപക്ഷേ ഉക്രൈൻ NATOയിൽ ചേരുന്നതിനെ സംബന്ധിച്ച ന്യായമായ ആശങ്കകൾ റഷ്യയ്ക്ക് ഉണ്ടായിരിക്കാം. ആ ആശങ്കകൾക്ക് പരിഹാരം കാണാനു

ള്ള വഴി ഇത്ര വിനാശകരമായ ഒരു യുദ്ധമാണോ? അതെന്തായാലും ഈ യുദ്ധത്തിന്റെ ന്യായാന്യായങ്ങൾ ചർച്ച ചെയ്യാനല്ല ഇത് എഴുതുന്നത്. ഇപ്പോൾ ഉക്രൈനുമേൽ റഷ്യ നടത്തുന്ന ഈ ആക്രമണത്തിനു പിന്നിൽ മതത്തിന് എന്തെങ്കിലും റോൾ ഉണ്ടോ എന്ന കാര്യം പരിശോധിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

മോസ്കോ ആസ്ഥാനമായി പ്രവർത്തിക്കുന്ന റഷ്യൻ ഓർത്തഡോക്സ് സഭയുടെ ശക്തമായ സ്വാധീനം ഈ യുദ്ധത്തിനു പിന്നിൽ ഉണ്ട്. റഷ്യൻ പ്രസിഡണ്ട് വ്ളാദിമിർ പുടിന്റെ (Vladimir Putin) ഉറ്റ ചങ്ങാതിയാണ് റഷ്യൻ ഓർത്തഡോക്സ് സഭയുടെ പരമാധികാരിയായ പാത്രിയർക്കീസ് കിറിൽ (Patriarch Kirill or Cyril).(ഇവരുടെ ചിത്രമാണ് ഇതോടൊപ്പം). സ്വവർഗ്ഗരതി (homosexuality) പോലെയുള്ള വികലവും ക്രിസ്തീയ വിരുദ്ധവുമായ രീതികൾ അനുവദിക്കുന്ന പടിഞ്ഞാറൻ രാജ്യങ്ങളുടെ സദാചാര ജീർണ്ണതകളെ ചെറുക്കുന്ന കോട്ട സൃഷ്ടിക്കുന്ന ദൗത്യമാണ് ഉക്രൈനെതിരെ റഷ്യ നടത്തുന്ന യുദ്ധമെന്നു പാത്രിയർക്കീസ് കിറിൽ വാദിക്കുന്നു. അങ്ങനെ നോക്കിയാൽ റഷ്യൻ സഭയ്ക്ക് ഇതൊരു കുരിശുയുദ്ധം (Crusade) ആണ്. സത്യവിശ്വാസ സംരക്ഷണ യുദ്ധങ്ങൾ Just Wars എന്ന ഗണത്തിൽ പെടുന്നു. അവ ചോരപ്പുഴകൾ സൃഷ്ടിക്കുക സ്വാഭാവികമാണ്. അതിൽ സ്വർഗ്ഗത്തിലെ ദൈവം സന്തോഷിക്കും!

എന്നാൽ ക്രിസ്തീയ മൂല്യങ്ങൾക്കു പാശ്ചാത്യ സംസ്കാരങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ശോഷണം സൃഷ്ടിക്കുന്ന ഹൃദയഭാരമാണ് ഉക്രൈനിലെ സ്ത്രീകളെയും കുഞ്ഞുങ്ങളെയും വൃദ്ധരെയും രോഗികളെയുമുൾപ്പെടെ നിസ്സഹായരായ ആയിരങ്ങളെ കൊന്നൊടുക്കുന്ന ഈ പൈശാചിക ദൗത്യത്തിനു കുടപിടിക്കാൻ 75 വയസ്സുകാരനായ His Holiness പാത്രിയർക്കീസിനെ പ്രേരിപ്പിക്കുന്നത് എന്നൊന്നും കരുതാൻ കഴിയില്ല. റഷ്യൻ പ്രസിഡണ്ടിന്റെയും പാത്രിയർക്കീസ് കിറിലിന്റെയും ലക്ഷ്യം തങ്ങളുടെ സാമ്രാജ്യങ്ങൾ വിശാലമാക്കി തങ്ങളുടെ അധികാരം കൂടുതൽ വ്യാപകവും ബലവത്തും ആക്കുക എന്നുള്ളതു മാത്രമാണ്. റഷ്യൻ ഓർത്തഡോക്സ് സഭയുടെ ചരിത്രം പരിശോധിച്ചാൽ പാത്രിയർക്കീസ് കിറിലിന്റെ മോഹങ്ങൾ നമുക്ക് മനസ്സിലാവും.

കുസ്തന്തിനോപ്പിളിൽ (Constantinople) നിന്നുള്ള ഓർത്തഡോക്സ് ക്രിസ്ത്യൻ മിഷനറിമാർ ക്രിസ്തുവർഷം 980ഓടെയാണ് ഇന്നത്തെ ഉക്രൈൻ പ്രദേശത്ത് സുവിശേഷവുമായി എത്തിയത്. തുടർന്നുള്ള മൂന്നു നൂറ്റാണ്ടുകൾ ഈ മേഖലയിലെ ഓർത്തഡോക്സ് ക്രിസ്ത്യൻ സഭകളുടെ കേന്ദ്രം ഉക്രൈന്റെ ഇന്നത്തെ തലസ്ഥാനമായ കീവിൽ (Kyiv) ആയിരുന്നു. അതിനുശേഷം സഭയുടെ ആസ്ഥാനം മോസ്കോയിലേക്ക് മാറ്റപ്പെട്ടു. അപ്പോഴും ഉക്രൈനിലെ ഓർത്തഡോക്സ് സഭ മോസ്കോ ആസ്ഥാനമായ പാത്രിയർക്കീസിന്റെ (Moscow Patriarchate) അധികാരത്തിൻകീഴിൽ നിന്നു. അടുത്ത 700 വർഷത്തോളം റഷ്യൻ ഓർത്തഡോക്സ് സഭയിൽ ഇതേ നില തുടർന്നു.

സാർ (Tsar) ചക്രവർത്തിമാരുടെ ഭരണകാലത്ത് റഷ്യൻ ഓർത്തഡോക്സ് സഭയ്ക്ക് ഭരണത്തിൽ കാര്യമായ സ്വാധീനം ഉണ്ടായിരുന്നു. എന്നാൽ 1917-ൽ റഷ്യയിൽ കമ്മ്യൂണിസ്റ്റ് വിപ്ലവം ഉണ്ടായതിനെത്തുടർന്നു (October Revolution) ചക്രവർത്തിഭരണം അവസാനിച്ചു. അന്നത്തെ സാർ ചക്രവർത്തിയും കുടുംബവും വിപ്ലവത്തിൽ കൊല്ലപ്പെട്ടു. റഷ്യയിൽ കമ്മ്യൂണിസ്റ്റ് ഭരണം വന്നു. വൈരുദ്ധ്യാത്മക ഭൗതികവാദത്തിൽ (Dialectical Materialism) അടിസ്ഥാനമിട്ട മാർക്സിസ്റ്റ് കമ്മ്യൂണിസത്തിൽ ദൈവവിശ്വാസത്തിനു സ്ഥാനമില്ല. സ്വാഭാവികമായും ക്രിസ്തീയസഭയുടെ പ്രവർത്തനങ്ങൾ റഷ്യയിലെ കമ്മ്യൂണിസ്റ്റ് ഭരണക്കൂടം അവസാനിപ്പിച്ചു. റഷ്യൻ ഓർത്തഡോക്സ് സഭ അങ്ങനെ ഒളിവിൽ പ്രവർത്തിക്കയോ, ഇല്ലാതാവുകയോ ചെയ്തു.

എന്നാൽ രണ്ടാം ലോകമഹായുദ്ധത്തിൽ (1939 to 1945) ഹിറ്റ്ലർ റഷ്യയെ ആക്രമിച്ചപ്പോൾ ഭരണത്തിൽ ഇരുന്ന സ്റ്റാലിൻ (Joseph Stalin who had governed the Soviet Union from 1922 until his death in 1953) റഷ്യൻ ഓർത്തഡോക്സ് സഭയെ പുനരുജ്ജീവിപ്പിച്ചു. സ്റ്റാലിൻ മാനസാന്തരപ്പെട്ടു ദൈവവിശ്വാസിയായി മാറിയതുകൊണ്ടല്ല അങ്ങനെ സംഭവിച്ചത്. യുദ്ധത്തിൽ ജർമനിക്കെതിരെ റഷ്യൻ ജനതയെ ഒരുമിച്ചു നിർത്താൻ ക്രിസ്തീയവിശ്വാസത്തിന്റെയും സഭയുടെയും മടങ്ങിവരവു സഹായകമാവുമെന്നു സ്റ്റാലിൻ കണക്കുകൂട്ടി. ഇപ്രകാരം ഭരണാധികാരികൾ തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സഭയെ ഉപയോഗിക്കുന്ന പരിപാടി സ്റ്റാലിൻ കണ്ടുപിടിച്ച പുതിയ കാര്യമല്ല. നാലാം നൂറ്റാണ്ടിൽ റോമാചക്രവർത്തിയായിരുന്ന കോൺസ്റ്റന്റൈൻ ക്രിസ്തുമതത്തിനു റോമാസാമ്രാജ്യത്തിനുള്ളിൽ നിയമസാധുത നൽകിയതും ഇതേ ലക്ഷ്യത്തോടെ ആയിരുന്നു. ചക്രവർത്തിക്ക് ഒരു മാനസാന്തരവും ഉണ്ടായില്ല എന്നത് പിന്നീടുള്ള അദ്ദേഹത്തിന്റെ പ്രവൃത്തികളിൽനിന്നു വ്യക്തമാണ്. അതുപോലെ ലോകം കണ്ട ഏറ്റവും ക്രൂരനായ ഭരണാധികാരികളിൽ ഒരാളായ ജോസഫ് സ്റ്റാലിനും ഒ



രു മനംമാറ്റവും സംഭവിച്ചില്ല.

അപ്പോഴും ഉക്രൈനിലെ സഭ മോസ്കോ ആസ്ഥാനമായ റഷ്യൻ ഓർത്തഡോക്സ് സഭയുടെ കീഴിൽ തുടർന്നു. 2014-ൽ റഷ്യ ക്രിമിയ (Crimea) എന്ന രാജ്യത്തെ ആക്രമിച്ചു കീഴടക്കുന്നതുവരെ ആ സ്ഥിതി നിലനിന്നു. എന്നാൽ റഷ്യ ക്രിമിയയെ കീഴടക്കിയതോടെ ഉക്രൈനിലെ ഓർത്തഡോക്സ് സഭ പിളർന്നു. ഒരു വിഭാഗം സ്വതന്ത്ര ഉക്രൈൻ ഓർത്തഡോക്സ് സഭ (Autocephalous Ukrainian Orthodox Church) എന്ന പേരിൽ മോസ്കോ ആസ്ഥാനമായ സഭയുടെ അധികാരത്തിൽനിന്നു സ്വതന്ത്രമായി നില്ക്കാൻ നിശ്ചയിച്ചു. മറ്റൊരു വിഭാഗം മോസ്കോയുടെ അധീനതയിൽ നിന്നു (Ukrainian Orthodox Church of the Moscow Patriarchate (UOC-MP)). ഒരു മൂന്നാം വിഭാഗവും ഉണ്ടായി. റഷ്യൻ പ്രസിഡണ്ട് പുടിനോ, 2009 മുതൽ റഷ്യൻ ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷനായി വാഴുന്ന പാത്രിയർക്കീസ് കിറിലോ ഉക്രൈൻ സഭയുടെ ഈ വിഭജനം തീരെ പ്രതീക്ഷിച്ചിരുന്നില്ല. സംഭവം രണ്ടുപേർക്കും രുചിച്ചില്ല.

ലോകത്തിലെ ഓർത്തഡോക്സ് ക്രിസ്ത്യാനികളുടെ എണ്ണം ഇന്ന് ഏതാണ്ട് 26 കോടിയാണ് (260 million). ഇവരിൽ പത്തു കോടിയോളം (100 million) റഷ്യയിൽ ആണ്. മറ്റു പല രാഷ്ട്രങ്ങളിലെയും ഓർത്തഡോക്സ് സഭകൾ റഷ്യൻ ഓർത്തഡോക്സ് സഭയുമായി ഐക്യത്തിലാണ്. ഉക്രൈനിലെ ഓർത്തഡോക്സ് ക്രിസ്ത്യാനികളുടെ ആകെ എണ്ണം ഏതാണ്ട് മൂന്നു കോടിയാണ് (30 million). ഒരിക്കൽ ഓർത്തഡോക്സ് സഭയുടെ ആസ്ഥാനമായിരുന്ന ഉക്രൈൻ സഭ പൂർണമായി തന്റെ ആത്മീയ അധികാരപരിധിയിൽ ആയിരിക്കേണ്ടതാണെന്നു 75-കാരനായ പാത്രിയർക്കീസ് കിറിൽ ഉറച്ചു വിശ്വസിക്കുന്നു. അതിനാൽ സ്വതന്ത്ര ഉക്രൈൻ സഭയെ പിന്തുണയ്ക്കുന്ന ഇസ്താംബൂൾ പാത്രിയർക്കീസ് ബർതോലോമായിയുമായുള്ള ബന്ധം കിറിൽ അവസാനിപ്പിച്ചു.

റഷ്യൻ പ്രസിഡണ്ട് പുടിനു റഷ്യൻ ഫെഡറേഷനെ പഴയ സോവിയറ്റ് യൂണിയന്റെ (USSR) പ്രതാപകാലത്തേക്ക് മടക്കിക്കൊണ്ടുവരണമെന്ന മോഹമാണ്. അതിന് ഉക്രൈൻ റഷ്യയുടെ ഭാഗമാക്കണം. അല്ലെങ്കിൽ റഷ്യയുമായി സഹകരിച്ചു പോവുന്ന ഒരു പാവ സർക്കാരിനെ ഉക്രൈനിൽ അധികാരത്തിൽ എത്തിക്കണം. പാത്രിയർക്കീസ് കിറിലിനും ഉക്രൈൻ ഓർത്തഡോക്സ് സഭയെ തന്റെ അധികാരത്തിൻ കീഴിൽ കൊണ്ടുവന്നു തന്റെ സാമ്രാജ്യം വികസിപ്പിക്കണം.

ഈ സാഹചര്യത്തിൽ ഉക്രൈനിലെ കുഞ്ഞാടുകളെ പൂർണമായും തന്റെ അധികാരപരിധിയിൽ മടക്കിക്കൊണ്ടുവരാൻ തന്നെ സഹായിക്കുന്ന ഒരു ഭരണകൂടം ഉക്രൈനിൽ ഉണ്ടാവണമെന്നു പാത്രിയർക്കീസ് കിറിൽ ആഗ്രഹിക്കുന്നു. അതിനു യഹൂദനായ ഉക്രൈൻ പ്രസിഡണ്ട് സെലൻസ്കിയെ അധികാരത്തിൽനിന്നു പുറത്താക്കണം, അതുകൊണ്ട് പ്രസിഡണ്ട് പുടിനും പാത്രിയർക്കീസ് കിറിലും ഒന്നിക്കുന്നു. റഷ്യൻ സൈന്യം ഉക്രൈനെ ആക്രമിക്കുന്നു. പാത്രിയർക്കീസ് റഷ്യൻ ടാങ്കുകളെ പുണ്യാഹം തളിച്ചും, മൂറോൻ പൂശിയും അശീർവദിച്ച് ഉക്രൈനിലേക്ക് അയയ്ക്കുന്നു. ഉക്രൈനിന്റെ മണ്ണിലൂടെ ചോരപ്പുഴകൾ ഒഴുകട്ടെ. ഉക്രൈനിലെ കുഞ്ഞുങ്ങൾ അനാഥരാകട്ടെ; സ്ത്രീകൾ വിധവമാരാവട്ടെ, വൃദ്ധർ തകർന്നു വീഴുന്ന കെട്ടിടങ്ങളുടെ അടിയിൽ കിടന്നു ശ്വാസംമുട്ടി മരിക്കട്ടെ. ദേവാലയങ്ങളും ആശുപത്രികളും മിസൈൽ ആക്രമണത്തിൽ തകരട്ടെ. രാജ്യം കൽക്കൂനയാകട്ടെ. പ്രസിഡണ്ട് പുടിനും പാത്രിയർക്കീസ് കിറിലിനും ഇതൊന്നും പ്രശ്നമല്ല. രണ്ടുപേർക്കും അവരുടെ റാത്തൽ മാംസമാണ് (Pound of flesh) മുഖ്യം! അതു നേടിയെടുക്കാൻ ഈ ലോകത്തിൽ ഒരു മൂന്നാം ലോകമഹായുദ്ധം ഉണ്ടായാലും പ്രസിഡണ്ട് പുടിനും പാത്രിയർക്കീസ് കിറിലിനും പ്രശ്നമല്ല. രണ്ടുപേർക്കും എങ്ങനെയും ദൈവനാമം മഹത്വപ്പെട്ടാൽ മാത്രം മതി. ഹാലേലുയ്യാ!!

George kutty V, Karunagappally.

## കുർബ്ബാന ഇവിടെ നടത്താം...

ഒരു കൃഷിക്കാരൻ ഒരുദിവസം അമേരിക്കയിലെ ഒരു ദേവാലയത്തിലെത്തി. അയാൾ ഓമനിച്ചു വളർത്തിയ, അയാളുടെ പ്രിയപ്പെട്ട പട്ടി ചില ദിവസങ്ങൾക്കു മുമ്പ് ചത്തുപോയിരുന്നു. തന്റെ വളർത്തുനായയുടെ ആത്മാവിന്റെ ശാന്തിക്കായി ഒരു കുർബ്ബാന ചൊല്ലിക്കുകയായിരുന്നു അയാളുടെ വരവിന്റെ ഉദ്ദേശ്യം. കൃഷിക്കാരന്റെ ആവശ്യം ശ്രദ്ധയോടെ കേട്ട ശേഷം ദേവാലയത്തിലെ പുരോഹിതൻ പറഞ്ഞു:

'മൃഗങ്ങൾക്കുവേണ്ടി കുർബ്ബാന നടത്തുന്നത് അർത്ഥരഹിതമാണ്. അതു നമ്മൾ നടത്തില്ല'

കൃഷിക്കാൻ വിഷണ്ണനായി എന്തുചെയ്യണമെന്നറിയാതെ നില്ക്കുന്നതു കണ്ട പട്ടക്കാരൻ പറഞ്ഞു:

'ഒരു കാര്യം ചെയ്യൂ... ഈ റോഡ് ചെന്നവസാനിക്കുന്നിടത്ത് പുതിയ ഒരു പള്ളിയുണ്ട്. ഒരു സ്വതന്ത്രസഭക്കാരുടെ പള്ളിയാണത്. അവിടെയൊന്ന് അന്വേഷിക്കൂ. അവർ ഒരുപക്ഷേ ഇത്തരം കർമ്മങ്ങൾ നടത്തുമായിരിക്കും.' കൃഷിക്കാരൻ ആശ്വാസത്തോടെ പോകാനൊരുങ്ങി. അയാൾ അല്പം നടന്നിട്ട് തിരിച്ചുവന്ന് പുരോഹിതനോടു ചോദിച്ചു:

'ഇത്തരം കർമ്മങ്ങൾ മുമ്പു ചെയ്യിച്ചിട്ടില്ലാത്തതുകൊണ്ട് ഒരുസംശയം ചോദിച്ചോട്ടേ... ഈ കുർബ്ബാന നടത്താൻ അയ്യായിരം ഡോളർ കൊടുത്താൽ മതിയാകുമോ?'

അത്ഭുതം കാരണം പുരോഹിതന്റെ കണ്ണുതള്ളി. കൃഷിക്കാരന്റെ കൈയിൽ മുറുകെപ്പിടിച്ചിട്ട് പുരോഹിതൻ പറഞ്ഞു:

'പട്ടി നമ്മുടെ സഭക്കാരനാണെന്ന കാര്യം നിങ്ങളെന്താ ആദ്യമേ പറയാതിരുന്നത്? കുർബ്ബാന ഇവിടെ തന്നെ നടത്താം...'


വചനമുദ്രകൾ-1

# ക്രൂശ്: 'ഇടർച്ച'യും തുടർച്ചയും

ഗലാ 5:11



റവ.ഡോ. മോത്തി വർക്കി




"തടി കട്ടില്ല, സ്വർണ്ണം കട്ടില്ല.
കൊന്നില്ല,കൊലവിളിച്ചില്ല...!
നിലകൊണ്ടു മനുഷ്യനുവേണ്ടി, മണ്ണിനുവേണ്ടി...!
ഒന്നും നടക്കില്ല (സ്റ്റാൻ)സ്വാമി
ഒന്നും നടത്തില്ല ഞങ്ങൾ...!
ഇതു കരിനിയമം വാഴുന്നിടം
ഇതു കോർപറേറ്റു കൊഴുക്കുന്ന നാട്
ഇതു കൗശലവേഷപ്പകർച്ചകളുടെ തട്ടകം!
കിട്ടില്ല നീതി, തരില്ല നിനക്ക്
ഒരു കച്ചിത്തുരുമ്പു(straw) പോലും...!"
(ഫാ. ജോയ് ചെഞ്ചേരിൽ MCBS, *'മരണമേ സ്വസ്തി'*)

ക്രൂശ് ചിലർക്ക് 'ഇടർച്ച' (ഗലാ 5:11) ആകുന്നത് എന്തുകൊണ്ടാണ്? 'ഇടർച്ച' എന്ന വാക്കിന്റെ തത്തുല്യമായ ഗ്രീക്ക് പദം 'skandalon' ('scandal)' എന്നാണ്. ഇതിനു 'ആക്ഷേപം', 'ദൂഷണം', 'അപകീർത്തി', 'മാനഹാനി', 'അപവാദം', 'ബഹുജനധാർമികരോഷമുണർത്തുന്ന പ്രവൃത്തി','വിവാദം' എന്നൊക്കെ അർത്ഥം കല്പിക്കാവുന്നതാണ്. ക്രൂശ് ആർക്കൊക്കെ 'ഇടർച്ച' ഉണ്ടാക്കുന്നുവെന്നതിന്റെ ഉത്തരം കണ്ടെത്തേണ്ടത് യേശു ക്രൂശിക്കപ്പെടാനുള്ള കാരണങ്ങളിലും, ക്രൂശ് ഉയർത്തുന്ന ചോദ്യങ്ങളിലുമാണ്.

യേശുവിന്റെ ക്രൂശിൽ വെളിപ്പെടുന്നത് വംശീയതയിൽ അധിഷ്ഠിതമല്ലാത്തതും, വംശാവലിയുടെ രക്തനിയമങ്ങളെ നിരാകരിക്കുന്നതുമായ ദൈവികതയാണ്. 'വംശബോധം' സൃഷ്ടിച്ച ദൈവികതയെ യേശു ക്രൂശിൽ അപനിർമ്മിച്ചു. സ്വന്തം വംശത്തിന്റെയും കുലത്തിന്റെയും 'മഹിമ'യെ സാധൂകരിക്കാൻ ദൈവത്തെ ഉപയോഗിച്ചു ശീലിച്ചവർക്ക് ക്രൂശ് 'ദൈവദൂഷണമാകും'. ക്രൂശ് ഉയർത്തുന്ന ചോദ്യങ്ങളും, അത് അനാവരണം ചെയ്യുന്ന വിരോധാഭാസങ്ങളും (paradoxes) ചിലർക്ക് അപവാദമാകാം. Not just the events of the cross, but the very questions that it evokes are also equally, if not more, 'scanadalous'. പക്ഷെ, 'ഇടർച്ച'കൾ മാറ്റിവെച്ചാൽ യേശുവിന്റെ ക്രൂശും ഗാഗുൽത്തായിലെ കള്ളന്മാരുടെ ക്രൂശും തമ്മിൽ പിന്നെ എന്താണ് വ്യത്യാസം? Vítor Westhelle അഭിപ്രായപ്പെടുന്നു: "The scandal of the cross can only be maintained if its also remains as a scandal, like a thron, to our statutes of reason, no matter what the canonic or confessional form they take".

ക്രൂശിന്റെ തുടർച്ച അതിന്റെ 'ഇടർച്ചകളുടെ' വീണ്ടെടുപ്പിലാണ്. തന്നെ കൊല്ലാനുമാത്രം എന്ത് പ്രകോപനമാണ് യേശു യഹൂദ മതനേതൃത്വത്തിന് ഉണ്ടാക്കിയത്. യേശുവിന്റെ സൗഹൃദാഘോഷങ്ങളെയും ഉപദേശങ്ങളെയും പരീശന്മാരും ശാസ്ത്രിമാരും നേരിട്ടത് രൂക്ഷമായ ആരോപണങ്ങൾ ഉന്നയിച്ചും അപവാദങ്ങൾ പ്രചരിപ്പിച്ചുമാണ്. അവർ പറഞ്ഞത് പ്രധാനമായും മൂന്ന് ഗുരുതരമായ ആരോപണങ്ങളാണ് (a) യേശു ദൈവദൂഷണം പറയുന്നു (മർക്കോ 2:1-12; യോഹ 10:30-33; മർക്കോ 14:64), ( b) 'പാപികളുടെയും ചുങ്കക്കാരുടെയും സ്നേഹിതൻ' ( മത്താ 11:19), (c) 'തിന്നിയും കുടിയനുമായ മനുഷ്യൻ' (മർക്കോ 2:17; ലൂക്കോ 7:34). റോമാക്കാർ രാജ്യദ്രോഹവും (ലൂക്കോ 23:2 ) യഹൂദർ മതദ്രോഹവും യേശുവിൽ ആരോപിച്ചു. രണ്ടും മരണകരമായ കുറ്റമാണ്. യേശുവിന്റെ മതം സഖിത്വവും സഹവർത്തിത്വവുമാണ്. കുലബോധത്തിന്റെയും രക്തശുദ്ധിയുടെയും അതിരുകളെ നിഷേധിച്ചതാണ് യേശുവിനെ റോമക്കാരുടെയും യെഹൂദന്മാരുടെയും ശത്രുക്കളാക്കിയത്. അതിരുകളുടെ ഗുണഭോക്താക്കൾ യേശുവിന്റെ അരുതുകളെ കൊന്നു.

ഫാ. സ്റ്റാൻ സ്വാമിയെ ജയിലിലടച്ചു കൊന്നതും 'ക്രൂശിന്റെ സുവിശേഷം' ഇടർച്ചയുണ്ടാക്കിയവരാണ്. നാം പ്രസംഗിക്കുന്ന 'ക്രൂശിന്റെ സുവിശേഷം' ആർക്കാണ് ഇടർച്ചയുണ്ടാക്കുന്നതു: യേശുവിനോ, അതോ യേശുവിനെ ക്രൂശിച്ചവർക്കോ?

**NEW VISION FOR A CHANGING WORLD**

**APRIL 2022**

**Annual Subscription Rs.250.00** **Per Copy Rs.20**

**Postal Registration No. KL/PTA/92/2022-24**
**Licensed to post without prepayment**
**KL/PTA/WPP/252/2022-24**

**Registered with the Registrar of Newspapers for India, under**

**No.KER BIL/2000/01543** **Published on 28.3.2022**






ക്രിസ്തു ഉയിർത്തെഴുന്നേറ്റു
അവൻ സത്യമായും ഉയിർത്തെഴുന്നേറ്റു
ശാശ്വത സമാധാനത്തിന്റെ മഹാപ്രഖ്യാപനത്തിന്റെ പൊൻപുലരി.
ഈസ്റ്റർ!. ഇത് നമ്മുടെ ജീവിതങ്ങൾക്ക് ഒരു പ്രഭാതമായിത്തീരണം.

എങ്ങനെയെന്നോ? നാം ഒരു resurected mind സ്വീകരിക്കണം. ഇതുവരെയുള്ള നമ്മുടെ വിചാരലോകങ്ങളെ പുതുവെളിച്ചത്തിൽ സ്നാനപ്പെടുത്തുന്ന ക്രിസ്തുമനസ്സുള്ളവരായി നാം പരിണമിക്കണം. പൗലോസ് ശ്ലീഹാ പറയുന്നപോലൊരു ക്രിസ്തു മനസ്സ്.

ശരിക്കും ഉത്ഥിതന്റെ മനസ്സറിയാൻ തന്റെ ഉത്ഥാനപ്പിറ്റേന്ന് മുതൽ സ്വർഗ്ഗാരോഹണത്തിന്റെ നാല്പത് നാളുകളിലെ ഇടങ്ങൾ ധ്യാനിച്ചാൽ മതിയാകും. ഭയചകിതരായി വാതിൽ അടച്ചിരുന്ന ശിഷ്യന്മാർക്ക് നടുവിലേക്കാണ് ആദ്യം അവൻ സമാധാനാശംസയുമായി വന്നു ചേരുക. അടയ്ക്കപ്പെട്ട ഹൃദയങ്ങളിൽ സമാധാനത്തിന്റെ വാതിൽ തുറക്കുന്നവനാണ് ക്രിസ്തു. നമ്മുടെ വങ്കത്തരങ്ങൾ കൊണ്ടും അകാരണ ഭീതികൾ കൊണ്ടും നാം അടച്ചു പൂട്ടിയ ഹൃദയങ്ങളിലേക്കാണ് ഉത്ഥിതൻ കയറിവരേണ്ടത്. രണ്ടാമത്, അവൻ കടല്ക്കരയിലെത്തുന്നു. വീണ്ടും മീൻപിടിക്കാൻ പോയി നിരാശരായി തന്റെ പഴയ സഖാക്കളോട് നടത്തുന്ന സംഭാഷണം അവിടെയുണ്ട്. Do you have something fresh എന്ന ചോദ്യത്തോടെയാണ് അവൻ തടങ്ങുക. പഴയതൊന്നും അവൻ കണക്കിടുന്നതേയില്ല. ഇപ്പോൾ നിങ്ങളുടെ മനസ്സ് എന്താണ്? നിങ്ങൾ പഴയ പണിക്ക് മടങ്ങിയതൊന്നും എന്റെ വിഷയമല്ല; ഇപ്പോൾ വരാൻ തയ്യാറുണ്ടോ? ഈ നിമിഷം നിന്റെ മനസ്സെന്താണ് എന്നും ഈ ചോദ്യത്തെ വ്യാഖ്യാനിച്ചവരുണ്ട്. ഒരു കാര്യം കൂടെ അവരോട് പറയുന്നു. ആഴത്തിൽ വലതു വശത്ത് വലയിറക്കണം. ആശാരി മുക്കുവന്മാരെയാണ് മീൻപിടുത്തം പഠിപ്പിക്കുന്നതെന്നോർക്കണം. beyond logic ആണ് ഇവിടെ കാര്യങ്ങൾ യുക്തിക്കതീതമായി നീ എന്നെ അനുസരിക്കാൻ തയ്യാറുണ്ടോ എന്നാണ് വിഷയം. ഇനി മൂന്നാമത്തെ ഇടം ശീമോനുമായുള്ള സംഭാഷണമാണ്. നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് മൂന്നാം വട്ടവും ചോദിക്കുമ്പോൾ ശീമോൻ പൊട്ടിക്കരയുന്നു. തള്ളിപ്പറഞ്ഞതും അകലം വിട്ടു നടന്നതും ഒന്നുമവൻ ചോദിച്ചില്ല. ഒരു മുൻവിധിയും കൂടാതെ സ്നേഹിതനെ ഹൃദയത്തോട് ചേർത്തുപിടിക്കുന്നതാണ് ഉത്ഥിതന്റെ മനസ്സ്. നാലാമത്തെ സന്ദർഭം എമ്മവൂസിലേക്ക് പോയ ശിഷ്യന്മാരോടൊപ്പമുള്ള യാത്രയാണ്. കൂടെ നടന്ന് തിരുവെഴുത്തിന്റെ പൊരുൾ പറഞ്ഞ് നൽകിയിട്ടും അവർ ഗ്രഹിച്ചില്ല. ഒടുവിൽ അപ്പം നുറുക്കി നൽകവേ അവരുടെ കണ്ണുതുറന്നു. അസാധാരണ ക്ഷമയോടെ ഒപ്പമിരുന്ന് കണ്ണുതെളിച്ചെടുക്കുന്നതാണ് സഖേ ക്രിസ്തു മനസ്സ്.

സത്യമായും ഇങ്ങനെ കുറെ സാധ്യതകളുടെ പേരാണ് സഖേ ക്രിസ്തു മനസ്സ്. A Resurected mind.

**സഖേർ**

---

Printed, published and owned by Prof.Dr.Mathew Koshy Punnackadu on behalf of
Navadarshan Trust and printed at Evangel Press, Ramanchira, MCRoad, Thiruvalla, Pathanamthitta District.
Published at Punnackadu, 689652 (Pathanamthitta District).
Editor. Prof.Dr.Mathew Koshy Punnackadu